UNIVERSITY LIBRARY
19 SEP 1928
MADRAS

# ഗുരുനാഥൻ

പുസ്തകം 7 } 1103 കൎക്കിടകം { ലക്കം 12

## ഇൻഡ്യൻ വിദ്യാഭ്യാസത്തിൽ ഭാഷയുടെ സ്ഥാനം

ഇൻഡ്യയിലെ വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കാൻ വൈകി എന്നു് ഏവരും മുറവിളികൂട്ടുന്ന കാലമാണിതു്. പരിഷ്കരിക്കുമ്പോൾ വിദ്യാഭ്യാസത്തിൽ ഭാഷയുടെ സ്ഥാനമെന്തെന്നാണു് കാൎയ്യമായി ആലോചിച്ചുകാണുന്നതു്. ഇതു ഒരുവിധം സ്വാഭാവികവുമാണു്. പത്തൊമ്പതാം നൂററാണ്ടിൽ ഈസ്റ്റിൻഡ്യാക്കമ്പനി ഇൻഡ്യയിൽ വിദ്യാഭ്യാസം വ്യാപിപ്പിക്കാനാരംഭിച്ചപ്പോൾ ഈ വിഷയത്തെപ്പററി ആലോചിച്ചു. മക്കാളിപ്രഭു അദ്ദേഹത്തിനാൽ കഴിയുന്ന ദീൎഘാലോചനയോടുകൂടി ഒരു തീരുമാനവും ചെയ്തു. മക്കാളി ഇംഗ്ലാണ്ടിലെ ഒരു ഉല്പതിഷ്ണുവായിരുന്നു. ലോകത്തിൽ പാർലിമെൻറുഭരണമാണു് ഭാവിയിൽ പ്രബലപ്പെട്ടുവരാൻ പോകുന്നതു്. ഇൻഡ്യയെപ്പററി അദ്ദേഹത്തിൻെറ അറിവിൽ രാജാക്കന്മാരുടെ സ്വേച്ഛാഭരണമായിരുന്നു നടപ്പു്. അതുകൊണ്ടു് ഇൻഡ്യൻ സാഹിത്യവും രാജാക്കന്മാരുടെ മാഹാത്മ്യം പുകഴ്ത്തുന്നതാണു്. ഈ സാഹിത്യം ജനങ്ങളെ ഭരിക്കുന്നിടത്തോളംകാലം ഇവരിൽ ജനപ്രതിനിധിഭരണത്തിനു് മോഹം ഉണ്ടാകാൻ തരമില്ല. ഇംഗ്ലീഷിലും ഗ്രീക്കിലും മററുമുള്ള സ്വാതന്ത്ര്യഭരണാശയങ്ങൾ ഇൻഡ്യൻഭാഷയിൽ തൎജ്ജിമചെയ്യുകയും സാദ്ധ്യമല്ല; അതിനുള്ള ആളുകളുമില്ല. ഇൻഡ്യൻഭാഷകളിൽ ഏതിനെങ്കിലും ഈ വീൎയ്യത്തെ വഹിക്കാൻ കെല്പുണ്ടോ എന്നും അദ്ദേഹം അറിഞ്ഞിരുന്നില്ല. അദ്ദേഹത്തിൻെറ ഉല്പതിഷ്ണുത്വത്തിൻെറ തള്ളിച്ചകൊണ്ടു് ഈ അറിവുകൂടി സമ്പാദിച്ചുവേണം ഈ മഹാരാജാക്കന്മാരുടെ വിദ്യാഭ്യാസസമ്പ്രദായം തീരുമാനിക്കാൻ എന്നു കരുതാൻ അദ്ദേഹത്തിനു ക്ഷമയുണ്ടായില്ല. പലവിഷയങ്ങളിലും അതിബുദ്ധി കാണിച്ചിരുന്ന ഇൻഡ്യൻജനതയ്ക്കു് ഒരു പോരായ്മയുണ്ടെങ്കിൽ അതു ഭൌതികകാൎയ്യാനാസ്ഥയാണെന്നു് അദ്ദേഹം തീരുമാനിച്ചു. ഇൻഡ്യരുടെ തത്വജ്ഞാനവും ആത്മാവിനെപററിയുള്ള ചിന്തയും വൈരാഗ്യാസക്തിയും കുറച്ചു്, നാം ജീവിക്കുന്നതു് ഈ ലോകത്തിലാണെന്നും ജീവിതം ഒരു മത്സരമാണെന്നും ആ മത്സരത്തിൽ ജയം നേടാൻ ജനഭരണം വേണമെന്നും ജനഭരണ

ത്തിന്റെ ഉത്തമമാതൃക, ഇംഗ്ലണ്ടിലാണ് കാണുന്നതെന്നും താൻ നല്ല വണ്ണം പഠിച്ചു അറിഞ്ഞിട്ടുള്ള ഇംഗ്ലീഷ് സാഹിത്യം ലോകത്തിലെ ഇതര സാഹിത്യങ്ങളെ ഈ വിഷയത്തിൽ അതിശയിക്കുന്നതാണെന്നും ഇംഗ്ലീഷു ഭാഷയും സാഹിത്യവും പഠിച്ച ഒരാളോ ഒരു രാജ്യക്കാരോ ജനഭരണം മോഹിക്കാതിരിക്കയില്ലെന്നും അതിനാൽ ഇൻഡ്യയിലെ വിദ്യാഭ്യാസം ഇംഗ്ലീഷുഭാഷമൂലം വേണമെന്നും അദ്ദേഹം തീരുമാനിച്ചു. ഇംഗ്ലീഷുഭാഷയും, സാഹിത്യവും, ചരിത്രവും, പാശ്ചാത്യശാസ്ത്രവും, തത്വജ്ഞാനവും ഇൻഡ്യാക്കാർ പഠിച്ചാൽ അവർ ജനഭരണം മോഹിക്കും; അവരെക്കൂടാതെ ഇംഗ്ലീഷുകാർക്ക് ഇൻഡ്യ ഭരിക്കാൻ സാധിക്കയുമില്ലല്ലൊ. അങ്ങിനെ തങ്ങളുടെ കാൎയ്യം തങ്ങൾ നോക്കിക്കൊള്ളാം എന്നു പറയുന്ന ഒരു കാലം വരുമെന്നും അന്നാണ് ഇംഗ്ലണ്ടിനു സ്വധൎമ്മനിൎവ്വഹണത്തിൽനിന്നുണ്ടാകുന്ന സംതൃപ്തി അടഞ്ഞു് ഈ മഹാരാജ്യത്തെ നവീകരിച്ചു് ഇൻഡ്യക്കാരെ ഏൽപ്പിച്ചു ഇംഗ്ലണ്ടിലേക്കു പോകാൻ സംഗതിവരുന്നതു് എന്നും ദീൎഘദൎശിയായ മക്കാളിപ്രഭു തീരുമാനിച്ചു.

ഈ നിശ്ചയം ദോഷഫലത്തെയൊ ഗുണഫലത്തേയൊ അധികം ഉണ്ടാക്കിയതു് എന്നു പലരും ബലമായി വാദിക്കുന്നുണ്ടു്. മക്കാളിയുടെ കാരണങ്ങൾ സുസമ്മതങ്ങളായില്ലെങ്കിലും അദ്ദേഹത്തിന്റെ മോഹം—അല്ല, അദ്ദേഹം കണ്ട സ്വപ്നം—സാധിതപ്രായമായി എന്നു സമ്മതിച്ചേ തീരു. ഒരു ഇൻഡ്യൻഭാഷയിലായിരുന്നു ഇക്കഴിഞ്ഞ 150 വൎഷങ്ങളും ഇൻഡ്യക്കാർ ലോകചരിത്രവും ശാസ്ത്രവും പഠിച്ചിരുന്നതെങ്കിൽ ഇന്നത്തേക്കാൾ എത്രയോ ഉന്നതപദവിയിലെത്തുമായിരുന്നു എന്നു് വിശ്വസിക്കാനും കാരണമുണ്ടു്. എന്നാൽ ഇൻഡ്യൻഭാഷയിലായിരുന്നു വിദ്യാഭ്യാസമെങ്കിൽ ഇൻഡ്യൻശാസ്ത്രവും തത്വജ്ഞാനവും ഇൻഡ്യയെ ഇന്നത്തേക്കാൾ അധികം കീഴടക്കി അവൎക്കു് പരലോകസൗഖ്യം നേടാനല്ലാ വാസനയുണ്ടാകുമായിരുന്നതു് എന്നും അതിനാൽ ഇൻഡ്യയിൽ സംഭവിച്ച പൗരസ്ത്യപാശ്ചാത്യനാഗരികതാസമ്മേളനം ആകപ്പാടെ ഗുണപ്രദമായിട്ടു മാണെന്നും വിചാരിക്കുന്നവരുമുണ്ടു്.

ഏതായാലും മക്കാളി കണ്ട രോഗം അദ്ദേഹത്തിന്റെ കഷായം സേവിച്ചു് ഒരുവിധം മാറി. ഇനി കഷായം നിറുത്തി ഇതുപോലെ രോഗം മേലിൽ വരാതെയിരിക്കാൻ സ്വല്പം ഇതും, ചണ്ടു ശീലിച്ച ഭക്ഷണാദികളും കഴിക്കയാണു് ഇൻഡ്യയുടെ ആരോഗ്യത്തിനും ബലത്തിനും പററിയതു് എന്നാണു് ഇന്നത്തെ രാഷ്ട്രീയഭരണഭിഷഗ്വരന്മാരുടെ തീരുമാനം.

ലോകത്തിന്റെ ഇന്നത്തെ നില നോക്കിയാൽ ഒരു ഭൂഭാഗത്തിനും ഇതരഭൂഭാഗങ്ങളെ അവഗണിച്ചു തനിയെ നിൽക്കാൻ സാദ്ധ്യമല്ല. ദൂരം എന്ന ഒന്നില്ലാതാകുന്നു. മനുഷ്യർ പ്രത്യേകരാജ്യക്കാരല്ലാതാകുന്നു. വിശ്വപരപൗരത്വം വിദൂരസാദ്ധ്യമായ ആദൎശമല്ലാതെ സാദ്ധ്യമായ ഒരാ

ദർശമാകുന്നു. നമുക്കു കൊള്ളുകയും കൊടുക്കുകയും ചെയ്യേണ്ടതു് ഇൻഡ്യയിൽതന്നെ അന്യോന്യമല്ല, ഇംഗ്ലണ്ടുമായിട്ടു മാത്രമല്ല, ലോകമാസകലമായിട്ടു വേണ്ടിവന്നിരിക്കുന്നു. നമ്മുടെ നാട്ടിലെ സാമാനങ്ങൾക്കു നല്ല വില എവിടെ കിട്ടുമോ അവിടെ കൊണ്ടുപോയി വിൽക്കണം. നമുക്കാവശ്യമുള്ള സാധനം ഭൂമിയിൽ എവിടെയെല്ലാം ലാഭത്തിനു കിട്ടുമോ അവിടന്നു വാങ്ങണം. ഇതു സാധിക്കണമെങ്കിൽ ലോകത്തിൽ എങ്ങും നടക്കുന്ന ഭാഷകളും നാണയവിലയും നാം അറിഞ്ഞിരിക്കണം. ഇതു് അത്ര ക്ഷിപ്രസാദ്ധ്യമായ ഒരാദർശമല്ലായിരിക്കാം. എങ്കിലും ലോകത്തിലെ പ്രധാനരാജ്യങ്ങളുമായി ഇടപെടാതെ നിവൃത്തിയില്ല. അവയിലെ ഭാഷയും നമുക്കു പഠിച്ചേ തീരൂ. എങ്കിലും നമ്മുടെ ഭാഷയിലല്ലാതെ സാഹിത്യശാസ്ത്രാദികൾ പഠിച്ചാൽ അവയെ പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുകയില്ല. അഥവാ അപൂർണ്ണമായിട്ടെങ്കിലും ഗ്രഹിക്കണമെങ്കിൽ ക്ഷന്തവ്യമല്ലാത്തതായ അധികസമയവ്യയം ചെയ്യണം. ഇൻഡ്യയിലാണെങ്കിൽ നൂറിലധികം ഭാഷകളുണ്ടു്. നമ്മുടെ ചിന്താതോതു കുറഞ്ഞപക്ഷം ഇൻഡ്യ മുഴുവനുമാണു്. ഇൻഡ്യയിൽ എവിടേയും അറിയുന്ന ഒരു ഭാഷ പഠിക്കാതെ സാധിക്കയില്ല. അതിനാൽ താഴെ വിവരിക്കുന്ന ഒരു പദ്ധതി നിർണ്ണയിക്കാം.

ഇൻഡ്യൻസ്വരാജ്യം സാദ്ധ്യമാകുമ്പോൾ അതാതു ദിക്കിൽ പ്രചാരത്തിലിരിക്കുന്ന ഭാഷകളെ കണക്കാക്കിയായിരിക്കും ഇൻഡ്യയെ പ്രദേശവിഭജനം ചെയ്യുന്നതു്. അങ്ങിനെയുള്ള പ്രദേശഭരണങ്ങളെ നിയന്ത്രിക്കാനായി ഇവയിലെ പ്രതിനിധികൾ ചേർന്നു് ഒരു കേന്ദ്രഭരണസ്ഥാപനവും ഉണ്ടാകും. ഇപ്രകാരം ഒരു പ്രാദേശികസമ്മേളനഭരണമുണ്ടാകാനാണിട. ഈ തത്വം മുൻനിറുത്തി പ്രവർത്തിക്കയാണെങ്കിൽ നാം എന്തു ചെയ്യണം?

ഒന്നാമതു വിദ്യാഭ്യാസം ഒരു പ്രാദേശികഭാഷയിൽതന്നെ നൽകണം. ഇന്നത്തെ എലിമെന്ററി, സെക്കൻററി ഇവയെങ്കിലും പ്രാദേശികഭാഷകൾവഴിയായി നടത്തണം. ഇൻഡ്യയെ ആകപ്പാടെ പ്രതിനിധീകരിക്കുന്ന ഒരു ഇൻഡ്യാഭാഷയും നിർബ്ബന്ധമായി അറിയണം. ഉൽകൃഷ്ടവിദ്യാഭ്യാസം അതിൽതന്നെയാകണം. ഇതു പഠിക്കാൻ ഇന്നു് ഇംഗ്ലീഷുഭാഷ പഠിക്കാൻ നാം ചിലവാക്കുന്ന കാലത്തിൽ ശതാംശം ആവശ്യമുണ്ടാകയില്ല.

വിഷയങ്ങൾ ഒക്കെയും മാതൃഭാഷയിൽ പഠിക്കുക എന്നു വന്നാൽ തന്നെ ഇന്നത്തേക്കാൾ വളരെ സമയം ഭാഷാപഠനത്തിനു ലഭിക്കും. ഇംഗ്ലണ്ടിൽ ഇംഗ്ലീഷിനുപുറമെ ലാററിൻ, ഫ്രഞ്ചു്, ജർമ്മൻ ഇത്രയും ഭാഷകൂടി ധാരാളം കുട്ടികൾ പഠിക്കുന്നുണ്ടു്. ഈനിലയ്ക്കു് രണ്ടോ മൂന്നോ ഭാഷകൾ പഠിക്കാൻ ഇൻഡ്യക്കും പ്രയാസമുണ്ടാകയില്ല. പോരെങ്കിൽ ഇൻഡ്യ

ളായ നമ്മൾക്കു ഭാഷാപഠനത്തിനു പ്രത്യേകം ഒരു വാസന ഉണ്ടെന്നുകൂടി ഓർക്കുമ്പോൾ ചില ഭാഷകൾ പഠിക്കേണ്ട കാൎയ്യത്തിൽ നാം ഒട്ടും പിന്നോക്കമാകയില്ല.

പ്രാദേശികഭാഷയും ഇൻഡ്യൻഭാഷയും പഠിക്കണമെന്നു പറഞ്ഞുവല്ലോ. ഇൻഡ്യൻഭാഷ ഹിന്ദിയാവുകയാണുത്തമം. ഇതു് ഇൻഡ്യയിൽ അധികപക്ഷം ആളുകളും സംസാരിക്കുന്ന ഒന്നാണു്. ഇതിനും ഉറുദുവിനും തമ്മിൽ വലിയ വ്യത്യാസമില്ല. അതുകൊണ്ടു ഹിന്ദി ഇൻഡ്യൻഭാഷയായി സ്വീകരിക്കുന്നതിൽ മഹമ്മദന്മാൎക്കും വൈമനസ്യമുണ്ടാകയില്ല.

ഇവ കൂടാതെ ചില വിദേശഭാഷകൾകൂടി ലോകത്തിന്റെ നാനാഭാഗങ്ങളോടു് ഇടപെടേണ്ട നാം പഠിച്ചേ തീരൂ. ഇവയെ യഥാക്രമത്തിൽ പറകയാണെങ്കിൽ ഇംഗ്ലീഷ്, ഫ്രഞ്ച്, ജൎമ്മൻ, റഷ്യൻ, ജപ്പാനീസ്, ചൈനീസ് ഈ ഭാഷകളത്രെ. ഇവയിൽ നാലെണ്ണത്തിലെങ്കിലും പറയത്തക്ക ഒരു ജ്ഞാനം സമ്പാദിക്കണം. എന്നുവെച്ചാൽ മനസ്സുള്ളവൎക്കു് അവയിലെ സാഹിത്യം ശ്രമിച്ചാൽ വായിച്ചുപഠിക്കാൻ പൎയ്യാപ്തമായ ഒരു ജ്ഞാനം സമ്പാദിക്കണം എന്നു സാരം.

സംസ്കൃതം, അറബി, പെർഷ്യൻ, ലത്തീൻ, ഗ്രീക്ക് ഇവയെല്ലാം ഐഛികമായി വിട്ടാൽ മതി. ഇവയിലാണു സ്വൎഗ്ഗത്തിന്റെ താക്കോൽ എന്നുവെച്ചു് വ്യാമോഹിച്ചു് ഇന്നത്തെ ആവശ്യം വിഗണിച്ചു് അവയ്ക്കായി ജനസാമാന്യം സമയംകളയരുതു്. അവയിലെ സാഹിത്യം ഇൻഡ്യൻഭാഷയിലോ പ്രാദേശികഭാഷയിലോ (യൂറോപ്യൻഭാഷകളിലെ സാഹിത്യങ്ങൾപോലെ) തൎജ്ജിമചെയ്തു് അതു വായിച്ചു ജനസാമാന്യം തൃപ്തിപ്പെടണം.

എന്നാൽ ഈ പരിഷ്കാരങ്ങൾ സാദ്ധ്യമാകണമെങ്കിൽ ഒന്നാമതായി വേണ്ടതു വിദ്യാഭ്യാസത്തെ പരീക്ഷാബന്ധത്തിൽനിന്നും വേർപെടുത്തുകയാകുന്നു. രാജസേവൻ രാജത്വം നടത്തുംപോലെയോ തായിമരത്തെ ഇത്തിൾമൂടുന്നതുപോലെയോ ആണു പരീക്ഷ വിദ്യാഭ്യാസത്തെ അപ്രധാനമാക്കി ചെയ്യുന്നതു്. ഇന്നത്തെ സ്കൂളുകളിലൊ കാളേജുകളിലൊ സൎവ്വകലാശാലകളിലൊ പരീക്ഷയല്ലേ പ്രധാനം? ഏതുകുട്ടിയോടു ചോദിച്ചാലും പരീക്ഷയിൽ ജയിക്കാൻ വേണ്ടതു മാത്രം കിട്ടിയാൽ മതി എന്നേ പറയാറുള്ളു. അദ്ധ്യാപകന്മാരും തങ്ങളുടെ കുട്ടികൾ പരീക്ഷയിൽ ജയിക്കണമെന്നല്ലാതെ ഒന്നും വിചാരിക്കുന്നുണ്ടെന്നു തോന്നുന്നില്ല. ഇൻഡ്യയിൽ ആകപ്പാടെ പഠിപ്പിക്കുന്നതിലധികം 'കോച്ചിംഗ്' എന്നുവെച്ചാൽ പരീക്ഷയ്ക്കു ജയിപ്പിക്കലാണു് നടക്കുന്നതു്. അതിനാൽ അധികൃതന്മാർ ഒന്നാമതായി ചെയ്യേണ്ടതു പരീക്ഷയാകുന്ന രാജസേവനേയോ ഇത്തിളിനെയൊ അതു് ഇന്നു പ്രാപിച്ചിരിക്കുന്ന അനൎഹസ്ഥാനത്തിൽനിന്നും വലിച്ചിറക്കി അതിന്റെ സ്വസ്ഥാനമായ ഭൃത്യനിലയിലാ

ക്കുകയാണു്. പരീക്ഷ എന്നതു് അദ്ധ്യാപകനു താൻ പഠിപ്പിച്ചതു വിദ്യാർത്ഥി ഗ്രഹിച്ചോ എന്നറിയാനുള്ള അനവധി ഉപാധികളിൽ ഒന്നു മാത്രമാകുന്നു. കുട്ടിയുടെ യോഗ്യത അറിയാൻ പരീക്ഷയേക്കാൾ എത്രയോ ശരിയായ മാനദണ്ഡം കുട്ടിയെ നല്ലപോലെ അറിയുന്ന അദ്ധ്യാപകന്റെ മനസ്സിൽ ഉദിക്കുന്ന അഭിപ്രായമാണു്.

അധികൃതന്മാർ ഉടനെതന്നെ "പരീക്ഷാവിജയം യാതൊരു ഉദ്യോഗത്തിനും തക്കതായ യോഗ്യതയാകുന്നതല്ല" എന്നു് അത്യുച്ചത്തിൽ പ്രഖ്യാപനം ചെയ്യണം. വിദ്യാലയങ്ങളിലെ പരീക്ഷയും ഉദ്യോഗാദികളും തങ്ങളിൽ പുലവാലായ്മയില്ലെന്നും വിദൂരമായ ബന്ധുത്വംകൂടി ഇല്ലെന്നും പൊതുജനങ്ങളെ ധരിപ്പിക്കണം. ഉദ്യോഗാദികൾക്കു മത്സരപരീക്ഷകൾ വേറെ ഏർപ്പാടുചെയ്യണം. ആവക പരീക്ഷകളിൽ ചേരാൻ വിദ്യാലയപരീക്ഷ ഒരു യോഗ്യതയായി കരുതുകകൂടി ചെയ്യരുതു്. വിദ്യാലയങ്ങളിൽ ജ്ഞാനസമ്പാദനമല്ലാതെ വേറെ യാതൊന്നുമില്ല. അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളുംകൂടി പ്രകൃതിരഹസ്യങ്ങളെ വെളിപ്പെടുത്താൻ നോക്കുക മാത്രമാണു് അവിടെ ചെയ്യുന്നതു്. ഇതിലധികം അവിടെ ഒന്നും ചെയ്യാൻ മോഹിക്കയോ ശ്രമിക്കയോ ചെയ്യരുതു്.

ഈ നില സാധിച്ചാൽ ആദ്യം വിവരിച്ച ഭാഷാജ്ഞാനം സമ്പാദിക്കാനും ശാസ്ത്രങ്ങളും കലകളും അവനവന്റെ വാസനയും ബുദ്ധിശക്തിയും അനുസരിച്ചു പഠിക്കാനും സാദ്ധ്യമാകും. വിദ്യാലയങ്ങളിലെ അന്തരീക്ഷം പ്രശാന്തമാകും. പരീക്ഷാവിജയം ന്യായമായോ അന്യായമായോ വിലയ്ക്കു വില്ക്കാൻ മോഹിക്കുന്ന അദ്ധ്യാപകന്മാരോ, വിലയ്ക്കു വാങ്ങാൻ കൊതിക്കുന്ന അദ്ധ്യേതാക്കളോ വിദ്യാലയക്ഷേത്രത്തെ അശുദ്ധപ്പെടുത്തുകയില്ല.

പരീക്ഷകൊണ്ടു് ഉദ്യോഗം കിട്ടുകയില്ല എന്നു ജനങ്ങൾ അറിയുന്നില്ലേ എന്നു ചോദിക്കുമായിരിക്കും: അറിയുന്നുണ്ടു്. പക്ഷെ വിദ്യാഭ്യാസം ദുഷിപ്പിച്ചതിനും, തൊഴിലില്ലായ്മയും അതിന്റെ ദുസ്സന്തതികളും ഉണ്ടാക്കിയതിനും ലക്ഷോപലക്ഷം യുവജനങ്ങൾക്കു് ജ്ഞാനസമ്പാദത്തിനോടു് ഒരു വെറുപ്പുതോന്നിയതിനുശേഷവും മാത്രം അവരറിയും; അതു മതിയോ?

എല്ലാ ഡിപ്പാർട്ടുമെന്റിലും വേണ്ടതുപോലെയോ അതിലധികമായോ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലും ഒരു പര്യവേക്ഷണവകുപ്പു് ആവശ്യമാണു്. ഇന്നത്തെ ട്രെയിനിംഗ് കാളേജ് കുറെക്കൂടി പരിഷ്കരിച്ചാൽ അതു് ഈക്കാര്യം സാധിക്കാൻ മതിയാകും.

ഇന്നത്തെ നമ്മുടെ കഥയെന്താണു്? ഏതെങ്കിലും ഒരു പുതിയ പദ്ധതി തുടങ്ങിയാൽ അദ്ധ്യാപകന്മാർ അതിൽ വിശ്വസിക്കാതെ അതിനെ പുച്ഛിച്ചു പരീക്ഷിച്ചു എന്നു വരുത്തി 'നിഷ്പ്രയോജനം' എന്നു വിധിയും കല്പിക്കും. ഇതു കഷ്ടമല്ലേ? 'ഡയറക്റ്റുമെത്തേഡ്' നേച്ചർ സ്റ്റഡി

ഡാൾട്ടൻപ്ലാൻ, കിണ്ടർഗാർട്ടൻ, മാണ്ടിസോറി, മാതൃഭാഷയിലെ ഉൽകൃഷ്ടപഠനം ഇവയൊക്കെ ഇതിനു ദൃഷ്ടാന്തങ്ങളാണ്. ഇവയെ പരീക്ഷിച്ചുനോക്കുമ്പോൾ നമ്മുടെ നാട്ടിലും അദ്ധ്യാപകനും കുട്ടികൾക്കും യോജിക്കത്തക്കവണ്ണം ചില മാററങ്ങൾ അദ്ധ്യാപകൻെറ പ്രതിഭ ഉപയോഗിച്ചു വരുത്തേണ്ടതുണ്ടാവും. അതിനു ക്ഷമയില്ലാതെയാണ് ഇവയെ നല്ലപോലെ പരീക്ഷിച്ചുനോക്കാതെ ഹസിച്ചു ഉപേക്ഷിക്കുന്നതു്.

ഈ നിലയ്ക്ക് ആരെയും കുററം പറയാനില്ല. നിരക്ഷരകുക്ഷിയായ ഒരു രാജാവിനെ അതിബുദ്ധിമാന്മാരായ വിദ്വാന്മാർ തുച്ഛമായ സ്വകാര്യസാദ്ധ്യത്തിനായി സ്വപൌരുഷം കളഞ്ഞും സേവിക്കണമെന്നു വരുമ്പോൾ ഇവർ ഇവരുടെ പൊക്കം മുഴുവൻ കാണിക്കാൻ കഴിയാതെ തങ്ങളുടെ തല്ക്കാലയജമാനൻെറ മനസ്സിനു അനുരൂപമായ വൃത്തികൾ അനുചരിച്ചു തൃപ്തിപ്പെടുകയല്ലേ ചെയ്യുക. അതുകൊണ്ടു് ഇന്നത്തെ വിദ്യാഭ്യാസത്തെ കഴുത്തിൽ പിടിച്ചു ഞെക്കുന്ന ആ അമുക്ക (night mare) നായ പരീക്ഷയുടെ പിടിയിൽ നിന്നും വിദ്യാഭ്യാസത്തെ മോചിപ്പിച്ചാൽ മാത്രമേ മുൻവിവരിച്ചപോലെ ഭാഷാജ്ഞാനം സാദ്ധ്യമാകൂ.

തിരുവിതാംകൂർ വിദ്യാഭ്യാസവും പരിഷ്കരിക്കാൻ പോകുന്ന കാലമാണല്ലോ ഇതു്. ഈവക സംഗതികൾ പരിഷ്കാരക്കമ്മററിക്കാരുടെ ദൃഷ്ടിയിൽ പെടാതിരിക്കയില്ലെന്നു വിശ്വസിച്ചാശ്വസിക്കാം.

---

# അനന്തരസ്മരണകൾ.

---

## പറവൂർ.

(ആർ. ഈശ്വരപിള്ള ബി. ഏ.)

1075-ാമാണ്ടു മകരത്തിലാണ് ആലപ്പുഴനിന്നും ഈ ലേഖനകർത്താവിനെ പറവൂരേയ്ക്കു സ്ഥലം മാററിയതു്. അന്നു കൊല്ലം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന മിസ്റ്റർ സുന്ദരയ്യനെ എന്തോ കാരണവശാൽ സ്ഥലം മാറേറണ്ട ആവശ്യം നേരിട്ടു. ആലപ്പുഴയ്ക്കു മാററണമെന്നാണു ഗവമ്മേൻറിൽനിന്നും തീർച്ചയാക്കിയതു്. അതനുസരിച്ചു് ഈ ലേഖനകർത്താവിനു കൊല്ലത്തേയ്ക്കോ അല്ലാത്തപക്ഷം പറവൂരെയ്ക്കോ സ്ഥലം മാറുന്നതിനു സമ്മതമുണ്ടോ എന്നു് അന്നിരുന്ന വിദ്യാഭ്യാസസിക്രട്ടറി മിസ്റ്റർ അയ്യപ്പൻപിള്ള എഴുതി ചോദിക്കയും പറവൂരെയ്ക്കു പോകുന്നതു സമ്മതമുണ്ടെന്നു മറുപടി അയയ്ക്കുകയും ചെയ്തു. ഇങ്ങനെയാണു സ്ഥലംമാററം ഉണ്ടായതു്. 76 ഒടുക്കം ലേഖകനെ മിസ്റ്റർ സി. കൃഷ്ണപിള്ളയ്ക്കു പകരം കൊല്ലം റെയിഞ്ചു് ഇൻസ്പെക്ടരായി തല്ക്കാലത്തേക്കു നിയമിക്കയും അതിനെതുടർന്നു വടക്കൻ റെയിഞ്ചിലേക്കു 77 ചിങ്ങത്തിൽമൂന്നുമാസക്കാലത്തേ

യ്ക്കു നിയമിക്കയും ചെയ്കയുമുണ്ടായി. ഇതിന്നശേഷമാണ പറവൂ യ്ക്കുള്ള മാററം ഉണ്ടായതു്.

77 മകരം 3-ാംനു പറവൂർ എത്തി ലേഖകൻ ജോലിയിൽ പ്രവേശിച്ചു. പറവൂർ, ലേഖകനു കേവലം ഒരു പുതിയ സ്ഥലമല്ലായിരുന്നു. 1039-ാമാണ്ടു ലേഖകന്റെ മാതുലൻ പറവൂരിൽ കുറച്ചുകാലത്തേക്കു തഹശീൽദാരായിരുന്നു. അക്കാലത്തു ലേഖകനും ജ്യേഷ്ഠസഹോദരനും മററും ഇവിടെ കൂടെ താമസിക്കയുണ്ടായിട്ടുണ്ടു്. അന്നു 'കാഞ്ഞംപറമ്പ'ത്താണ താമസിച്ചിരുന്നതു്. ഇവിടെവച്ചാണ ലേഖകന്റേയും മററും ഇംഗ്ലീഷു പഠിത്തം ആരംഭിച്ചതു്. അക്കാലത്തു് ഇംഗ്ലീഷു പരിചയമുള്ളവർ വളരെ ചുരുക്കമായിരുന്നു. കുറച്ചു് ഏതാണ്ടൊ അറിയാവുന്നതായ ഒരു പരദേശബ്രാഹ്മണൻ ഇവിടെ അന്നുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ കീഴിലായിരുന്നു ലേഖകനും ജ്യേഷ്ഠസഹോദരനും ഇംഗ്ലീഷുവിദ്യാഭ്യാസം ആരംഭിച്ചതു്. കോട്ടയം സി. എം. എസ്സ് വക ഒന്നാംപാഠപുസ്തകമാണ് ആദ്യം പഠിച്ചതു്. ചില ഒററവാക്കുകളും ചെറുവാചകങ്ങളും മാത്രമേ ഇവിടെ വച്ചു പഠിക്കുന്നതിന്നിടയായുള്ളു. അന്നു പരിചയപ്പെട്ടിട്ടുള്ളവരിൽ ലേഖകന്റെ സമവയസ്കനായ പയ്യപ്പിള്ളിൽ പപ്പുപിള്ള മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളു. പറവൂരിൽ ഒൻപതുമാസക്കാലം മാത്രമേ താമസിക്കാൻ ഇടയായുള്ളു. മാതുലൻ കരുനാഗപ്പള്ളിക്കു സ്ഥലം മാററപ്പെട്ടതുകൊണ്ടു ലേഖകനും സ്ഥലം വിടേണ്ടിവന്നു. ഇതിന്നിടയ്ക്കാണ് ഇവിടത്തെ മലവെള്ളത്തെപ്പററി ആദ്യമായി ലേഖകനു പ്രത്യക്ഷമായ അനുഭവം ഉണ്ടായതു്. പാർത്തിരുന്ന ഗൃഹത്തിന്റെ തിണ്ണവരെയും വെള്ളം പൊങ്ങിയിരുന്നതിനാൽ രണ്ടുമൂന്നു ദിവസത്തേക്കു് അല്പം കഷ്ടപ്പാടുണ്ടായി എന്നു പറയേണ്ടതില്ലല്ലൊ. അക്കാലത്തിവിടെ ജില്ലാക്കോടതിയില്ലായിരുന്നു. മുൻസിഫ് കോടതി മാത്രമേ ഉണ്ടായിരുന്നുള്ളു. കുഞ്ഞുണ്ണിക്കുറുപ്പ് എന്നൊരാളായിരുന്നു മുൻസിഫ്. അന്നു തിരുവിതാംകൂറിന്റെ കൈവശമായിരുന്ന ഏളംകുന്നപ്പുഴ ഉത്സവം നടത്തുന്നതു പറവൂർ തഹശീൽദാരായിരുന്നു. കൊച്ചിക്കാരുടെ ശല്യം ഉണ്ടായിരുന്നതിനാൽ ഇതിലേക്കു തിരുവനന്തപുരത്തുനിന്നും ഒരു സുബേദാരുടെ കീഴിൽ ഏതാനും പട്ടാളക്കാർ വരികയും പതിവുണ്ടു്. ഇവിടെനിന്നും ഏതാനും നായർപ്രമാണികളും പോകുന്ന പതിവുണ്ടായിരുന്നു. ഇങ്ങിനെ ഒരുത്സവം നടത്തുകയുണ്ടായി. ഇതിന്നിടയ്ക്കു് അന്നത്തെ ദിവാനായിരുന്ന രാജാ സർ. ടി. മാധവരാവു അവർകൾ പറവൂരിൽ സർക്കീട്ടുവന്നിരുന്നു. അപ്പോളാണ ലേഖകൻ ഇദ്ദേഹത്തിനെ ആദ്യമായി കണ്ടതു്. ഇദ്ദേഹം, ലേഖകൻ മുതൽപേരെ ഇംഗ്ലീഷു പഠിപ്പിക്കണമെന്നു മാതുലനെ ഉപദേശിച്ചു. ചേർത്തല ഡിവിഷൻപേഷ്കാർ ശങ്കുണ്ണിമേനവനവർകളും ഒന്നുരണ്ടുതവണ വരികയുണ്ടായിട്ടുണ്ടു്. അദ്ദേഹത്തിന്റെ പുത്രന്മാരായ ശങ്കരമേനവൻ, പത്മനാഭ

മേനവൻ ഇവർ അന്നു് എറണാകുളത്തു് ഇംഗ്ലീഷു പഠിക്കയായിരുന്നു. ഈ സംഗതിയും ലേഖകൻ മുതൽപേരെ ഇംഗ്ലീഷുപഠിപ്പിക്കുന്ന വിഷയത്തിൽ മാതുലനെ പ്രേരിപ്പിക്കുന്നതിന്നു് ഇടയായി. മാതുലന്റെ സ്ഥലംമാററത്തോടുകൂടി ലേഖകനും സ്ഥലംവിട്ടു കായംകുളം ഇംഗ്ലീഷുപള്ളിക്കൂടത്തിൽ ചേൎന്നു പഠിച്ചു.

ലേഖകൻ പറവൂർ സ്കൂളിൽ 82 ഇടവംവരെ പ്രധാനാദ്ധ്യാപകനായിരുന്നു. എന്നാൽ ഇക്കാലത്തിനിടയ്ക്കു് ആദ്യപ്രാവശ്യം ലേഖകൻ കൊല്ലം, കോട്ടയം റയിഞ്ചുകളിൽ ഇൻസ്പെക്ടറായി ഇരുപത്തുമാസത്തോളം ജോലിനോക്കുന്നതിന്നു നിയമിതനായിരുന്നു. ലേഖകൻ പറവൂരിരുന്നകാലത്തു പരീക്ഷാഫലങ്ങൾ നന്നായിരുന്നു. എന്നാൽ ഇതിനേക്കാൾ പ്രധാനമായി പള്ളിക്കൂടത്തിന്റെ അഭിവൃദ്ധി, വിദ്യാൎത്ഥികളുടെ സ്വഭാവസംസ്കരണം ഇവയാണു ലേഖകൻ ഗൗരവമായി ഗണിച്ചു പ്രവൎത്തിച്ചുവന്നതു്. ഫലവും പ്രയത്നത്തിന്നു തക്കപോലെ ഉണ്ടാകാതിരുന്നിട്ടില്ലെന്നാണു തോന്നുന്നതു്. പറവൂർ സ്കൂളിൽ ഇരുന്നിരുന്ന കാലത്തു തന്റെ സഹായാദ്ധ്യാപകന്മാരായി യോഗ്യന്മാരായ പലരും ഉണ്ടായിരുന്നു. രാ. രാ. ശ്രീ പി. കേശവപിള്ള, ആർ. ഗോവിന്ദപിള്ള, പി. സുന്ദരയ്യർ, നീലകണ്ഠയ്യർ, ജെ. ഇട്ടി, തോമസ്സ്, എ. മാധവപ്പണിക്കർ മുതലായ മാന്യന്മാർ ഇവരിൽ ഉൾപ്പെട്ടിരുന്നു. ഇവരിൽ പലരും പിന്നീടു ഹെഡ്മാസ്റ്റർമാരായും അസിസ്റ്റൻറ് ഇൻസ്പെക്ടർമാരായും ഇരുന്നതിൻശേഷം ഉദ്യോഗത്തിൽനിന്നും വിരമിച്ചിരിക്കയാണു്. മിസ്റ്റർ ഇട്ടി ഇന്നും ഹെഡ്മാസ്റ്റർതന്നെയാണു്. ഇവരുടെ സഹകരണം സ്കൂളിന്റെ ക്ഷേമത്തിന്നു വലിയ സഹായമായി ഭവിച്ചിട്ടുണ്ടു്. ആദ്യം സ്കൂൾ നടത്തിവന്നതു് ഇന്നത്തെ മലയാളം ആൺപള്ളിക്കൂടം ഇട്ടു നടത്തിവരുന്ന കെട്ടിടങ്ങളിലായിരുന്നു. 1080-മാണ്ടു് ആദ്യമാണു പുതിയ കെട്ടിടത്തിലേക്കു സ്കൂൾ മാററിയതു്. അതിന്റെ ഉൽഘാടനം നടത്തിയതു് അന്നു് ഇവിടെ ജഡ്ജിയായിരുന്ന മിസ്റ്റർ അനന്തരാവു ബി. എ., ബി. എൽ. ആയിരുന്നു. ഇതുസംബന്ധിച്ചു് ഒരു പൊതുയോഗവും ഘോഷയാത്രയും ഉണ്ടായിരുന്നു. ഈ ലേഖനകൎത്താവു സ്കൂളിൽ ഇരുന്ന കാലത്താണു സ്കൂളിലെ വിദ്യാൎത്ഥികളുടേയും അദ്ധ്യാപകന്മാരുടേയും ഉപയോഗത്തിന്നായി ഒരു ഗ്രന്ഥശാല ആദ്യമായി ആരംഭിച്ചതു്. വിദ്യാൎത്ഥികൾക്കായി ഒരു സമാജവും ഏൎപ്പെടുത്തി. ഇതുകൂടാതെ മണിയടിക്കുന്നതിന്നു ചെങ്കിലയുണ്ടാക്കിക്കയും ഒരു സ്കൂൾതോട്ടം ആരംഭിക്കയും മററു ചില്ലറ പല ഏൎപ്പാടുകൾ ചെയ്കയും ചെയ്തു. ഇംഗ്ലീഷു സ്ക്കൂളിൽ ആദ്യമായി പെൺകുട്ടികളെ ചേൎത്തു പഠിപ്പിച്ചുതുടങ്ങിയതും ഇക്കാലത്താണു്. കുട്ടികൾക്കു കുടിക്കുവാൻ വെള്ളം തയാറാക്കിക്കൊടുക്കുന്നതിന്നു് ഒരു ശമ്പളക്കാരനെയും നിയമിച്ചു. അദ്ധ്യാപകാദ്ധ്യേതാക്കളെ ഉത്തരവാദിത്വബോധത്തോടുകൂടി പ്രവൎത്തിപ്പിയ്ക്കുന്ന

തിനു വേണ്ടതായ ചിത്തവൃത്തി ലേഖകന്റെ പ്രശാന്തനയം അവരിൽ ജനിപ്പിച്ചു. ഋജുതയെക്കാളധികം പ്രേരണാശക്തിയുള്ളതുകൊണ്ടായിരുന്നു ഇവരുടെ സഹകരണവും സൌമനസ്യവും സമ്പാദിച്ചതു്. ഇന്നത്തെ ഭരണനയം ഇതൊന്നുമല്ലല്ലോ. ഇരുന്നിരുന്ന സ്ഥലത്തൊക്കെയും വഴക്കുകാരനെന്നു പ്രസിദ്ധി സമ്പാദിച്ച ഒരു "താണുവയ്യൻ" കുറച്ചുകാലം ലേഖകന്റെ കീഴിലും ഇരുന്നിരുന്നു. ഈ കാലത്തു് ഇവിടെ യാതൊരുവിധം വഴക്കും കൂടാതെയാണു കഴിഞ്ഞതു്. പിന്നീടു കോട്ടാറുവച്ചു് എന്തോ വഴക്കുണ്ടാക്കി ജോലിയിൽനിന്നും പിരിക്കപ്പെട്ടുവെന്നും കേട്ടു. ലേഖകൻ ഇവിടെ ഇരുന്നകാലത്തു സ്കൂളിനുപുറത്തും ഉദ്യോഗസ്ഥന്മാരായും അല്ലാതെയും ചുരുക്കം ചില സ്നേഹിതന്മാരുണ്ടായിരുന്നു. ജഡ്ജിമാരായ മെസ്സേഴ്സ് ഈപ്പൻ, കൃഷ്ണപിള്ള, കുഞ്ഞുണ്ണിമേനവൻ, വീരരാഘവയ്യങ്കാർ മുതലായവരും പന്ത്യപ്പിള്ളിൽ കരുണാകരപിള്ള, പറയത്തു ഗോവിന്ദമേനവൻ, ടി. ആർ അനന്തൻപിള്ള, വക്കീൽ മിസ്റ്റർ ധർമ്മരാജയ്യർ, മിസ്റ്റർ കൃഷ്ണയ്യൻ, മുൻസീഫ് മിസ്റ്റർ സീതാരാമയ്യൻ മുതലായി ഏതാനും പേർ ഈ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. മെസ്സേഴ്സ് എ. ഗോപാലമേനവൻ എം. എ, എൻ നാരായണപിള്ള ബി. എ., ബി. എൽ, ദാമോദരപ്പണിക്കർ ബി. എ, ബി. എൽ, ഡി. വെങ്കിടാചലമയ്യർ ബി. എ., ബി. എൽ., ജി. കൃഷ്ണയ്യർ ബി. എ., ബി. എൽ, എൻ. വെങ്കിടേശയ്യർ ബി. എ. എൽ, ടി, ആർ. പരമേശ്വരൻപിള്ള ബി. എ, ബി. എൽ, മുതലായവർ ലേഖകന്റെ താഴെ ഇവിടെ പഠിച്ചിട്ടുള്ളവരാണു്. അന്യദിക്കുകാരും വേറെ പലരും ഉണ്ടു്. ഇവിടെയും സ്കൂൾ ജോലിക്കു പുറമെയുള്ള സമയം വായിക്കുന്നതിലും എഴുതുന്നതിലും ഉപയോഗപ്പെടുത്തിവന്നു. സമയം വേറെ വിധത്തിൽ വ്യയംചെയ്ക പതിവില്ല. ചീട്ടുകളിയോ മററു വിനോദങ്ങളോ ഒന്നുംതന്നെ ശീലിച്ചിരുന്നില്ല. ലേഖകൻ ജീവിതത്തിന്റെ മുട്ടലവശവുമായി അധികം പരിചയിക്കുന്നതിനു് ഇടയായിട്ടില്ല. ഇതു് ഒരു ന്യൂനതയായിട്ടാണു പലരും ഗണിക്കുന്നതു്. അങ്ങിനെയാണെങ്കിൽ ആ ന്യൂനതയെ സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇടയ്ക്കിടയ്ക്കു വിഘ്നത്തോടുകൂടിയാണെങ്കിലും പറവൂർ സ്കൂളിന്റെ ഭരവാഹിത്വം ലേഖകനു ഗുണപ്രദമായിരുന്നു എന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. അനാരോഗ്യാസ്പദമായ ആലപ്പുഴ ടൌണിലെയും അസൌകര്യപരീതമായ ആലപ്പുഴ സ്കൂളിലെയും പതിനേഴു വർഷത്തെ സുദീർഘമായ പരിചയത്തിൽനിന്നും പറവൂരേക്കുള്ള മാററം തന്നെ മനസ്സിനും ശരീരത്തിനും ഒരു നവമായ ഉന്മേഷം നൽകിയതിനും പുറമെ, മാനസികവീക്ഷണത്തിനു കുറച്ചുകൂടി വിശാലതയും അനുഭവത്തിനു് അല്പം വൈചിത്ര്യവും പ്രദാനംചെയ്യുകയും ചെയ്തു. തന്റെ കാർഷികപ്രവൃത്തിക്കു കുറച്ചുകൂടി ഫലപ്രദമായ ശാലേയവും പറവൂർ നൽകി

എന്നുവേണം പറവാൻ. ഏതെങ്കിലും തന്റെ അദ്ധ്യാപനസംബന്ധമായ പ്രവൃത്തിയുടെ അവസാനരംഗവും, ലേഖകന്റെ ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ പ്രഥമരംഗവും ഇവിടംതന്നെയായിരുന്നു എന്നു സന്തോഷസമേതം പറയേണ്ടിയിരിക്കുന്നു. ഇരുപത്തൊൻപതുവഷം തന്റെ നാട്ടിലുള്ള യുവാക്കന്മാക്ക് അല്പമെങ്കിലും ജ്ഞാനം നൽകുന്നതിനും അവരുടെ മുകുളായമാനങ്ങളായ ബാലബുദ്ധികളെ ക്രമശഃ വികസിപ്പിക്കുന്നതിനും തനിക്കു തന്റെ ജീവിതത്തിൽ അല്പമെങ്കിലും സൌകര്യം ലഭിച്ചുവെന്നുള്ളതു ലേഖകനു ചാരിതാത്ഥ്യജനകമായ ഒരു സംഗതിയാണ്. ഇന്നും ഈ അതീതകാലത്തിലേക്കു പിൻതിരിഞ്ഞുനോക്കുന്ന അവസരങ്ങളിൽ ഒക്കെയും ലേഖകന്റെ ഉള്ളിൽ അല്പമായ ഒരു അഭിമാനം ജ്വലിക്കാതിരിക്കുന്നില്ല. തന്റെ മേധാവികളായിരുന്നവരിൽ മിസ്റ്റർ റാസ്, ഡാക്ടർ ഹാവ്ലി എന്നിവരെ ഒഴിച്ച് മററു മിക്കവരും ലേഖകനോടു സൌമനസ്യം ഉള്ളവരായിരുന്നുവെന്നു പറവാൻ വഴി കാണുന്നില്ല. അവക്ക് അതിനു വല്ല കാരണങ്ങളും ഉണ്ടായിരിക്കാം. ഡാക്ടർ മിച്ചലിന്റെ അഭിപ്രായത്തിൽ ലേഖകനു "ശാന്തത" അല്പം അധികമായിപ്പോയി എന്നായിരുന്നു. ഇൻസ്പെക്ടർജോലിക്ക് ഇതു് ഒരു ന്യൂനതയാണത്രെ. മററുള്ളവർ ആരും ഉള്ളിൽ ഉണ്ടെങ്കിലും ഒന്നും നേരിട്ടു പ്രസ്താവിച്ചിട്ടില്ല. ഏതായാലും "ശാന്തത"യെ ഉപേക്ഷിക്കണമെന്നു ലേഖകനു് ഒരിക്കലും വിചാരമുണ്ടായിരുന്നില്ല; ഇപ്പോഴും ഇല്ല. രാഷ്ട്രീയശാസ്ത്രത്തിലെ സന്മാർഗ്ഗനിയമങ്ങളും നീതിയും ഒക്കെയും വേറെ ആണല്ലോ. "സന്തതം ശാന്തിയെ കാമസുരഭി കേൾ" എന്നു നമ്മുടെ പൂർവ്വന്മാരും പറഞ്ഞിരിക്കുന്നു. ലേഖകന്റെ ദൃഷ്ടിയിൽ ഉദ്യോഗത്തിനെക്കാൾ ജീവിതത്തിനാണു വില കൂടുന്നതു്. അതുകൊണ്ടു് ഈ ലേഖകൻ അവലംബിച്ചുവന്നിരുന്ന ആ ശാന്തിമാർഗ്ഗത്തിൽനിന്നും ലേശവും വ്യതിചലിക്കാൻ തയാറില്ലായിരുന്നു.

1082 ഇടവത്തിൽ തെക്കൻ റെയിഞ്ചു് ഇൻസ്പെക്ടർ മിസ്റ്റർ സി. കൃഷ്ണപിള്ള ജോലിയിൽനിന്നും പിരിയുന്നതിന്റെ പ്രാരംഭമായി മൂന്നുമാസത്തെ അവധിയെടുത്തു. വിദ്യാഭ്യാസകാര്യദർശിയായിരുന്ന മിസ്റ്റർ അയ്യപ്പൻപിള്ളയും സുഖക്കേടുനിമിത്തം അവധിയിൽ പ്രവേശിച്ചു. പകരം കാര്യദർശിയായി മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരെയാണു നിയമിച്ചതു്. ഇദ്ദേഹം മിസ്റ്റർ കൃഷ്ണപിള്ളയ്ക്കുപകരം ലേഖകനെ ഇൻസ്പെക്ടരായും മിസ്റ്റർ രാമവർമ്മതമ്പാനെ പറവൂർ സ്കൂൾ ഹെഡ്മാസ്റ്ററായിട്ടും നിയമിച്ചു. ഇതനുസരിച്ചു ലേഖകൻ സകുഡുംബം ഇടവമാസം 12-ാംനു- തിരുവനന്തപുരത്തേക്കു യാത്രപുറപ്പെട്ടു. ആ മാസം 19-ാംനു- ജോലിയിൽ പ്രവേശിച്ചു. തെക്കൻ റെയിഞ്ചിൽ ആദ്യമായിട്ടാണു ലേഖകൻ നിയമിതനായതു്. മൂന്നുമാസം കഴിഞ്ഞു മിസ്റ്റർ കൃഷ്ണപിള്ള ഉദ്യോഗത്തിൽനിന്നു് ഒഴിഞ്ഞു. അന്നു് എസ്സ്. രാജഗോപാലാചാരി അവർകളായിരുന്നു ദിവാൻജി. അദ്ദേ

ഖവും വേല വിട്ടുപോകുന്ന സന്ദർഭമായിരുന്നു. മിസ്റ്റർ അയ്യപ്പൻപിള്ള ദീനം കലശലായി അല്പം മുമ്പു മരിക്കയും ചെയ്തു. ഇതിനിടയ്ക്കു ലേഖകനെ തല്ക്കാലത്തേക്കു ഇൻസ്പെക്റ്ററായി നിയമിച്ച് കോട്ടയത്തേക്കു സ്ഥലം മാററുകയും കോട്ടയത്തിരുന്ന തമ്പുരാനെ ഹജ്ജൂരിൽ വിദ്യാഭ്യാസകാര്യദർശിയായി നിയമിക്കയും ചെയ്തു. ഇതിനിടയ്ക്ക് എസ്. രാജഗോപാലാചാരി അവർകൾ ദിവാൻപദം വിട്ടുപോകയും പകരം മിസ്റ്റർ നാഗമയ്യാ തല്ക്കാലത്തേക്ക് ആ സ്ഥാനത്തിൽ നിയമിതനാകയും ചെയ്തു. ഇദ്ദേഹം ലേഖകന് അൻപതു രൂപ ശമ്പളക്കൂടുതൽ നൽകി. ഇതാണു ഡാക്ടർ ഹാവി പോയതിൽപിന്നെ ലേഖകനു കിട്ടിയ ശമ്പളക്കൂടുതൽ. മിസ്റ്റർ രംഗസ്വാമി അയ്യങ്കാരെ തിരുവനന്തപുരം ഇൻസ്പെക്റ്ററായി തല്ക്കാലത്തേക്ക് ആക്കുകയും ചെയ്തു. ഇതിനിടയ്ക്കു മിസ്റ്റർ പി. രാജഗോപാലാചാരി ദിവാനായും വന്നു. ലേഖകൻ കന്നി 22-ാംനു കോട്ടയത്തെത്തി ജോലി കൈയേററു. ഇവിടെ 84 മകരം 1-ാംനു-വരെ ജോലിചെയ്യുകയും മകരം 1-ാംനു മുതൽ അവകാശമുള്ള അവധി എടുത്തു വേലയിൽനിന്നു പിരിയുകയും ചെയ്തു. ഇക്കാലത്താണ് ആൺ, പെൺ പള്ളിക്കൂടങ്ങളുടെ ഭരണം വേർതിരിച്ചതു്. ഇതുസംബന്ധിച്ച് ഒരു ഇൻസ്പെക്റ്ററെ കുറയ്ക്കയും ഒരു സ്ത്രീയെ പെൺപള്ളിക്കൂടങ്ങളുടെ ഭരണത്തിനായി നിയമിക്കയും ചെയ്തു. അന്ന് എല്ലാംകൊണ്ടും കുറയ്ക്കാൻ യോഗ്യനാണെന്നു മേലധികാരികൾക്കു തോന്നിയതു ലേഖകനെയാണ്. പകരം നോക്കിവന്ന ഒരാളിനെ സ്ഥിരപ്പെടുത്തേണ്ട ആവശ്യവും സ്ഥിരജോലിക്കാരനായ ലേഖകനെ പിരിക്കേണ്ട ആവശ്യവും നേരിട്ടിരുന്നു. അതിനാൽ ലേഖകൻ പഴയ ജോലിക്കു പോകുകയോ അല്ലാത്തപക്ഷം വേലയിൽനിന്നും പിരിയുകയോ വേണമെന്ന് ഒരു അർദ്ധഉദ്യോഗക്കത്തു ലേഖകനു കിട്ടി. അന്നു ലേഖകനു 55 വയസ്സു തികഞ്ഞിട്ടില്ലായിരുന്നു. ലേഖകനെ വീട്ടുകാരനാക്കി പിരിക്കണമെന്നുദ്ദേശിച്ചോ എന്തോ അല്പം മുൻപുമുതല്ക്കുതന്നെ വല്ലവരുടേയും തെററിനു സമാധാനം ആവശ്യപ്പെട്ടുകൊണ്ടു പല കത്തുകളും തുടരെ തുടരെ അധികാരസ്ഥലത്തുനിന്നും പുറപ്പെട്ടുകൊണ്ടിരുന്നു. ഇതാരുടെ വിദ്യയോ എന്തോ? ഇതൊന്നും ഇവിടെ ഇന്നു വിസ്തരിക്കേണ്ട ആവശ്യം ഉണ്ടെന്നു വിചാരിക്കുന്നില്ല. "അതീതകാര്യാനുശയേന കിം സ്യാൽ" ലേഖകൻ ഉദ്യോഗത്തിൽനിന്നും ഒഴിവാൻ സന്നദ്ധനാണെന്നു മേലധികാരികളെ അറിവിച്ചും അന്നേവരെ ചെയ്തിട്ടുള്ള സഹായത്തിനു ഗവൺമെൻറിനോടു നന്ദിപറഞ്ഞുംവച്ചു വേലയിൽനിന്നും പിൻമാറി സ്ഥലം ഒഴിഞ്ഞുകൊടുത്തു. ഇതാണു ലേഖകന്റെ ഉദ്യോഗചരിത്രത്തിന്റെ ഒടുവിലത്തെ കടലാസ്സ്. അവസാനം ശുഭമായി പരിണമിച്ചു എന്നു പറയുന്നതിൽ ലേഖകന് അനല്പമായ ചാരിതാർത്ഥ്യം ഉണ്ട്. ലേഖകൻ കാലാവധി നീട്ടലിനോ മററു ആനുകൂല്യങ്ങൾക്കോ അപേക്ഷിച്ച് അധികൃതന്മാരെ അസ

ഹ്യപ്പെടുത്തുകയും മററും ചെയ്തിട്ടില്ല. ലേഖകനു ഉദ്യോഗകാലത്തു തന്റെ മേലധികാരികളിൽ ചുരുക്കം ചിലരെ ഒഴിച്ചു മററുള്ളവരെ തൃപ്തിപ്പെടുത്താൻ സാധിച്ചിട്ടുമില്ല. തന്റെ സ്വഭാവത്തിന് അതു സാദ്ധ്യവുമല്ലായിരുന്നു. ഇഷ്ടാനുസരണം പിൻമാറിയതുകൊണ്ട് അത്രം ക്രടാമത കഴിച്ചു എന്നാൽ തന്റെ അധീനത്തിൽ മാറിമാറി വന്നുകൊണ്ടിരുന്ന വിദ്യാർത്ഥികളെയും ഏതേതു ദിക്കുകളിൽ ഇരുന്നുവോ, അതാതുദിക്കിലുള്ള ജനസാമാന്യത്തെയും വിശിഷ്യ മനഃസാക്ഷിയേയും അല്പമായി തൃപ്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നാണു പിന്നീടുള്ള അനുഭവത്തിൽനിന്നും അനുമാനിക്കേണ്ടതു്. ലേഖകൻ ഒരു ഉത്തമാദർശത്തെ പുരസ്കരിച്ചു തന്റെ കൃത്യങ്ങൾ ചെയ്വാൻ ശ്രമിച്ചുവെന്നല്ലാതെ തന്റെ പ്രവൃത്തികളെല്ലാം പൂർണ്ണസാഫല്യതയെ പ്രാപിച്ചു എന്നു് ഒരിക്കലും പറവാൻ തയാറില്ല. ഈ ലേഖകൻ ആരുടേയും സേവ സമ്പാദിക്കുന്നതിനു തുനിഞ്ഞില്ല. അതു വശവുമല്ലായിരുന്നു. പരേതനായ ശ്രീമാൻ താണുപിള്ള അവർകളെ ഒരിക്കൽ സന്ദർശിച്ചസമയം അദ്ദേഹം ലേഖകനോടു "നിങ്ങൾ കൂടക്കൂടെ തിരുവനന്തപുരത്തു വന്നു് ഉദ്യോഗസ്ഥന്മാരെ കാണാത്തതുകൊണ്ടാണു നിങ്ങളെ ആരും ഗണിക്കാത്തതു്" എന്നു സസ്മിതം പറകയുണ്ടായി. ഇദ്ദേഹവും മിസ്റ്റർ അയ്യപ്പൻപിള്ളയും യഥാർത്ഥത്തിൽ ലേഖകന്റെ കാര്യത്തിൽ ഏറക്കുറെ താല്പര്യമുള്ളവരായിരുന്നു. നിർഭാഗ്യവശാൽ താണുപിള്ള അവർകൾ പിന്നീടു അധികം ഇരുന്നില്ല. തിരുവിതാംകൂറിന് ഒരു ഭാസുരമായ ഭാവിയും ഇതോടുകൂടി നഷ്ടമായി. ലേഖകൻ ഉദ്യോഗത്തിൽനിന്നും പിരിഞ്ഞശേഷം സകുഡുംബം പറവൂർ വന്നു താമസിച്ചു.

ലേഖകൻ പരിശോധകൻ എന്ന നിലയിൽ എന്തെല്ലാം ചെയ്തുവെന്നു വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. എന്നാൽ തന്റെ "ശാന്തത" നിമിത്തം കാര്യങ്ങൾക്കു വിഘ്നമോ വിളംബനമോ സംഭവിച്ചതായി ഒന്നും രേഖപ്പെടുത്തിയോ പറഞ്ഞോ കണ്ടില്ല. താൻ തന്റെ ബുദ്ധിക്കും ശേഷിക്കും തക്കവണ്ണം വേല ചെയ്തുവെന്നു മാത്രമേ ലേഖകനു പറവാൻ തരമുള്ളു. എന്നാൽ ലേഖകനു തിരുവിതാംകൂർ ഒട്ടുക്കു സഞ്ചരിച്ചു വിവിധ ജനങ്ങളുമായിട്ടു പരിചയപ്പെടുന്നതിനും അദ്ധ്യാപകലോകത്തിന്റെ സ്ഥിതിയേയും വിദ്യാഭ്യാസത്തിന്റെ ഗതിയേയും മനസ്സിലാക്കുന്നതിനും തന്റെ ജ്ഞാനസീമയെ വിസ്തൃതമാക്കുന്നതിനും ജനസമാന്യത്തിന്റെ കഷ്ടതയെ ഗ്രഹിക്കുന്നതിനും തന്റെ ചിന്തയ്ക്കു വിഷയം സമ്പാദിക്കുന്നതിനും ഈ ജോലി തന്നെ വളരെ സഹായിച്ചിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. താൻ ഉദ്യോഗത്തിലിരുന്നകാലത്തും ജീവിതത്തിന്റെ മഹാത്മ്യത്തെ ഉദ്യോഗത്തിന്റെ പ്രതാപത്തിൽ ഒരിക്കലും നിമഗ്നമാക്കീട്ടില്ലായിരുന്നു. ജ്ഞാനസമ്പാദനത്തിനുള്ള അവസരങ്ങളെ ഒരിക്കലും വിട്ടുകളയാറില്ല. അദ്ധ്യാപകവൃത്തിയിലും പരി

ശോധനകോദ്യോഗത്തിലുംനിന്നു ജീവിതത്തിന്റേയും ലോകത്തിന്റേയും സ്ഥിതിഗതികളെപ്പററി പലതും ഗ്രഹിക്കുന്നതിനു ലേഖകൻ ശ്രദ്ധാപൂർവ്വം ശ്രമിച്ചിട്ടുണ്ടു്. താൻ പഠിപ്പിച്ചിട്ടുള്ളതിനേക്കാളധികം പഠിക്കയാണു ചെയ്തിട്ടുള്ളതു്. ഈ സമാധാനത്തോടുകൂടിയാണു ലേഖകൻ ഉദ്യോഗത്തിൽനിന്നും വിരമിച്ചതു്. ഉദ്യോഗാനന്തരമുള്ള ജീവിതവും ഈ രീതിയുടെ അവിഛിന്നമായ തുടൎച്ചതന്നെയാണ്. "ഗ്രെ" എന്ന ആംഗ്ലേയ കവിപറയുന്നതുപോലെ ലേഖകൻ "ജീവിതത്തിന്റെ ഏകാന്തമായ ഉപത്യകയിൽ നിശ്ശബ്ദവും ശാന്തവുമായി തന്റെകാലം നയിച്ചുവന്നു."

---

# വിദ്യാഭ്യാസകാൎയ്യങ്ങൾ

(മൂൎക്കോത്തു കുമാരൻ)

## I

### ഉദ്ദേശസാദ്ധ്യങ്ങൾ.

ഒരു സമുദായത്തിന്റെ ഭാവിശ്രേയസ്സിന്നായി ആ സമുദായം കാലേകൂട്ടി ചെയ്യുന്ന ഒരുക്കമാണു് അതിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്നുള്ള ഏൎപ്പാടു്. അതേസമയത്തു, വിദ്യഭ്യാസംതന്നെയും ഒരു കാൎയ്യസാദ്ധ്യമാണു്.

ഒരു രാജ്യത്തുള്ള വിദ്യാശാലകളും അവയിലുള്ള ശിക്ഷാക്രമവും കണ്ടാൽ, അവിടത്തെ ജനസാമാന്യത്തിന്നു തങ്ങളുടെ കുട്ടികളെപ്പററിയുള്ള മതിപ്പും വിശ്വാസവും, മാത്രമല്ല, ജനസമുദായം കുട്ടികൾക്കുവേണ്ടി ജീവിക്കുന്ന സമ്പ്രദായവും മററുള്ളവക്കു മനസ്സിലാക്കാം. അതുകൊണ്ടാണു് ഒരു സമുദായത്തിൽ നടപ്പുള്ള വിദ്യാഭ്യാസസമ്പ്രദായം ആ സമുദായത്തെ ശരിയായി പ്രതിബിംബിച്ചുകാണിക്കുകയാണു് ചെയ്യുന്നതു് എന്നു പറയപ്പെടുന്നതു്.

അഭിവൃദ്ധിപ്രാപിച്ചുകൊണ്ടുവരുന്ന ഒരു സമുദായത്തിന്നു് ഓരോ ഘട്ടത്തിലും ഉള്ള നിലയേയും വിലയേയും പററിയും അതിന്നു ക്രമേണ ഉണ്ടായിത്തീരുന്ന ആവശ്യങ്ങളെ പററിയും അപ്പോഴപ്പോൾ പുതുതായി ധാരണകൾ ജനിച്ചുകൊണ്ടേ ഇരിക്കും. അങ്ങിനെയുള്ള ധാരണകൾക്കു് അനുസരിച്ചും എന്നാൽ അവയേയും അതിക്രമിക്കുന്ന വേഗത്തിലും വിദ്യാഭ്യാസസമ്പ്രദായത്തിൽ ആവശ്യമായ മാററങ്ങളെപ്പററി സമുദായനേതാക്കൾ ചിന്തിച്ചുകൊണ്ടേ ഇരിക്കണം. ഈ ചിന്തയുടെ ഫലമായി വിദ്യാഭ്യാസരീതിയിലും പാഠവിഷയത്തിലും ഗുണകരമായ മാററങ്ങൾ ചെയ്യേണ്ടതാണ്, സ്വരാജ്യാഭിവൃദ്ധിയെ കാംക്ഷിക്കുന്നവരുടെ ഏററവും പ്ര

ധാനമായ കൃത്യം. എന്നാൽ നമ്മുടെ ഇടയിലുള്ള വിദ്യാസമ്പന്നരായവർപോലും പറയുന്നതു് എന്താണ്? "ഞങ്ങളൊക്കെ ഈ രീതിയിൽ വിദ്യാഭ്യാസം ചെയ്യപ്പെട്ടവരല്ലയോ? നമ്മുടെ കുട്ടികളും അതുപോലെതന്നെ പഠിച്ചാൽപോരയോ?" എന്നാണ്.

ലോകം ഒട്ടുക്കും നിമിഷംപ്രതിയെന്നപോലെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിഷ്കാരമനുസരിച്ചു വല്ല പ്രത്യേകസമുദായത്തിന്നും കാലാനുസൃതമായ ക്ഷേമത്തോടും യോഗ്യതയോടും ജീവിച്ചുപോരികയെങ്കിലും ചെയ്യണമെങ്കിൽ, അതിൽ പല മാററങ്ങളും അവശ്യം ഉണ്ടായിക്കൊണ്ടിരിക്കേണമെന്നുള്ളതു തീർച്ചയാണല്ലോ. ആ മാററത്തെ അഭിനന്ദിച്ചു സ്വീകരിക്കത്തക്ക നിലയിലുള്ള മനഃസ്ഥിതിയോടുകൂടിയ പൌരന്മാരെ സൃഷ്ടിക്കേണ്ടതു, രാജ്യത്തിലെ വിദ്യാശാലകളും വിദ്യാഭ്യാസരീതിയും ആകുന്നു.

ഏററവും വിശദമായ ഒരു ഉദാഹരണം പറയാം. ലോകത്തിൽ വാഹനങ്ങൾ പരിഷ്കരിച്ചു വിമാനങ്ങൾവരെ എത്തിയ കാലമാണിതു്. വിമാനങ്ങളെപ്പററിയോ മോട്ടോർവാഹനങ്ങളെപ്പററിയോ യഥാർത്ഥജ്ഞാനം യാതൊന്നുമില്ലാത്ത ഉപാധ്യായന്മാർ, അവയെപ്പററി യാതൊന്നും പറയാത്ത പാഠപുസ്തകങ്ങളെ നമ്മുടെ വിദ്യാർത്ഥികളെ ഇന്നും പഠിപ്പിച്ചുകൊണ്ടിരുന്നാൽ ഇനിയത്തെ പൌരന്മാരിൽ ഭൂരിപക്ഷവും ആ വിഷയത്തിൽ അജ്ഞന്മാരായിരിക്കുമെന്നുള്ളതിന്നു സംശയമുണ്ടോ? ഭൂരിപക്ഷം ജനങ്ങളും പ്രാഥമികവിദ്യാഭ്യാസംകൊണ്ടു പഠിപ്പു പൂർത്തിയാക്കുന്നവരാണല്ലോ. ഇതു് ഒരു ഒററ ഉദാഹരണം മാത്രമാകുന്നു. ഇതിനേക്കാൾ ഗൌരവതരമായ കാര്യങ്ങൾ എത്രയോ ഉണ്ടു്. പ്രാഥമികവിദ്യാഭ്യാസം കാലാനുസൃതമായ പരിഷ്കൃതരീതിയിൽ നടത്തിക്കൊണ്ടുപോരാൻ അതാതുകാലത്തു വേണ്ട ഏർപ്പാടു ചെയ്തുപോന്നിരുന്നുവെങ്കിൽ, സാംക്രമികരോഗങ്ങൾ ഉണ്ടാകാതിരിപ്പാനും, ഉണ്ടായാൽ പരക്കാതിരിപ്പാനും വേണ്ടുന്ന മുൻകരുതലുകൾ ജനങ്ങളെക്കൊണ്ടു ചെയ്യിക്കുവാൻ അധികൃതന്മാർക്കു് ഇത്രയധികം പ്രയാസം നേരിടുമായിരുന്നുവെന്നു തോന്നുന്നുണ്ടോ? പരിഷ്കൃതസമ്പ്രദായത്തിലുള്ള കൃഷിവൃത്തി ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കേണ്ടുന്ന ഉദ്ദേശത്തോടുകൂടി ഗവൎമ്മേണ്ടിൽനിന്നു ചെയ്തിട്ടുള്ള ഏർപ്പാടുകൾക്കുള്ള ചിലവിൽ പകുതി, ആ വിഷയത്തിൽ ചെറിയ കുട്ടികൾക്കു കാലോചിതമായ വിദ്യാഭ്യാസം നൽകുവാൻ, വ്യയം ചെയ്തിരുന്നുവെങ്കിൽ അതിന്റെ ഫലം അധികം ഗണ്യതരമാകുമായിരുന്നുവെന്നുവേണം വിശ്വസിക്കുവാൻ.

ഈ സംഗതികളൊക്കെ ആലോചിച്ചാൽ നമ്മൾ വിദ്യാഭ്യാസകാര്യത്തിൽ യൂറോപ്പു്, അമേരിക്ക മുതലായ പരിഷ്കൃതരാജ്യക്കാരേക്കാൾ പരിതാപകരമാംവിധം പിന്നോക്കമാണെന്നു പറയുന്നതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാം. നമ്മുടെ ഇടയിൽ ബി. എ., ബി. എൽ. മുതലായ പ

രീക്ഷകളിൽ വിജയംപ്രാപിച്ചവരുടെ സംഖ്യക്കു കുറവുള്ളതുകൊണ്ടല്ല, നാം വിദ്യാഭ്യാസത്തിൽ പിന്നോക്കമാണെന്നു ഗണിക്കുന്നതും ഗണിക്കേണ്ടതും; ഇനിവരുന്ന പൌരന്മാർ അവരുടെ കാലത്തു രാജ്യക്ഷേമത്തിന്നു കാരണഭൂതന്മാരായവിധത്തിൽ ജീവിക്കത്തക്കവണ്ണം അവരെ യോഗ്യതയുള്ളവരാക്കിത്തീക്കുന്ന വിദ്യാഭ്യാസരീതി നടപ്പിൽ ഇല്ലാത്തതുകൊണ്ടാകുന്നു. നമ്മൾ കുട്ടികളായിരുന്ന കാലത്തു നടപ്പുണ്ടായിരുന്ന വിദ്യാഭ്യാസരീതി, നമ്മൾക്കു് ഇപ്പോൾ ഉണ്ടാകേണ്ടിയിരുന്ന യോഗ്യതക്കു് അനുകൂലിച്ചതായിരുന്നില്ലെന്നു മനസ്സിലാക്കിയവർ ഈ രാജ്യത്തു വളരെ ഉണ്ടെന്നു സമ്മതിക്കുന്നു. അങ്ങിനെ മനസ്സിലാക്കിയവർ പിന്നെ ചോദിക്കേണ്ടുന്ന ചോദ്യം— കാര്യകാരണസംബന്ധത്തെ അടിസ്ഥാനപ്പെടുത്തിയതോ, അതല്ല, സമസൃഷ്ടിസ്നേഹത്തെയും രാജ്യാഭിമാനത്തെയും അടിസ്ഥാനപ്പെടുത്തിയതോ ആയ ചോദ്യം— എന്താണ്? നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെ ഏതുനിലയിലാണു ക്രമപ്പെടുത്തേണ്ടതു്, എന്നല്ലയോ?

പാഠശാല പാകശാലയാണ്. അവിടുത്തേക്കും അപ്പഴത്തേക്കും വേണ്ടിയല്ല അവിടന്നു പാകംചെയ്യുന്നതു്. ഇന്നത്തെ സ്ഥിതിയിൽനിന്നു സൂക്ഷിച്ചുനോക്കിയാൽ കണ്ടറിവാൻ സാധിക്കുന്നതായി നാളത്തെ സ്ഥിതി എന്തായിരിക്കുമോ, അതിന്നു ലാക്കാക്കിയായിരിക്കണം ഇന്നു കുട്ടികളെ പഠിപ്പിക്കുന്നതു്. "നമ്മുടെ പിതാക്കൾ വിഡ്ഢികളാണെന്നു നമ്മൾ വിചാരിക്കുന്നു; നമ്മൾ വിഡ്ഢികളാണെന്നു നമ്മളുടെ കുട്ടികൾ വിചാരിക്കും," എന്നു ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ടു. ലോകം അന്നന്നു പരിഷ്കരിച്ചു് അഭിവൃദ്ധിപ്പെട്ടുകൊണ്ടു വരികയാണെങ്കിൽ, ഈ ചൊല്ലു മിക്കസംഗതിയിലും അന്വർത്ഥമായിരിക്കേണ്ടതാണല്ലോ. മനുഷ്യന്റെ ജീവിതോദ്ദേശം സഫലമായിത്തീരുകയും മനുഷ്യലോകം പരിഷ്കരിച്ചുവരികയും ചെയ്യേണമെങ്കിൽ, ഓരോ വ്യക്തിയും അയാളുടെ സന്താനങ്ങളെ തന്നേക്കാൾ അധികം യോഗ്യതയുള്ളവരാക്കിത്തീക്കേണ്ടതു് അത്യാവശ്യമാകുന്നു.

പഴയസമ്പ്രദായം പഴയകാലത്തേക്കു നന്നായിരുന്നുവെന്നു സമ്മതിച്ചാലും, നവീനകാലത്തു് അതിനെ നമ്മൾ ബഹുമാനിക്കുന്നതു് അതിനെ അതിശയിക്കുന്നതും കാലോചിതമായതും ആയ ഒരു സമ്പ്രദായത്തെ ഏൎപ്പെടുത്തേണ്ടതിന്നു അതു സഹായമായിത്തീരുമെന്നുള്ള സംഗതികൊണ്ടാണ്. ഈ നയം ഒരു രാജ്യത്തു ഒട്ടാകെയുള്ള വിദ്യാഭ്യാസക്രമത്തെ മാത്രമല്ല, ഏതെങ്കിലും ഒരു സ്കൂളിലേയൊ, ഒരു ക്ലാസ്സിലേയൊ, ഒരു കുട്ടിയുടേയൊ പോലും വിദ്യാഭ്യാസത്തെ ക്രമപ്പെടുത്തുന്നതിലും അനുസരിക്കേണ്ടതാകുന്നു. എന്നുവെച്ചാൽ കാലത്തിന്നനുസരിച്ചു ഉണ്ടാകുന്നതും ഉണ്ടാകേണമെന്നു നമ്മൾ ആഗ്രഹിക്കുന്നതും ആയ പരിഷ്കാരത്തിന്നും അഭിവൃദ്ധിക്കും സഹായമായിത്തീരത്തക്ക നിലയിൽ അതാതുകാലത്തെ വിദ്യാഭ്യാസരീതിയും പരിഷ്കരിക്കുകയും അഭിവൃദ്ധിപ്പെടുകയും ചെയ്യുകൊ

ണ്ടിരിക്കേണം. ഇതു ഓരോ കുട്ടിയുടേയും പഠിപ്പിനെസംബന്ധിച്ചും ഉണ്ടായിരിക്കേണ്ടതും അതിൽ ഓരോ പിതാവും ശ്രദ്ധിച്ചുകൊണ്ടിരിക്കേണ്ടതും ആകുന്നു.

ഓരോ വ്യക്തിക്കും പ്രത്യേകമായും സാമാന്യമായും ഉള്ള ഗുണഗണങ്ങളെ അവയുടെ നാനാമുഖങ്ങളിലും സമ്പൂർണ്ണമായി വികസിപ്പിക്കുകയാണു വിദ്യാഭ്യാസത്തിന്റെ ഉദ്ദേശമെന്നു ഹെർബർട്ട് സ്പെൻസർ പറഞ്ഞിരുന്നു. ഒരു കുട്ടി എത്രയും ഉത്തമനായ ഒരു മാതൃകാപുരുഷനായിത്തീരുന്നതിന്ന് അവനെ അർഹനാക്കിത്തീർക്കുകയാണു വിദ്യാഭ്യാസത്തിന്റെ ഉദ്ദേശമെന്നു മറെറാരുവിദ്വാൻ സ്ഥാപിച്ചു. ബ്രിട്ടീഷുപാർളിമെണ്ടുസഭയിൽ ഒരു കാലത്തു തൊഴിലാളിസംഘത്തിന്റെ ഏകപ്രതിനിധിയായി ഉണ്ടായിരുന്ന തോമാസ് ബർട്ട് എന്ന രാജ്യാഭിമാനിയുടെ അഭിപ്രായം, ഈ അവസരത്തിൽ മലയാളികൾക്കു രസകരമായിരിക്കും. അദ്ദേഹം ഒരവസരത്തിൽ ഇങ്ങിനെ പറഞ്ഞു:—"വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ പലേ നിലയിലും സ്ഥാപിച്ചുകഴിഞ്ഞു. ജനങ്ങൾക്കു വിദ്യാഭ്യാസം ഉണ്ടായാൽ പ്രജകൾ സക്കാരിലേക്കു കൊടുക്കേണ്ടുന്ന കരം കുറയുമെന്നും കാരാഗൃഹങ്ങളിൽ നിവാസികളുടെ സംഖ്യ കുറയുമെന്നും നമ്മുടെ രാജ്യത്തെ തൊഴിലാളികൾക്ക് അന്യരാജ്യങ്ങളിലുള്ളവരോടു മത്സരിച്ചു ജയിക്കാമെന്നും പറഞ്ഞുകേൾക്കുന്നു. എന്നാൽ ഈവക കാൎയ്യസാധ്യങ്ങൾക്കല്ല നമ്മുടെ തൊഴിലാളികൾക്കു വിദ്യാഭ്യാസത്തിന്റെ ആവശ്യം. അവരെ അധികം നല്ലവരും സന്തുഷ്ടിയുള്ളവരും പരിജ്ഞാനമുള്ളവരും ആക്കുന്നതിന്നാണു അവൎക്കു വിദ്യാഭ്യാസം ആവശ്യം."

നമ്മുടെ ഇടയിൽ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതു സക്കാരിന്റെയൊ മറെറാ കീഴിൽ ശമ്പളമുള്ള വല്ല ഉദ്യോഗവും ലഭിക്കേണ്ടതിനാണെന്നു അവരുടെ രക്ഷിതാക്കന്മാർ വിചാരിക്കുന്നു. അതിന്ന് ആവശ്യമുള്ള പരീക്ഷകൾ ജയിപ്പിക്കുവാൻ വേണ്ടുന്നതു് അവരെ ഉപാധ്യായന്മാർ പഠിപ്പിക്കുന്നു. വലിയ ഉദ്യോഗം വഹിച്ച് ആ നിലയിൽ മാന്യന്മാരായവരെ വിദ്യാൎത്ഥികൾ അനുകരണീയരായ മാതൃകാപുരുഷന്മാരായി കരുതുന്നു. ബർനാഡ് ഷാ എന്ന സരസപണ്ഡിതൻ ഒരിക്കൽ, "പാഠശാലാപഠനം എന്റെ ശരിയായ വിദ്യാഭ്യാസത്തെ തടസ്ഥപ്പെടുത്തിക്കളഞ്ഞു" എന്നു പറഞ്ഞിരുന്നു. കുട്ടികളിൽ ഓരോരുത്തൎക്കും ഉള്ള സ്വതഃസിദ്ധമായ വാസനയെ തട്ടിയുണൎത്തി വികസിപ്പിച്ച് അവരെ അതാതുവിഷയങ്ങളിൽ പാണ്ഡിത്യമുള്ളവരാക്കിത്തീൎക്കുകയും, അതേസമയത്തു അവരെ സ്വാഭിമാനവും രാജ്യാഭിമാനവും ഉള്ളവരും, ഈശ്വരഭക്തിയും സമസൃഷ്ടിസ്നേഹവും ഉള്ളവരും, പ്രത്യയസ്ഥൈൎയ്യവും പരശ്രീസഹിഷ്ണുതയും ഉള്ളവരും, ആയി — ചുരുക്കത്തിൽ പറയുന്നതായാൽ സൎവ്വവിധത്തിലും സജ്ജനങ്ങളായി — തീൎക്കുകയും ചെയ്താൽ, അവർ ഉദ്യോഗം അന്വേഷിച്ചുപോകുന്ന

തിന്നു പകരം, ആവശ്യമുള്ളേടത്തോളം ഉദ്യോഗം അവരെ അന്വേഷിച്ചുവരും എന്നുള്ളതിന്നു സംശയമില്ല. ഉദ്യോഗം എന്ന പദത്തിന്റെ അൎത്ഥംതന്നെ സങ്കുചിതമായി, സൎക്കാർ ഉദ്യോഗം എന്നായിത്തീൎന്നിരിക്കുന്ന ഇക്കാലത്തെ വിദ്യാഭ്യാസരീതിക്കു് ഇവയൊന്നും സാധിക്കുകയില്ല. അതിന്നു സാധിക്കുന്നതും സാധിക്കാതിരിക്കുവാൻ നിവൃത്തിയില്ലാതെ വന്നിട്ടുള്ളതും ആയ ഏകകാൎയ്യം, വിദ്യാൎത്ഥികളുടെ മനോവികാസത്തെ തടസ്ഥപ്പെടുത്തുക, എന്നുള്ളതാകുന്നു.

ഒരു ജൎമ്മൻ പണ്ഡിതർ എഴുതിയ ഉപന്യാസത്തിന്റെ ഒടുവിലത്തെ ഖണ്ഡിക ഇവിടെ പരിഭാഷചെയ്തു് എഴുതാം:—

“മാന്യവായനക്കാരേ, നിങ്ങൾ ഒരു ശിശുവായിരുന്നകാലത്തു ചെന്നു പഠിച്ചിരുന്ന സ്കൂളിൽനിന്നു, നിങ്ങൾക്കു് ഏററവും നല്ലതാണെന്നു് ഇപ്പോൾ വിശ്വാസമുള്ളതരം വിദ്യാഭ്യാസം ലഭിച്ചിരുന്നുവോ? ഇപ്പോൾ നിങ്ങളുടെ കുട്ടികൾക്കു സിദ്ധിച്ചുവരുന്ന വിദ്യാഭ്യാസംകൊണ്ടു് അവർ നല്ല ആരോഗ്യമുള്ളവരും ലോകത്തിന്നു വല്ല ഗുണവും ചെയ്വാൻ പോരുന്നവരും ആയിത്തീരുമെന്നു നിങ്ങൾക്കു ബോദ്ധ്യമുണ്ടോ? അവൎക്കു സ്കൂളിൽ കഴിക്കുന്ന ജീവിതത്തിൽ സംതൃപ്തിയുണ്ടോ? അതല്ല, മനഃപ്പാഠം പഠിക്കാനും, വീട്ടിൽനിന്നു് എഴുതിക്കൊണ്ടു ചെല്ലാനും, രസമില്ലാത്ത പാഠങ്ങൾ പഠിക്കുവാനും, അത്യന്തം ബുദ്ധിമുട്ടുണ്ടെന്നു അവർ ആവലാതിപറയുന്നുണ്ടോ? ബുദ്ധിയുടെ ഒരു ഭാഗം മാത്രം അഭിവൃദ്ധിപ്പെടുകയോ, കുട്ടികളുടെ ഓൎമ്മശക്തിയെക്കൊണ്ടു വഹിപ്പാൻ ദുസ്സഹമായവയെ കുത്തിനിറച്ചു വഹിപ്പിക്കുകയോ, ചെയ്യുന്നതായിട്ടല്ലാതെ, സൎവ്വതോമുഖമായ അഭിവൃദ്ധി സാധിക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസം നടപ്പിലുള്ള പാഠശാല ലോകത്തിൽ വല്ല ദിക്കിലും ഉണ്ടോ എന്നു നിങ്ങൾ നിങ്ങളോടായിട്ടുതന്നെ വല്ലപ്പോഴും ചോദിച്ചിട്ടുണ്ടോ?”

ഇങ്ങിനെ എഴുതിയ പണ്ഡിതർ അങ്ങിനെ ഒരു സ്കൂൾ കണ്ടിട്ടുണ്ടെന്നു പ്രസ്താവിച്ചു. എന്നാൽ അതു് ഏതുരാജ്യത്താണെന്നു പറകയില്ലെന്നും, ജൎമ്മനിയിലോ ഫ്രാൻസിലോ അല്ലെന്നും, ചന്ദ്രമണ്ഡലത്തിലാണെങ്കിൽ അവിടെയും അല്ലെന്നും ഫലിതരസത്തിൽ പറഞ്ഞു തന്റെ പ്രസംഗം അവസാനിപ്പിച്ചു. ഈ പണ്ഡിതരുടെ പ്രസംഗം കേരളീയൎക്കു കുറെ ആശ്വാസം ജനിപ്പിക്കാതിരിക്കുകയില്ല. പക്ഷെ, ഇപ്പോഴത്തെ വിദ്യാശാലകളേയും വിദ്യാഭ്യാസരീതിയേയും പരിഷ്കരിപ്പാൻ ശ്രമിക്കാതിരിക്കേണ്ടതിന്നു് അതൊരു കാരണമായിരിക്കുകയില്ല.

# കുചേലവൃത്തം

## ഗാനലക്ഷ്യനാടകം.

(ടി. സി. അച്യുതമേനോൻ.)

## രണ്ടാം രംഗം

(ചൂതുകളിച്ചുകൊണ്ട് ഇരിക്കുന്ന കൃഷ്ണനും രുഗ്മിണിയും പ്രവേശിക്കുന്നു. കൃഷ്ണൻ രുക്മിണികളക്ഷിക്കൊണ്ട്) ഭവതി കണ്ടോളൂ.

(മോഹനം—ആദി-)

ഉസഖൈബെഖൈബര

ഇരുനാലെട്ടിഹകളിച്ചടനയിതേ<br>
ഇരുചൂതുവെട്ടിഞാൻകെട്ടിടും

(എന്നു കളിച്ചു, ചൂതുവെട്ടുവാൻ തുടങ്ങുമ്പോൾ രുഗ്മിണി കൈപിടിച്ച്,)

വരട്ടെ വല്ലഭ! ഉരുട്ടിക്കളിച്ചെൻ<br>
ശാരിരണ്ടു വെട്ടുകിങ്ങുസമ്മതം

കൃഷ്ണൻ— കാതരനയനേ അപജയപ്പെട്ടുമ്പോൾ<br>
കുതർക്കങ്ങളീവിധം പതിവല്ലോ.

രുഗ്മിണി—(നീരസത്തോടെ) അതെ, ഞാൻ പറയുന്നതൊക്കെ കുതർക്കം അവിടന്നു പറയുന്നതെല്ലാം ന്യായവും.

കൃഷ്ണൻ—ന്യായവും ന്യായക്കേടും തീർച്ചപ്പെടുത്തുവാൻ മൂന്നാമതൊരാളില്ലാത്ത ദോഷമാണിതു്. (അണിയറയിലേക്കു നോക്കി)

ആരവിടെ. (കഞ്ചുകി—പ്രവേശിച്ച്) അടിയൻ.

കൃഷ്ണൻ—ഗവാക്ഷ! സത്യഭാമയോടു് ഇവിടെ വരാൻ പറയൂ.

കഞ്ചുകി—കല്പനപോലെ (എന്നുപോയി)

രുഗ്മിണി—ഭാമയുടെ മാദ്ധ്യസ്ഥം എനിക്കും സമ്മതംതന്നെ.

കൃഷ്ണൻ—ആവൊ! എന്റെ കക്ഷിപിടിച്ചു എന്നുപറഞ്ഞാൽ മതിയല്ലൊ!

രുഗ്മിണി—കക്ഷിപിടിച്ചാൽ അങ്ങിനെ പറകതന്നെ ചെയ്യും.

സത്യഭാമ—(പ്രവേശിച്ച്) ആര്യപുത്രനു നമസ്കാരം.

കൃഷ്ണൻ—ഭവതിക്കു സ്വാഗതം. ഇവിടെ ഇരിക്കു.

(എന്നു കൈപിടിച്ച് ഇരുത്തുവാൻ ഭാവിക്കുന്നു)

രുഗ്മിണി—(എഴുന്നേററു)—ഭാമ എന്റെ അടുക്കലിരിക്കു.

(എന്നു കൈപിടിച്ചു് അടുക്കലിരുത്തി താനും ഇരിക്കുന്നു)

കൃഷ്ണൻ—എന്റെ അടുക്കലിരുന്നാലെന്താ?

രുഗ്മിണി—കളവു കാണ്കയില്ല. അതുതന്നെ.

ഫീൽ—ചായ്പ്

(അണിയറയിൽ) (ഗറമെഫോയമേറ)

കരുണാകരാകൃഷ്ണ! മാധവ! ശൗരെ!
തരുണാരുണനിഭചരണമുരാരെ
നാരദസേവിത! നീരജലോചന!
നാരായണപാഹി ദീനജനാവന!

കൃഷ്ണൻ—(ചെവിയോൎത്ത്) ആരാണ നമ്മുടെ നാമങ്ങൾ കീൎത്തിക്കുന്നത്?

സത്യഭാമ—അവിടത്തെ നാമങ്ങൾ കീൎത്തിക്കാതെ ഈരേഴുപതിന്നാലു ലോകങ്ങളിലും ആരാണ് ഉള്ളത്?

കൃഷ്ണൻ—അങ്ങിനെയല്ല. ഈ ശബ്ദം പണ്ടേതന്നെ കേട്ടുപരിചയമുള്ളതാണ്. (എന്നു അണിയറയിലേക്കു നോക്കി) അയേ— ഇതാരാണ്!

ചെഞ്ചുരുട്ടി—ചായ്പ്

(വിരഹാനലശിഖയിൽ വാടി)

ഗാത്രമേററം മെലിഞ്ഞും ജീൎണ്ണ-
വസ്ത്രത്താലെ തററുടുത്തും
വടിയും കീറക്കുടയുമേന്തി
വടിവോടിങ്ങു വന്നീടുന്നു;

(സൂക്ഷിച്ചുനോക്കി)

ഗൎവ്വലേശഹീനൻ—നല്ലൊ-
രുൎവ്വീദേവൻ ആരിവൻവാൻ

(സന്തോഷപാരവശ്യത്തോടെ)

ഹാ! സതീൎത്ഥ്യൻ ശുദ്ധൻ സുദാമൻ

(രുഗ്മിണീ സത്യഭാമമാരോട്) ആഹരിപ്പിൻ അൎഘ്യപാദ്യം.

(എന്നോടിച്ചെന്നു കുചേലനെ കൈപിടിച്ചുകൊണ്ടുചെന്നു തന്റെ ആസനത്തിൽ അൎദ്ധാസനം കൊടുത്തിരുത്തുന്നു.)

രുഗ്മിണി—](അൎഘ്യാദികളുംകൊണ്ടു പ്രവേശിച്ച്) ഇതാ അൎഘ്യവും പാദ്യവും.

കൃഷ്ണൻ—(അൎഘ്യപാദ്യങ്ങൾ കഴിച്ചിരുന്നു) എത്ര കാലമായി കണ്ടിട്ട്. ബാല്യത്തിലെ സ്നേഹമെല്ലാം മറന്നുവെന്നാണ ഞാൻ വിചാരിച്ചിരുന്നത്. ഇപ്പോഴെങ്കിലും എന്നെ സ്മരിച്ചുവല്ലൊ. സന്തോഷമായി.

കുചേലൻ—ശിവശിവ! അവിടത്തെ ഞാൻ വിസ്മരിക്കുകയൊ? ഒരിക്കലുമുണ്ടാകയില്ല. അവിടത്തെ സ്മരണയല്ലാതെ മറെറാന്നും എനിക്കില്ല. എന്നു സൎവ്വജ്ഞനായ അവിടത്തോടു ഞാൻ പറയേണ്ടതുണ്ടൊ?

സത്യഭാമ—അവിടത്തെ കഥ ഇവിടെ പറയാത്ത ദിവസം തന്നെ കുറയും.

അപ്പോഴെല്ലാം കണ്ടാൽ കൊള്ളാമെന്ന് ആഗ്രഹിക്കാറുണ്ട്. ഇന്നെങ്കിലും അതിന്നു ഭാഗ്യമുണ്ടായല്ലോ. (എന്നു രുഗ്മിണിയോടുകൂടി കുചേലനെ വീശുന്നു.)

കുചേലൻ—(വിനയത്തോടെ) എന്റെ മാർഗ്ഗശ്രമങ്ങൾ നിങ്ങളെയെല്ലാം കണ്ടപ്പോൾതന്നെ തീർന്നു. ഭവതികൾ ശ്രമപ്പെടേണ്ടതില്ല.

രുഗ്മിണി—ഞങ്ങൾക്കിതൊരുത്സവമാണ്; ശ്രമമല്ല.

കാപി—ആദിതാളം

കൃഷ്ണൻ—(മന്ദസാദരിയോടെ)

സ്വാഗതം സഖേ! കുശലമല്ലല്ലി അയി തേ സുദാമൻ
ഭാഗവതോത്തമരത്നമൗലിമണേ! സർവ്വസുഗുണധാമൻ. 1

കുചേലൻ— ലോകശരണ്യനാം നിന്തിരുവടിയുടെ കാരുണ്യലേശത്താൽ
ലോകനായക ശർമ്മത്തിന്നേതും ഹാനിയില്ലിതുവരെയും. 2

കൃഷ്ണൻ— വേളികഴിഞ്ഞോ കഴിഞ്ഞെങ്കിലെന്നാളും സന്തതിയുണ്ടായോ
ലാളിതരാമകളുണ്ടെങ്കിലെത്രപേരെന്നതും ചൊൽക സഖേ!

കുചേലൻ—ഗുരുവരഗേഹാൽ സ്വഗൃഹമാർന്നുടൻ കഴിഞ്ഞു സമാവർത്തനം
കരുണാജലധേ വേളിയുമഥ ചിരാൽ നാൽവർസുതരുമുണ്ടായ്. 4

കൃഷ്ണൻ—പത്നിക്കും പുത്രന്മാർക്കും ക്ഷേമംതന്നെയല്ലേ?

കുചേലൻ—അവിടത്തെ കൃപാകടാക്ഷത്താൽ അവർക്കെല്ലാം ഒരുവിധം കുശലംതന്നെ. ത്രിഭുവനകല്യാണദനായ അവിടേക്കും അവിടത്തെ ആശ്രയിച്ചിരിക്കുന്നവർക്കും കുശലമല്ലേ എന്നു ചോദിക്കേണ്ടതില്ലല്ലോ.

കൃഷ്ണൻ—ഇവിടെയും പറയത്തക്കവിശേഷം ഒന്നുമില്ല.

കുചേലൻ—ബലഭദ്രസ്വാമി ഇവിടെത്തന്നെ ഇല്ലേ?

കൃഷ്ണൻ—ഇല്ല, ജ്യേഷ്ഠൻ ഹസ്തിനപുരത്തോളം പോയിരിക്കുന്നു. ഇന്നു ദുര്യോധനന്റെ ജന്മനക്ഷത്രമാണത്രെ.

കുചേലൻ—എന്റെ ഭാഗ്യദോഷംതന്നെ.

കൃഷ്ണൻ—അതെന്താണ്?

കുചേലൻ—അവിടത്തെ കാണ്മാൻ സാധിക്കയില്ലല്ലോ.

കൃഷ്ണൻ—അതെന്താണ്, ജ്യേഷ്ഠൻ നാളെത്തന്നെ മടങ്ങിവരാതിരിക്കയില്ല. വന്നുകണ്ടശേഷം പോയാൽ പോരെ?

കുചേലൻ—ആഗ്രഹം അങ്ങിനെതന്നെയാണ്. ഇല്ലത്താരുമില്ലല്ലോ.

കൃഷ്ണൻ—ഏയ്. അങ്ങിനെയൊന്നും അവസരപ്പെട്ടാൽ തരമാകയില്ല. ആകട്ടെ, ഗുരുവരന്റെ ഗൃഹത്തിൽ താമസിക്കുന്ന കാലത്തു നടന്ന കഥകളെല്ലാം അവിടുന്നോർക്കുന്നുണ്ടോ?

കുചേലൻ—ശിവശിവ! അതെല്ലാം മറക്കുന്ന കാലമുണ്ടാവോ?

കൃഷ്ണൻ—

(നൊണ്ടിച്ചിന്ത്)

ഗുരുപത്നിയതാലൊരുനാ-
ളിരുവർ നമ്മളിന്ധനമാഹരിപ്പാനായ്. 1

പെരുവനം പൂകിയതും, വന്മാരിയു-
മിരുട്ടും കൊടുംകാററും വന്നണയുകയാൽ. 2
അനശനരായ്‌ത്തന്നെരാവെല്ലാം
വനത്തിൽ വിറച്ചും നിദ്രയില്ലച്ചും പിന്നെ. 3
വനസതപങ്ങളെ ഭരണം കഴിച്ചതും
ഗുണനിധെ! ഭവാനിന്നുമോൎക്കുന്നതുണ്ടോ? 4

കുചേലൻ—ഉണ്ട്. അന്നത്തൊന്നും ഒരു ബുദ്ധിമുട്ടായി തോന്നുകയുണ്ടായിട്ടുണ്ടോ?

കൃഷ്ണൻ—ഏയ്, ഒരിക്കലുമില്ല. അപ്രകാരം സമ്പാദിച്ച ഗുരുപ്രസാദമല്ലെ നമുക്കാകെയുള്ള വിഭവം.

കുചേലൻ—സംശയമുണ്ടോ? ഗുരുവിന്നും ഗുരുപത്നിക്കും നമ്മിലുണ്ടായിരുന്ന വാത്സല്യം എന്തായിരുന്നു?

കൃഷ്ണൻ—അതെല്ലാം പോട്ടെ. എനിക്കെന്താണു കൊണ്ടുവന്നിട്ടുള്ളത്?

കുചേലൻ—പറയത്തക്കവണ്ണമൊന്നുമില്ല.

കൃഷ്ണൻ—പറയത്തക്കവണ്ണം വേണ്ട. ആസ്വദിക്കാൻമാത്രം മതി.

കുചേലൻ—ഒന്നുമില്ലെന്നുതന്നെ പറയാം.

കൃഷ്ണൻ—അങ്ങിനെ വരില്ല. വെറുംകയ്യായി ഇവിടെ വരില്ലെന്ന് എനിക്കറിയാം. കക്ഷത്തിലിരിക്കുന്ന ആ തുണിക്കിഴി എന്താ? അതിങ്ങോട്ടെടുക്കു. (എന്നു നീങ്ങി അടുത്തിരിക്കുന്നു.)

കുചേലൻ—(ലജ്ജയാൽ അധോമുഖനായി ഇരുന്നു) ഏയ്! കഥയില്ലാത്ത അന്തൎജ്ജനം എന്തോ കിഴികെട്ടിത്തന്നു. ആലോചനകൂടാതെ അതു ഞാനിങ്ങോട്ടു കൊണ്ടുപോരികയും ചെയ്തു.

കൃഷ്ണൻ—ആകട്ടെ. അതെന്താണെന്നു നോക്കട്ടെ.

കുചേലൻ—വേണ്ട, വേണ്ട. ഇതിലൊന്നുമില്ലെന്നു വിചാരിച്ചാൽ മതി.

കൃഷ്ണൻ—(കിഴിപിടിച്ചെടുത്ത് അഴിച്ചുനോക്കി) ഇതു കയ്യിൽവെച്ചുംകൊണ്ടാണൊ ഒന്നുമില്ലെന്നു പറഞ്ഞത്. (എന്ന് ഒരു പിടി എടുത്തു തിന്നുന്നു.)

മാരരഞ്ജിനി—ആദിതാളം

കുചേലൻ— (ഇന്ദുമുഖവൃന്ദ)

പല്ലുപൊടിക്കും കല്ലുകരുതവിട്ടിവ-
യെല്ലാം കരുണാവിലവിടേക്കായ്
കൊണ്ടിഹപോന്നാമമാപരാധം
കൊണ്ടൽവൎണ്ണപൊറുക്കുകസൽകൃപയാ. 1
വളരെക്കാലം പുവനാഥ കാണു
ന്നളവിൽ വല്ലതുമില്ലാതെ
എങ്ങിനെയെന്നോരബദ്ധനിനവി-
നിങ്ങേവമാഗസ്സുപിണച്ചിതഹോ. 2

കൃഷ്ണൻ—അങ്ങിനെയാണൊ വിചാരം? എന്നാൽ വാസ്തവം അതല്ല.

മാണ്ട് — ആദിതാളം

കണ്ണികാം

മൃഷ്ടമാമന്നം ഭക്തിയില്ലാത്തവൻ
തുഷ്ടനായേകീടിലും — ഏതുംബത
തുഷ്ടിയില്ലിഹമേ ഭക്തൻ തരുന്നൊരു
മുഷ്ടിതാൻ തൃപ്തികരം. 1
ഹസ്തിനപത്തനെ ചെന്നനാളൈശ്വൎയ്യ
മത്തനാം നാഗധ്വജൻ — ക്ഷണിച്ചുമാം
ഭുക്തിക്കു ഞാനതി ഭക്തനാം വിജയൻതൻ
പത്തുകന ഭുജിച്ചുസുഖം. 2

(എന്നു പിന്നേയും ഭക്ഷിപ്പാൻ തുടങ്ങുന്നു)

രുഗ്മിണി—(കൈക്കു പിടിച്ച്)

ശഹാനഃ — ആദിതാളം

(കാതിന്നമൃത്)

എന്തിതു പൂൎവ്വസഖാവാമീ
യന്തണനെ കണ്ടതിനാൽ
കാന്തയതാമെന്നേയും
ഹന്തമറന്നോതീരെ

കൃഷ്ണൻ— പരിഭവമരുതേ ദയിതെ വി-
സ്മരിക്കും ഞാനെന്നേയും
ഭക്തജനത്തിൽ പാരം
സക്തനതല്ലോ പണ്ടേ.

രുഗ്മിണി—അതുകൊണ്ടു ഭക്തനായ ഇദ്ദേഹം നിമിത്തം എന്നെ ഉപേക്ഷിക്കുക എന്നു നിശ്ചയിച്ചോ?

കുചേലൻ—അത്ര ഭവതി പറയുന്നതിന്റെ സാരമൊന്നും എനിക്കു മനസ്സിലാകുന്നില്ല.

കൃഷ്ണൻ—മറ്റൊന്നുമല്ല. ഞാൻ എന്തെങ്കിലും ഭക്ഷിക്കുമ്പോൾ അതിൽ അല്പം രുഗ്മിണിക്കു കിട്ടിയെ കഴിയൂ. അതു കൊടുക്കാഞ്ഞിട്ടുള്ള പരിഭവമാണ് പറയുന്നതു്.

രുഗ്മിണി—അതങ്ങിനെതന്നെയാണ്. അവിടുന്ന് എന്ത് കഴിക്കുകയാണെങ്കിലും ഉച്ഛിഷ്ടം എനിക്കു വേണം.

കൃഷ്ണൻ—അതിനു വിഷമം വന്നിട്ടില്ലല്ലോ ഇതാ എടുത്തോളു. അന്തപ്പുരത്തിലുള്ളവരെ, മറന്നു കളയരുതെ, കേട്ടോ.

രുഗ്മിണി—അന്തപ്പുരത്തിലെല്ലാവൎക്കും കൊടുക്കാം. വഴിനടന്നു ക്ഷീണിച്ചിട്ടുള്ള ബ്രാഹ്മണനെ മദ്ധ്യാഹ്നമായിട്ടും പട്ടിണി ഇട്ടിരുത്തണൊ?

കൃഷ്ണൻ—ഒ-ശരിതന്നെ. സഖേ! നമുക്കു മാദ്ധ്യാഹ്നികം കഴിച്ച് ഭക്ഷണത്തിന്നിരിക്കുകയല്ലേ!

കുചേലൻ—അവിടുത്തെ ഇഷ്ടംപോലെ

(എല്ലാവരും പോയി)

രണ്ടാം രംഗം കഴിഞ്ഞു

---

## മൂന്നാം രംഗം

---

കുചേലൻ—(പ്രവേശിച്ച് സഹർഷം വിചാരം)

കല്യാണി—ചായ്പ്

(വിറാന ബ്രോവ...)

പല്ലവം

എന്നേപ്പോൽ ഭാഗ്യവാനായ്

ഇന്നേവൻ പാരിത്തലത്തിൽ

അനുപല്ലവം

നന്ദനന്ദനനുപചരിച്ചതോക്കുകിൽ—എന്നെ

ചരണങ്ങൾ

ദൂരാൽകണ്ടോടിവന്നെൻ

കരമെന്തിക്കൊണ്ടുപോയ്

വരവിമാനമേററി

ഇരുത്തീടിനാൻ മഞ്ചെകൊണ്ടൽവർണ്ണൻ—എന്നേ. 1

ഭൂമിദേവിമാരെക്കൊ-

ണ്ടാമോദാൽ വീശിപ്പിച്ചു

തീർപ്പിച്ചു മാർഗ്ഗശ്രമം

പാർപ്പിച്ചുഭോജനം മൃഷ്ടമായ് നൽകിയും—എന്നേ. 2

(ആലോചിച്ചു വിഷാദത്തോടെ) അയ്യോ! കഷ്ടം! ഞാൻ വല്ലാതെ അന്ധാളിച്ചുപോയി. ഭഗവാന്റെ സൽക്കാരങ്ങളിൽ മുങ്ങിമയങ്ങിയ ഞാൻ ഉദ്ദിഷ്ടകാര്യം ഉണർത്താതാണല്ലോ മടങ്ങിയതു്. (ചിന്താവിഷാദങ്ങളോടുകൂടി)

പാഴ് സികാപി—ആദിതാളം

(ദുരിതചരിതനിവ)

പല്ലവം

ഇല്ലത്തിലങ്ങു ഞാൻ ചെല്ലുമ്പോൾ

ചരണങ്ങൾ

മല്ലരിപുഭഗവാൻതന്നതെന്തെല്ലാമെന്നു

ചൊല്ലുവാൻ ചൊല്ലുവെ ചൊല്ലുന്നതെന്തഹോ-ഇല്ല. 1

പട്ടിണിയാൽ പുരമൊട്ടിയവയറെഴും
കുട്ടികൾ തൻമുഖേ നോക്കുന്നതെങ്ങിനെ—ഇല്ല. 2

(പിന്നെയും ചിന്തിച്ച് പാരവശ്യത്തോടെ)

ആനന്ദഭൈരവി—ത്രിപുട

(അംഗനമാരിംഗിതങ്ങൾ)

കഷ്ടമെൻ കുട്ടികളും ഇഷ്ടയാം വല്ലഭതാനും
പട്ടിണികിടക്കെ ഞാനും മൃഷ്ടഭുക്തിചെയ്യുന്നല്ലോ? 1
നിത്യവൃത്തിക്കില്ലാത്തവൻ ആശ്രമം ദ്വിതീയമാന്നാൽ
നിത്യദുഃഖംതന്നെ തന്റെവല്ലഭക്കും കുട്ടികൾക്കും. 2
വന്നിടും വല്ലഭനിപ്പോൾ കുട്ടികൾ പശിതീർന്നീടും
എന്നുറച്ചിരിക്കും മമ ഗേഹിനി ചെയ്യുന്തെന്തിനി. 3

(ആലോചിച്ച് ദീർഘശ്വാസം ചെയ്ത്) എല്ലാംകൊണ്ടും ഞാൻ ഇനി ഇല്ലത്തേക്കു പോകുന്നില്ലെന്നു വെക്കുകയാണ് നല്ലത്. അല്ലാതെ എന്തു ചെയ്യാം. (എന്നു കുറച്ചു നടന്നു പെട്ടെന്നുനിന്നു) അയ്യോ കഷ്ടം കഷ്ടം! ഞാൻ വല്ല വഴിക്കും പോയാൽ അവക്കാരാണ് ഒരാശ്രയമുള്ളത്. അതൊരിക്കലും വയ്യാ! സഹധർമ്മചാരിണിയേയും നിരാധാരരായ പുത്രന്മാരെയും അകാരണം ഉപേക്ഷിച്ചാൽ മഹാരൗരവംതന്നെ എനിക്കു ഗതി. ഇല്ലത്തു ചെല്ലുകതന്നെ. ശേഷമെല്ലാം ഈശ്വരേച്ഛപോലെ വരട്ടെ.

(ചുററിനടന്ന് സാശ്ചര്യം വിചാരം)

ചിന്ത (ഭാരതമാതാവിൻ)

മുന്നിൽകാണുന്നൊരിപ്രാകാരമുന്നതഗോപുരംമണി-
മന്ദിരമതിഭാസുരം—പാർക്കി
ലിന്നെവൻതന്റെയാണായവൻ താൻ
ഭാഗ്യവാന്മാരിൽ ഭാഗ്യവാൻ
വല്ലവിവല്ലഭൻ തന്നോടവസ്ഥകൾ ചൊല്ലാതെ ഒന്നു-
മില്ലാതെ ഞാനും വല്ലാതെ—പോന്നി-
ഇല്ലത്തിലേക്കുള്ള മാർഗ്ഗം പിഴച്ചിങ്ങോ
വന്നതേങ്ങുനിന്നുതേ. 2

ഞാനിപ്പോളെവിടെയാണെന്നും ഇല്ലത്തേക്കുള്ള വഴി ഏതാണെന്നും അറിവാനെന്തു വേണ്ടു. തെരുവിൽ ആരേയും കാണുന്നില്ല. ഈ ഉന്നതമന്ദിരത്തിൽ കടന്നുചെന്നു ചോദിച്ചാലൊ. (എന്നു പടിക്കൽചെന്നു നില്ക്കുന്നു).

(അനന്തരം ദീപവും അഷ്ടമംഗല്യവും എടുത്തുള്ള രണ്ടു ദാസിമാരെ അനുഗമിച്ചു ബ്രാഹ്മണി പ്രവേശിക്കുന്നു.)

കുചേലൻ—(കണ്ടു സാശ്ചര്യം വിചാരം) അഹോ! വിശിഷ്ടാതിഥിയെ എ

ന്നപോലെ നിസ്വനും അപരിചിതനുമായ എന്നെ എതിരേററുപചരിപ്പാൻ അഷ്ടമംഗല്യാദികൾകൊണ്ടു ദിവ്യവസ്ത്രാഭരണങ്ങളണിഞ്ഞിട്ടുള്ള ഒരു സൗഭാഗ്യവതി ഇതാ ഇങ്ങോട്ടു വരുന്നു. ഇതെന്താശ്ചര്യം! (എന്നു ആശ്ചര്യപരതന്ത്രനായി നിൽക്കുന്നു.

ബ്രാഹ്മണി— (അടുത്തുചെന്നു) ആര്യപുത്രപാദപത്മങ്ങൾക്കു നമസ്കാരം;

കുചേലൻ—(ആശ്ചര്യത്താൽ സ്തംഭിച്ചുനിൽക്കുന്നു)

ബാലന്മാർ—(പ്രവേശിച്ചു) ഇന്നു ഞങ്ങൾക്കമ്മ വയറുനിറച്ചുചോറുതന്നു.

ഒരു ബാലൻ— എരുള്ളിം, എരിശ്ശേരിം, ഓലനും, അവീലും, പച്ചടിയും.

മററെ ബാലൻ—ശക്കരപ്പേരിം, പാല്പായസോം ഒക്കെത്തന്നു.

കുചേലൻ—ശ്രീകൃഷ്ണഭഗവാൻ തന്നുവെന്നു പറയു.

ബ്രാഹ്മണി—ആര്യപുത്രൻ അകത്തേക്കു കടക്കുക.

കുചേലൻ—അല്ലയോ പ്രിയതമേ! ഈ സ്ഥിതിവിപര്യയം എങ്ങിനെ സംഭവിച്ചു?

ബ്രാഹ്മണി— (നൊണ്ടിച്ചിന്തു)

ഭവദീയാഗമനം പ്രതീക്ഷിച്ചു-
അവശരായ് കുട്ടികളും ഞാനും തളത്തിൽ. 1
കിടക്കുമ്പോളൊരുസുന്ദരി—മന്ദംപടി
കടന്നുവന്നു കോലായിൽനിന്നൊരുപാടം. 2
അകത്തുവസ്തുകണ്ടു ഞാൻ-ഉടൻ ഞങ്ങ-
ളാകവെ മോഹിച്ചു പിന്നീടുണർന്നനേരം. 3
കണ്ടതീമട്ടിലാണൊക്കെയും
ഇണ്ടലഖിലവും നീങ്ങി കണ്ടുകൊണ്ടാലും. 4

(എന്നു കുചേലന്റെ കൈക്കു പിടിച്ചു വിഭവങ്ങളെല്ലാം കാട്ടികൊടുക്കുന്നു)

കുചേലൻ—ആ സ്ത്രീ സാക്ഷാൽ ശ്രീഭഗവതിയല്ലാതെ മററാരുമല്ല. പ്രിയേ! വാസുദേവകൃപയാൽ നമ്മുടെ ദാരിദ്ര്യദുഃഖം അസ്തമിച്ചല്ലോ. ഇനിയും ഭവതിക്കു എന്താഗ്രഹമാണുള്ളതു്?

ബ്രാഹ്മണി—എനിക്കു യാതൊന്നും തന്നെയില്ല.

കുചേലൻ—എന്നാൽ. (ശ്രീരാഗ്യകല)

പല്ലവം

ശ്രീവാസുദേവൻ തന്നുടെ കാരുണ്യാൽ

അനുപല്ലവം

ഭുവിൽ ദാരിദ്ര്യദുഃഖമസ്തമിക്കു—ശ്രീവാസു

ചരണം

ദാമോദരങ്കൽ നിശ്ചലമാം ഭക്തി
നമ്മൾക്കെന്നുമെ ഉണ്ടായ് വരേണം-ശ്രീവാസു.

(എന്നു എല്ലാവരും പോയി)

മൂന്നാം രംഗം കഴിഞ്ഞു

സമാപ്തം.

560

# സ്നേഹവും അനുഭാവവും

(എം. രാമവർമ്മതമ്പാൻ ബി. എ, എൽ. ടി.)

സൽപ്രവൃത്തിക്ക് അത്യാവശ്യമായ പ്രേരണാശക്തികൾ സ്നേഹവും അറിവുമാകുന്നു. ശരിയായ സ്നേഹം കുട്ടികളോടു വേണ്ടതുപോലെ പെരുമാറുന്നതിൽനിന്നും സ്വാഭാവികമായി ഉണ്ടാവുക അല്ലാ. നാം മനഃപ്പൂർവ്വം അതുണ്ടാക്കാൻ ശ്രമിച്ചതുകൊണ്ടു ഫലമില്ല. ഏതുമാതിരി സ്നേഹമാണു നാം ആശിക്കേണ്ടതു്? അതിനെ വിദ്യാഭ്യാസത്തിന്റെ ഓരോ ഘട്ടത്തിലും എങ്ങിനെയാണുല്പാദിപ്പിക്കേണ്ടതു് എന്നൊക്കെ നാം വ്യക്തമായി മനസ്സിലാക്കണം. പത്തുപന്ത്രണ്ടു വയസ്സുമുതൽ യൌവ്വനം തികയുന്നതുവരെ ഒരു കുട്ടിക്കു സ്നേഹം എന്നൊന്നില്ലാതിരിക്കാനാണിട. അവന്റെ സ്വഭാവത്തിന് എതിരായി സ്നേഹിക്കാൻ അവനെ നിർബ്ബന്ധിക്കുന്നതുകൊണ്ടു് ഒരു ഗുണവും ഉണ്ടാകുന്നില്ല. യൌവ്വനകാലം മുഴുവനും അതിൽ പിന്നീടുള്ളതുപോലെ യുവാക്കന്മാർക്ക് അന്യരോട് അനുഭാവം തോന്നുന്നില്ല. ഇതിനു കാരണം അനുഭാവം വേണ്ടതുപോലെ പ്രകടിപ്പിക്കാനറിഞ്ഞുകൂടാഞ്ഞിട്ടും തങ്ങളുടെ ജീവിതവിജയത്തിനു വേണ്ടിയുള്ള പ്രവൃത്തി തങ്ങളുടെ ശ്രദ്ധയെ മുഴുവൻ ആകർഷിച്ചിട്ടും ആകാം. ഇതിനിടയ്ക്കു് അന്യരുടെ കാര്യം നോക്കാൻ ഒരിടയുമില്ല. ഈ കാരണങ്ങളാൽ കുട്ടിക്കാലത്തുതന്നെ സ്നേഹം കുട്ടികളിൽ ഉണ്ടാക്കാൻ പ്രത്യേകം ശ്രമം ചെയ്യേണ്ടതില്ല. കുറച്ചു പ്രായമായി, അന്യരോടു സഹതപിക്കാനും സഹതാപം പ്രകടിപ്പിക്കാനും കുട്ടികൾക്കു ശക്തിവരുമ്പോൾ സ്നേഹം ഉണ്ടാക്കാനും വളർത്താനും ശ്രമിക്കയാകും ഫലപ്രദമായിട്ടുള്ളതു്.

ഈ കാര്യം മനഃശാസ്ത്രത്തെ അനുസരിച്ചു തീർച്ചയാക്കേണ്ട ഒന്നാണ്. സ്നേഹം ഒരു കടമയായി ഒരിക്കലും വർത്തിക്കയില്ല. ഒരു കുട്ടിയോട് അച്ഛനമ്മമാരെയും സോദരീസോദരന്മാരെയും സ്നേഹിക്കേണ്ടതു നിന്റെ മുറയാണ് എന്നു പറഞ്ഞു ശാസിക്കുന്നതു നിരുപയോഗം എന്നുമാത്രമല്ല, ചിലപ്പോൾ ആപൽക്കരവുമാണ്. പുത്രന്മാർ തങ്ങളെ സ്നേഹിക്കണമെന്നു കാംക്ഷിക്കുന്ന മാതാപിതാക്കന്മാർ, കുട്ടിയിൽ സ്നേഹം താനെ ഉദിക്കത്തക്കവണ്ണം അവരോടു പെരുമാറണം. അവരുടെ സ്നേഹം വികസിക്കാൻ പര്യാപ്തമായ ശരീരാരോഗ്യവും മനസ്ഥിതിയും നൽകാൻ ശ്രമിക്കണം. സ്നേഹിക്കാനായി കുട്ടികളെ ശാസിക്കരുതു്. എന്നുമാത്രമല്ല, അവരെക്കൊണ്ടു സ്നേഹിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാതൊന്നും ചെയ്യുകതന്നെ അരുതു്. കുട്ടികൾ പിതാക്കളെ സ്നേഹിക്കുന്നതും ഭാര്യ ഭർത്താവിനെ സ്നേഹിക്കുന്നതും തമ്മിൽ ഒരു വലിയ വ്യത്യാസം ഉണ്ടു്. ഭാര്യാസ്നേഹത്തിന്റെ ആന്തരമായ സാരം ഇങ്ങോട്ടും സ്നേഹം ഉണ്ടാക്കാൻ നോക്കുകയാണ്. ഈ അന്യോന്യത്വം ഇല്ലെങ്കിൽ ദാമ്പത്യസ്നേഹം നിഷ്ഫലമാണ്. എന്നാൽ പിതാവു കുട്ടികളെ സ്നേഹിക്കുന്നതു് ഇപ്രകാരം

ഇങ്ങോട്ടും സ്നേഹിക്കണമെന്നുദ്ദേശിച്ചല്ല, പിതാവിനു പുത്രനോടുള്ള സ്നേഹം യഥാർത്ഥത്തിൽ തന്റെ ശരീരത്തിന്റെ ഒരംശം പുറമെ നില്ക്കുന്നു എന്നും അതിനെ തന്നോടുകൂടിനില്ക്കുന്ന ഭാഗത്തെപ്പോലെ സ്നേഹിക്കുന്നു എന്നുമുള്ള മട്ടിലാണ്. നമ്മുടെ ഒരു വിരലിന്മേൽ ഒരു ചതവു തട്ടിയാൽ സ്വാർത്ഥം വിചാരിച്ചു നാം അതിനെ ശുശ്രൂഷിക്കുന്നില്ലേ? ആ വിരൽ നമ്മോടു കൃതജ്ഞത കാണിക്കണമെന്നു നാം ഉദ്ദേശിക്കുന്നുണ്ടോ? അപരിഷ്കൃതയായ ഒരു മാതാവിനെ നോക്കുക. അവർ കുട്ടിയെ സ്നേഹിക്കുന്നതു് അവരുടെ അവയവങ്ങളിൽ ഒന്നിനെ സ്നേഹിക്കുംപോലെയാണ്. അതിനാൽ അവർ പ്രതിഫലമായി ഒരു കൃതജ്ഞതയും ആശിക്കുന്നില്ല. കുട്ടി നിസ്സഹായനായിരിക്കുന്നിടത്തോളമേ അമ്മയുടെ സഹായം ആവശ്യപ്പെടൂ. അതിനു പ്രായം കൂടുന്തോറും അമ്മയുടെ സ്നേഹവും കുറഞ്ഞു അവൾക്കു് വേറെ പല കാര്യങ്ങളിലും ശ്രദ്ധ പതിയുന്നു. ജന്തുക്കളിലും കുട്ടികൾ നിസ്സായികളായിരിക്കുമ്പോൾ മാത്രമേ തള്ളമാരുടെ സ്നേഹം ആവശ്യപ്പെടുന്നുള്ളു. കുട്ടിക്കു് തൻകാര്യം നോക്കാൻ പ്രായം വന്നാൽ ഇരു കൂട്ടരും സ്നേഹിക്കുകയോ അന്യോന്യം സ്നേഹം ആവശ്യപ്പെടുകയോ ചെയ്യുന്നില്ല. എന്നാൽ മനുഷ്യർ, അവർ എത്രതന്നെ അപരിഷ്കൃതരായാലും മൃഗങ്ങളെപ്പോലെയല്ലല്ലോ. സ്വല്പം ഭേദം കാണുന്നുണ്ടു്. യുദ്ധകുതുകിയായ ഒരു മനുഷ്യൻ തന്റെ മാതാപിതാക്കളുടെ വാർദ്ധക്യത്തിലെ ക്ഷീണാവസ്ഥയിൽ അവരെ രക്ഷിക്കേണ്ടതു് അവന്റെ കടമയാണെന്നാണ് വെച്ചു്. പാണ്ഡവന്മാരുടെ കുന്തീശുശ്രൂഷപോലെ ഇതിഹാസപുരാണാദികളിൽ പല ഉദാഹരണവും നമുക്കു് കാണാം. മനുഷ്യർക്കു് ബുദ്ധി കൂടുന്തോറും തങ്ങളുടെ ക്ഷീണദശയിൽ കുട്ടികളുടെ സ്നേഹവും സഹായവും കരുതാൻ ഒരു വാസനയും ശ്രമവും കൂടിക്കൂടി വരുന്നുണ്ടു്. ഇതിനാലാണ് 'പുത്രന്മാർ മാതാപിതാക്കന്മാരെ സ്നേഹിക്കണം' എന്നു് ലോകത്തിലെങ്ങും ശാസിച്ചു കാണുന്നതു്. സ്വകാര്യസ്വത്തും സുസ്ഥിരമായ ജനഭരണവും വളരുന്നതോടുകൂടി പുത്രന്മാരുടെ സ്നേഹത്തിന്റെയും സഹായത്തിന്റെയും ആവശ്യവും കുറഞ്ഞുകുറഞ്ഞു വരുന്നു. ഏതാനും നൂററാണ്ടു കഴിയുമ്പോഴേയ്ക്കും ഈ മനസ്ഥിതി മാറി കുട്ടികൾ പിതൃരക്ഷ ചെയ്യണമെന്ന ബോധംതന്നെ നശിച്ചുപോയേക്കാം. ഇന്നത്തെ സ്ഥിതിക്കു് അൻപതു വയസ്സായ ഒരാൾക്കു് എണ്പതു വയസ്സായ പിതാവിങ്കൽനിന്നു ധനസഹായം വേണ്ടതായി വന്നേക്കാം. ഇവിടെ പ്രധാനമായി നില്ക്കുന്നതു് അച്ഛനു പുത്രനോടുള്ള സ്നേഹമാണ്; പുത്രനു അച്ഛനോടുള്ളതല്ല. എന്തെന്നാൽ നിസ്സഹായതയും സഹായത്തിന്റെ ആവശ്യവും പുത്രനിലാണല്ലോ. ഇതു് സ്വത്തുള്ളവരുടെ കഥയാണ്. കൂലിവേലക്കാരുടെ ഇടയിൽ വേലയെടുക്കാൻ വഹിയാത്ത കാലത്തു പുത്രന്റെ സഹായം വേണം. പക്ഷെ പരിഷ്കൃതരാജ്യങ്ങളിലെ വാർദ്ധക്യപെൻഷൻസമ്പ്രദായം

ക്രമേണ ഈ ആവശ്യവും ഇല്ലാതാകുകയാണു് ചെയ്യുന്നതു്. ആകപ്പാടെ നോക്കിയാൽ പുത്രന്മാർ പിതാക്കളെ സ്നേഹിക്കുന്നമെന്ന സിദ്ധാന്തത്തിനു പ്രാധാന്യം ക്രമേണ കുറഞ്ഞുവരുന്നു. പിതാക്കൾക്കു പുത്രരോടുള്ള സ്നേഹത്തിനു പ്രാധാന്യം കൂടിയും വരികയാണു് ചെയ്യുന്നതു്.

മാതാപിതാക്കന്മാരിൽ കുട്ടികളുടെ സ്നേഹം എങ്ങിനെ വിഭജിക്കപ്പെടുന്നു എന്നും ശാസ്ത്രജ്ഞന്മാർ അന്വേഷിച്ചിട്ടുണ്ടു്. ആൺകുട്ടികൾക്കു് അമ്മമാരോടും പെൺകുട്ടികൾക്കു് അച്ഛന്മാരോടും സ്നേഹംകൂടും എന്നു പറയാറുണ്ടു്. 'ജഗതിതനയഭാജാം മാനസേമാനവാനാം മകളരിൽ മുകളേറും പക്ഷപാതാതിരേകം" ഇതു് അത്ര വാസ്തവമാണെന്നു തോന്നുന്നില്ല. ഈ അഭിപ്രായം ഉണ്ടായതുതന്നെ ഒരുവിധം സങ്കല്പംകൊണ്ടാണു്. പെൺകുട്ടി അച്ഛനെ അധികം കാണാതിരിക്കുമ്പോൾ അദ്ദേഹത്തോടു് അധികം സ്നേഹം സങ്കല്പിച്ചു എന്നുവരാം. ഗർഭധാരക്ലേശാദികൾ ഓർത്തു് ആൺകുട്ടികൾ അമ്മമാരോടും അധികം സ്നേഹം സങ്കല്പിച്ചു എന്നുവരാം. എന്നാൽ കാര്യത്തിൽ ഈ സ്നേഹാധിക്യത്തിനു വഴി കാണുന്നില്ല. പിതാക്കൾക്കു് ഇങ്ങോട്ടുള്ള സ്നേഹം പുത്രന്റെയോ പുത്രിയുടെയോ നിസ്സഹായതയുടെ കൂടുതൽകുറവുപോലെയും, കുട്ടികൾക്കങ്ങോട്ടുള്ളതു പിതാക്കളുടെ പ്രതാപത്തിന്റെ കൂടുതൽകുറവുപോലെയും ഇരിക്കും എന്നു വരാനാണിട. പ്രതാപംകൂടിയ മാതാവിന്റെയോ, പിതാവിന്റെയോകൂടെ സദാ വളരുന്ന കുട്ടിക്കു് അവരോടു് ഒരു അടിമമനസ്ഥിതി വന്നേക്കാം. ഈ അടിമത്വം ബുദ്ധിപരമായിട്ടോ, വികാരപരമായിട്ടോ, രണ്ടുംകൂടിട്ടോ ആവാം. എന്റെ അച്ഛൻ വലിയ കേമനാണു്; അദ്ദേഹത്തിനു് ഒന്നിലും തെററു വരികയില്ല എന്നും മററും സദാ പുകഴ്ത്തുന്ന കുട്ടികളിൽ ഈ അടിമത്വം കാണാം. സദാപി അച്ഛന്റെകൂടെയിരുന്നു അച്ഛൻതന്നെ പഠിപ്പിച്ചു വളർത്തിയ 'ജാൺസ്റ്റുവർട്ട്മിൽ' എന്ന മഹാൻ തന്റെ അച്ഛനു തെററിപ്പോയി എന്നു ഒരിക്കലും സമ്മതിക്കാൻ സാധിച്ചിട്ടില്ല. നമ്മുടെ നാട്ടിലും വലിയ ഉദ്യോഗസ്ഥന്മാരുടെ കുട്ടികൾക്കും ഈവിധം ഒരു അടിമ മനസ്ഥിതി ചില പിതാക്കളെപ്പററി കണ്ടുവരുന്നുണ്ടു്. ബുദ്ധിപരമായ അടിമത്വം സ്വാഭാവികമാകാം. ഇതുകൂടാതെ കഴിക്കാൻ മററു കുട്ടികളുടെകൂടെ ചേർന്നു പഠിക്കയാണു വേണ്ടതു്. പിതാക്കൾക്കും ഗുരുക്കന്മാർക്കും കുട്ടികളിൽ ക്രമാതീതമായ സ്വാധീനം വരാതെ നോക്കേണ്ടിയിരിക്കുന്നു. അത്ഭുതമായി മാറിമാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ തന്റെ പിതാവിന്റെയും ഗുരുവിന്റെയും അഭിപ്രായമാണു ശരി എന്നു ശഠിക്കുന്ന കുട്ടിക്കു് വിജയത്തിനേക്കാൾ പരാജയത്തിനാണു് അധികംഇട. ഈ അഭിപ്രായം പിതാക്കൾക്കും ഗുരുക്കന്മാർക്കും തല്ക്കാലം രസിക്കയില്ലായിരിക്കും. പക്ഷേ അവരും ലോകഗതി നല്ലപോലെ സൂക്ഷിച്ചറിഞ്ഞുകൊണ്ടിരിക്കയാണെങ്കിൽ തങ്ങളുടെ അഭിപ്രായവും മാറേണ്ടിവ

ഞന്നതായി കാണും. വാദ്ധക്യത്തോടുകൂടി അഭിപ്രായം മാറാൻ ബുദ്ധിക്കു് അയവില്ലാതെ വരുമ്പോഴാണു കുട്ടികൾ അവരുടെ പഴയതും കാലോചിതമല്ലാത്തതുമായ അഭിപ്രായത്തെ അനുകരിച്ചു് അപകടത്തിലകപ്പെടുന്നതു്.

എന്നാൽ വികാരപരമായ അടിമത്വത്തിന്റെ കഥ ഒന്നു് ആലോചിക്കാം. പിതാക്കൾക്കു കുട്ടികളോടുള്ള സ്നേഹം കുട്ടികളുടെ നിസ്സഹായതയെ ആശ്രയിച്ചിരിക്കുമെന്നു പറഞ്ഞുവല്ലോ. ആ നിസ്സഹായത കുറയുന്തോറും പിതാക്കളുടെ സ്നേഹവും കുറയണം. പക്ഷെ, മുൻവിവരിച്ച മാതിരി ഒരുതരം സങ്കല്പംകൊണ്ടു തങ്ങളുടെ പുത്രന്മാർ എത്രതന്നെ ക്ഷേമന്മാരായാലും ഇനിയും കുട്ടികളാണെന്നും, തങ്ങളുടെ ഗുണദോഷവും സഹായവും ഇല്ലെങ്കിൽ പൂർണ്ണസുഖം പ്രാപിക്കയില്ലെന്നും പിതാക്കൾ സങ്കല്പിച്ചു് ഒരുവിധം സ്വപ്നം കാണാറുണ്ടു്. ഈ സങ്കല്പശക്തിയില്ലായ്കയാലാണു മൃഗങ്ങളുടെ ഇടയിൽ പിതാക്കളിൽ പുത്രസ്നേഹം നിലനില്ക്കാത്തതു്. വാസ്തവത്തിൽ നിസ്സഹായത നീങ്ങിയാൽ പുത്രർക്കു പിതാക്കളുടെ സ്നേഹത്തിനാവശ്യമില്ല. എങ്കിലും പിതാക്കൾക്കു തോന്നുന്ന ഈ സ്നേഹത്തിന്റെ മാനസികമായ ഉല്പത്തിസ്ഥാനം എന്താണെന്നു് ഒന്നാരായുകതന്നെ.

മൊത്തത്തിൽ പറകയാണെങ്കിൽ സുഖപ്രദമല്ലെങ്കിലും സന്തോഷപ്രദമായ ഫലം തരുന്ന പ്രവൃത്തികൾ ചെയ്യാനാണു മനുഷ്യർക്കു വാസന; തിന്നുന്നതു സന്തോഷമാണു്, അതു ദഹിക്കാതെവന്നാൽ ദുഃഖമാണെങ്കിലും തിന്നാൻ ഒരു വാസന ജന്തുക്കൾക്കുണ്ടല്ലോ. കുട്ടികൾ തങ്ങളെ ആശ്രയിക്കുന്നു എന്നതു സന്തോഷംതന്നെ. പ്രായംചെന്ന ബലവാന്മാരായ കുട്ടികൾക്കു തങ്ങളുടെ സഹായം വേണ്ട എന്നു വരുന്നു എന്നതു് സുഖമല്ലതാനും. അപരിഷ്കൃതയായ മാതാവിനു പൂർണ്ണസന്തോഷം ഉദിക്കുന്നതു് കുട്ടി മുലകുടിക്കുമ്പോഴാണു്. കുട്ടിയുടെ നിസ്സഹായത കുറയുന്തോറും അമ്മയുടെ സന്തോഷവും കുറഞ്ഞുകുറഞ്ഞുവരുന്നു. അതുകൊണ്ടു സന്തോഷത്തിനുവേണ്ടി മുലകുടിക്കുംകാലം കുറെക്കൂടി നീട്ടാനും, അമ്മയുടെ സഹായംകൂടാതെ കഴിക്കാനുള്ള കാലം വിദൂരമാക്കാനും അമ്മയ്ക്കു് ഒരു മോഹം അല്ല, ഒരു വാസനയുണ്ടു്. ആൺകുട്ടികളെ അമ്മമാരിൽനിന്നും അകറ്റാൻ പ്രയാസമാകയാൽ അവരെ സ്കൂളിലയയ്ക്കണമെന്നും പറയാറുണ്ടു്. പക്ഷെ പെൺകുട്ടികളെക്കൊണ്ടിത്രതന്നെ ശല്യം ഉണ്ടാകാറില്ല, എന്തെന്നാൽ കാലക്ഷേപത്തിനു വഴിയുള്ളവർ പെൺകുട്ടികളെ നിസ്സഹായകളാക്കാനാണു ശ്രമിക്കുന്നതു്. "പിതാരക്ഷതി കൌമാരെ, ഭർത്താരക്ഷതി യൌവനേ, പുത്രോരക്ഷതി വാർദ്ധക്യേ, ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന പ്രമാണംതന്നെ സ്ത്രീക്കു നിത്യമായ അടിമത്തമാണു വിധിച്ചിരിക്കുന്നതു്. അവർ ചെറുപ്പത്തിൽ അമ്മയോടു ചേർന്നിരുന്നതുപോലെ യൌവനത്തിൽ ഭർത്താവിനോടും ഇണങ്ങിക്കൊള്ളുമെന്നാണു വിചാരിച്ചിരുന്ന

ത്. ഇതു വളരെ അപൂൎവ്വമായിട്ടേ സംഭവിക്കാറുള്ളു. അതിനാലത്രെ അമ്മോപദേശങ്ങളും മററു നേരമ്പോക്കുകളും ഉണ്ടായതു്. അമ്മയോടു പററിക്കൂടിയിരുന്ന പെൺകുട്ടി ഭൎത്താവിനോടും പററിക്കൂടാതെ വന്നേക്കാമെന്നു് ആരും വിചാരിച്ചില്ല. ഇങ്ങിനെ ചെന്നാൽ മാത്രമേ ദാമ്പത്യസുഖഭൂയിഷ്ഠമാകയുള്ളു.

രണ്ടാമത്തെ മനഃസ്ഥിതി ഇതാണ്. തങ്ങൾ അത്യാവശ്യമാണെന്നും ഒഴിച്ചുകൂടാൻ വഹിയാത്തതാണെന്നും വേറെ ഒരാൾക്കു തോന്നണമെന്ന ഒരു മോഹം സ്ത്രീക്കുണ്ടാകുക. ഇതു് ഏകപത്നീവ്രതമായ വിവാഹമായി പരിണമിച്ചു. ഈ നില സുഖത്തിന് അത്യാവശ്യമായി. ഈ ആഗ്രഹം വിവാഹമായി പരിണമിച്ചപ്പോൾ സുഖത്തിന് ഇനിയും ചില കാൎയ്യങ്ങൾകൂടി വേണമെന്നു പ്രത്യക്ഷമായിത്തുടങ്ങി. ഓരോ കാരണവശാൽ പരിഷ്കൃതരാജ്യങ്ങളിൽ വിവാഹിതകളായ സ്ത്രീകൾ ദാമ്പത്യസൌഖ്യം പരിപൂൎണ്ണമായി അനുഭവിക്കുന്നില്ല. ഈ കുറവു കുട്ടികളെ വാത്സല്ലിക്കുന്നതിൽനിന്നും തീൎക്കാനാണ് അവരുടെ വാസന. പ്രായം ചെന്നിട്ടും കുട്ടികളുടെ ശിരസ്സിൽ അമ്മമാർ ചുംബിക്കുന്നതും അവരെ താലാട്ടുന്നതും ഈ വാത്സല്യം നിമിത്തമാകുന്നു. ഇതു തെററാണെന്നു പറയാൻ തരമില്ല. അമ്മമാരുടെ വാത്സല്യത്തിനു കുട്ടികൾക്കു് ഒരുവിധം അവകാശമുണ്ടു്. അമ്മ എന്നും അമ്മതന്നെ. ഈ വാത്സല്യത്താൽ അവൎക്കു ലോകത്തെ ദുഃഖഹീനമായി അവലോകനം ചെയ്വാൻ സാധിക്കുന്നു. എന്നാൽ ഇതു സ്വാഭാവികമാണ്. ഇതിനു തങ്ങൾക്കു് ഒരു ഭാരവുമില്ലെന്നു കുട്ടികൾ വിശ്വസിക്കുന്നു. മനസ്ഥിതി നോക്കുകയാണെങ്കിൽ പുത്രനു പിതാക്കളുടെ സുഖം വൎദ്ധിപ്പിക്കണമെന്നു് ഒരു കടമയുള്ളതായി തോന്നുന്നില്ല. ഈ മോഹം സ്വതേ അവൎക്കു തോന്നിയാൽ നന്നു്. നിൎബ്ബന്ധിച്ചു വരുത്താൻ സാധിക്കയില്ല. കൂട്ടുകാരെ സ്നേഹിക്കാൻ തോന്നുമ്പോലെ പിതാക്കളെ സ്നേഹിക്കാൻ ഒരാവേശം അവൎക്കു തോന്നുന്നില്ല. മാനസികമായി നോക്കുകയാണെങ്കിൽ പിതാക്കളുടെ സ്ഥാനം യവനികയ്ക്കകത്തുതന്നെ. അവരുടെ സുഖത്തിനായി ഒന്നും പ്രവൎത്തിക്കാൻ കുട്ടികളെ പിതാക്കൾ നിൎബ്ബന്ധിച്ചുകൂടാ. കുട്ടികളുടെ വളൎച്ചയും അഭ്യുദയവും നൽകുന്ന സന്തോഷത്തിനേ പിതാക്കൾക്കവകാശമുള്ളു. പുത്രന്മാർ എന്തെങ്കിലും സ്നേഹം അവരോടു കാണിച്ചാൽ അതു നന്ദിപൂൎവ്വം സ്വീകരിച്ചുകൊൾക, ദൈവദത്തമായി കരുതിക്കൊൾക, അത്രമാത്രമേ പാടുള്ളു.

ദാമ്പത്യജീവിതത്തിൽ തൃപ്തിയടയാത്ത ഒരു സ്ത്രീക്കു് ഒരു മാതൃകാമാതാവോ മാതൃകാദ്ധ്യാപികയോ ആകാൻ വളരെ പ്രയാസമാണ്. മാതൃസ്നേഹം എന്നതു് ഒന്നു വേറെതന്നെയാണ്. അവിവാഹിതകളായ സ്ത്രീകളെ അദ്ധ്യാപികകളാക്കുന്നതു മനശ്ശാസ്ത്രദൃഷ്ട്യാ തെററുതന്നെയാണ്. അദ്ധ്യാപികയാവാൻ യുക്തയായ സ്ത്രീ കുട്ടികളിൽനിന്നും തനിക്കു യാതൊ

രു തൃപ്തിയും ആവശ്യപ്പെടാതെ, അവരുടെ നിസ്സഹായതയിൽ സഹായിക്കുന്ന സുഖത്തിനായി അവരെ വാത്സല്യിക്കാവുന്നവളാണ്. സുഖദാമ്പത്യം അനുഭവിക്കുന്ന സ്ത്രീക്ക് ഇതു നിഷ്പ്രയാസം സാധിക്കാം. വേറെ ഏതു സ്ത്രീക്കും കേവലം അസാദ്ധ്യമായ ഒരു ആത്മസംയമനംകൊണ്ടേ ഇതു സാധിക്കൂ. ആണുങ്ങളുടെ കഥയും ഇതുതന്നെ. പല അവിവാഹിതരായ പാതിരിമാരിലും കുട്ടികളെ സ്നേഹിക്കാനുള്ള ശക്തിരാഹിത്യം കാണുന്നുണ്ട്. അമ്മമാരല്ലാത്ത അദ്ധ്യാപികമാർ പലപ്പോഴും കുട്ടികളോടു നിഷ്ഠുരണം പെരുമാറുന്നുണ്ട്. ഈ രണ്ടു കൂട്ടർക്കും പിതൃത്വവും, മാതൃത്വവും നൽകുന്ന നിസ്സഹായരായ കുട്ടികളെ സ്നേഹിക്കുന്നതിലുള്ള സന്തോഷം, അറിയാനിടയില്ലായ്കയാലാണ് അവർ ക്രൂരമായി പെരുമാറുന്നതു്. വാസ്തവത്തിൽ ദാമ്പത്യസുഖം പരിപൂർണ്ണമായി അനുഭവിക്കുന്ന മാതാപിതാക്കന്മാരാണ് ചെറിയ കുട്ടികളെ ഭരിക്കാനും, പഠിപ്പിക്കാനും പററിയ ഗുരുക്കന്മാർ.

പുത്രന്മാർ പിതാക്കളെ സ്നേഹിക്കേണ്ട ക്രമത്തെപ്പററി വ്യക്തമായ ഒരറിവു നമുക്കുണ്ടാകണം. പിതാക്കൾക്കു കുട്ടികളോടു ശരിയായ സ്നേഹമുണ്ടെങ്കിൽ അവർ ആശിക്കുന്ന സ്നേഹം കുട്ടികൾക്കും ഉണ്ടാകും. പിതാക്കൾ വരുമ്പോൾ കുട്ടികൾ സന്തോഷിക്കും. പോകുമ്പോൾ വ്യസനിക്കും. കുട്ടികൾക്കു വേറെ ബദ്ധപ്പാടുണ്ടെങ്കിൽ ഇതുണ്ടാകയില്ലെന്നുംവരാം. പിതാക്കളിൽനിന്നും ശാരീരികമായോ, മാനസികമായോ ഉള്ള ദുഃഖത്തിൽ സഹായം കാംക്ഷിക്കും. ഇവരുടെ രക്ഷയുണ്ടെന്നുള്ള വിശ്വാസത്തിന്മേൽ അവർ പലതും കടന്നു പ്രവർത്തിക്കും. ഇതു മനഃപൂർവ്വമല്ലായിരിക്കും ചെയ്യുന്നതു്. ആപത്തുവന്നാൽ മാത്രമേ ഇതു പ്രത്യക്ഷമായി കരുതുകയുള്ളു. സംശയം തീർക്കാനും പ്രയാസം നീക്കാനും വേണ്ട സഹായം ചെയ്യാനും പുത്രർ പിതാക്കളിൽനിന്നും ആശിക്കും. പിതാക്കൾ ചെയ്യുന്ന പലതും അവർ അറിഞ്ഞു എന്നു വരികയില്ല. അവർ പിതാക്കളെ ഇഷ്ടപ്പെടുന്നതു് ഉണ്ണാനും ഉടുക്കാനും വേണ്ടതു നൽകുന്നതുകൊണ്ടല്ലാ, ക്രീഡ കളിക്കുന്നതുകൊണ്ടും, ആതനപ്രവൃത്തികൾ ചെയ്യാൻ കാണിച്ചുകൊടുക്കുന്നതുകൊണ്ടും, ലോകത്തിൽ നടക്കുന്ന അനുഭവങ്ങളെ പറഞ്ഞുകൊടുക്കുന്നതുകൊണ്ടുമാണ്. ക്രമേണ പിതാക്കൾ തങ്ങളെ സ്നേഹിക്കുന്നുണ്ടെന്ന് അവർക്കു മനസ്സിലാകും. ഇതു സ്വാഭാവികമായി കരുതണം. അവർക്കു പിതാക്കളോടുള്ള സ്നേഹം കൂട്ടരോടു തോന്നുന്ന ഇനമേ അല്ല. പിതാക്കൾ കുട്ടികളെ കരുതി പ്രവർത്തിക്കണം. കുട്ടികൾ തങ്ങളെത്തന്നെയും ലോകത്തെയുംകരുതി പ്രവർത്തിക്കണം. കുട്ടികളുടെ ധർമ്മം ബുദ്ധിമാന്മാരും മഹാന്മാരുമായി വളരുകയാണ്. ഇതുകൊണ്ടു പിതാക്കൾ തൃപ്തിപ്പെടണം

ഇപ്പറഞ്ഞതിൽനിന്നും കുടുംബത്തിൽ കാണേണ്ടതു പരസ്പരസ്നേഹം

കുറയ്ക്കണമെന്നല്ല സാധിക്കുന്നതു്. സ്നേഹം പലതരത്തിലാണു്. അവയെല്ലാം സ്നേഹമെന്നു പറയുന്നു എന്നുവെച്ചു് അവ തമ്മിലുള്ള വ്യത്യാസം മറന്നു അനാവശ്യമായി ദുഃഖിക്കാൻ ഇടയാകരുതെന്നേയുള്ളൂ. ഭാര്യാഭർത്തൃസ്നേഹം ഒന്നു്; പിതാക്കൾക്കു പുത്രരോടുള്ള സ്നേഹം വേറെ ഒന്നു്; പുത്രന്മാർക്കു പിതാക്കളോടുള്ള സ്നേഹം മറ്റൊന്നു്; ഇവയുടെ പ്രത്യേകത മനസ്സിലാക്കി പെരുമാറിയാൽ ദുഃഖത്തിനു അവകാശമില്ല. ഒരു പുത്രൻ തന്റെ പിതാവിനേക്കാൾ ഭാര്യയെ സ്നേഹിക്കുന്നു. താൻ അവനെ സ്നേഹിക്കുമ്പോലെ അവൻ ഇങ്ങോട്ടു സ്നേഹിക്കുന്നില്ല. എന്നൊക്കെ വിചാരിക്കുന്നതു് വൃഥാ ദുഖിക്കാനാണു്. അതിനു് ഉപശാന്തിയില്ല എന്നുതന്നെവേണം പറവാൻ. ഭാര്യാഭർത്താക്കന്മാർ വേണ്ടുംപോലെ അന്യോന്യം സ്നേഹിച്ചാൽ കുട്ടികൾ സ്നേഹിക്കുന്നില്ല എന്നുള്ള ആവലാതികുറയും. കുട്ടികളെ വേണ്ടതുപോലെ വളർത്തിയാൽ അവരിൽനിന്നും ഉണ്ടാകേണ്ട സ്നേഹം ഉണ്ടാകും. വാൎദ്ധക്യത്തിൽ അവരെ ആശ്രയിക്കേണ്ട ആവശ്യമില്ലാതിരിക്കയും വേണമെങ്കിൽ അവരെ സഹായിക്കത്തക്ക നിലയിൽ ഇരിക്കയും ചെയ്താൽ അവരുടെ ക്രമമായ വളർച്ചകണ്ടു തൃപ്തിപ്പെടാൻ പിതാക്കൾക്കു സാധിക്കും. ഇതിലെങ്ങും അതികലശലായ ത്യാഗത്തിനു ആവശ്യമില്ല. സ്വതേയുള്ള വാസനപോലെ പ്രവർത്തിക്കാൻ എല്ലാവൎക്കും സാധിക്കും. പ്രൊഫസർബർട്രൻറ് റസ്സലിനു് അദ്ദേഹത്തിന്റെ കുട്ടിക്കു രണ്ടുവർഷവും നാലു മാസവും പ്രായമായപ്പോൾ അമേരിക്കയിലേക്കു പോകേണ്ടിവന്നു. മൂന്നുമാസംകഴിഞ്ഞു തിരിയെ വന്നപ്പോൾ അദ്ദേഹത്തെക്കണ്ടു കുട്ടി സന്തോഷിച്ചു ചാടിക്കളിച്ചു. അദ്ദേഹം പടിക്കലെത്തിയപ്പോൾ കുട്ടി ഓടിവന്നു കൈപിടിച്ചു് അകത്തുകൊണ്ടുപോയി. കുട്ടിക്കു് അദ്ദേഹത്തെ കാണിക്കാനുണ്ടായിരുന്നതു് ഒക്കെ കാണിച്ചു. കുട്ടിക്കു് അദ്ദേഹത്തോടു പലതും പറവാനുണ്ടു്. അദ്ദേഹത്തിനു കേൾക്കാനുമുണ്ടു്. അതിനാൽ ആ വിഷയത്തിൽ അപസ്വരമില്ല. അദ്ദേഹത്തിനു പറയാനൊന്നുമില്ല. കുട്ടിക്കു കേൾക്കാനും ഒന്നുമില്ല. അതിലും അപസ്വരമില്ല. എന്നാൽ അദ്ദേഹത്തിന്റെ പിറന്നാൾ വന്നപ്പോൾ കുട്ടിയുടെ അമ്മ പറഞ്ഞു 'ഇന്നു നമുക്കു അച്ഛനെ സന്തോഷിപ്പിക്കണം' കുട്ടിക്കു സന്തോഷം അച്ഛൻ കഥപറഞ്ഞുകേൾക്കുമ്പോഴാണല്ലോ. അതിനാൽ അന്നു കുട്ടിതന്നെ കഥപറയാനൊരുങ്ങി. മൂന്നുനാലു കഥപറഞ്ഞു, ഇന്നു് ഇത്രയേയുള്ളൂ, എന്നു അച്ഛൻപറയാറുള്ളതുപോലെ പറഞ്ഞു ചിരിച്ചു. ഇതിൽനിന്നും കാണേണ്ടതു് ഓരോരുത്തരുടേയും ഹിതംഅറിഞ്ഞു പ്രവർത്തിച്ചാൽ ആൎക്കും ദുഃഖംകൂടാതെ കഴിക്കാം എന്നു മാത്രമാണു്.

ഇനി പൊതുവേയുള്ള സ്നേഹത്തിന്റേയും അനുഭാവത്തിന്റേയും കഥ നോക്കുക. അനുഭാവം അനുകരണത്തിൽനിന്നും ഉണ്ടാകുന്നു. ഒരാൾ കരയുന്നതു് കുട്ടിക്കു രസിക്കാതെ അതും കരഞ്ഞു തുടങ്ങുന്നു. ചിരി

കുമ്പോൾ രസിച്ച് ചിരിക്കയും ചെയ്യുന്നു. ഇതാദ്യമായി ശാരീരാനുഭവത്തിൽനിന്നാണ് ഉണ്ടാകുന്നത്. പ്രാരംഭത്തിൽ മനുഷ്യർക്കും ജന്തുക്കൾക്കും വേദനയുണ്ടെന്നു മാത്രം കുട്ടികളെ അറിയിച്ചാൽ മതി. ഒരു കാര്യം കൂടി വേണം. അവരെ കാൺകെ പ്രായംചെന്നവർ ഒന്നിനേയും വേദനിപ്പിക്കരുത്. അച്ഛൻ പക്ഷിയെ വെടിവെയ്ക്കുകയോ അമ്മ വാലിയക്കാരെ ശകാരിക്കുകയോ ചെയ്താൽ കുട്ടി ഉടനെ അതു കണ്ടുപഠിക്കും.

ലോകത്തിൽ ചീത്തത്വമുണ്ടെന്നു കുട്ടിയെ എപ്പോഴാണ്, എങ്ങിനെയാണ് അറിയിക്കേണ്ടതെന്നു നിശ്ചയിക്കാൻ വളരെ പ്രയാസമാണ്. എന്നാൽ യുദ്ധങ്ങളും കൊലകളും ദാരിദ്ര്യവും അടുക്കാവുന്ന രോഗങ്ങളും നിറഞ്ഞ ഈ ലോകത്തിൽ ഇവ അറിയാതെ വളരുകയും അസാദ്ധ്യം. ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ ഇവയെപ്പററി കുട്ടി അറിയും. ഒഴിക്കാവുന്ന ഉപദ്രവം ഒരിക്കലും ഒന്നിനേയും ഏല്പിക്കരുതെന്ന അറിവും ദൃഢനിശ്ചയവും കുട്ടിക്കുണ്ടാകേണ്ടതാണ്. ഇതുപോലെതന്നെ സ്ത്രീകളുടെ പാതിവ്രത്യം രക്ഷിക്കാനായി വിവാഹംവരെ ദാമ്പത്യസംഗതി ഒന്നുംതന്നെ പെൺകുട്ടികളെ അറിയിക്കരുതെന്നു ജനങ്ങൾ വിശ്വസിച്ചുവന്നു. ഇന്നു നേരെമറിച്ച് ഈ വിഷയത്തെക്കുറിച്ചുള്ള അജ്ഞത അപകടമാണെന്നും, കുട്ടികളെ മനസ്സിലാക്കണമെന്നും വിദ്വാന്മാർ അഭിപ്രായപ്പെടുന്നു.

ചരിത്രം പഠിപ്പിക്കുമ്പോൾ യുദ്ധങ്ങളെപ്പററി പഠിപ്പിക്കരുതെന്നും ലോകത്തിലെ ക്രൂരതയെപ്പററി അറിയാവുന്നിടത്തോളം കാലം കുട്ടികളെ അജ്ഞന്മാരാക്കിത്തന്നെ വച്ചുകൊണ്ടിരിക്കണമെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഇങ്ങനെ അടച്ചുപൂട്ടി രക്ഷിക്കേണ്ട സൽഗുണത്തെ അത്ര മാനിക്കേണ്ടതില്ല. ചരിത്രം പഠിപ്പിക്കയാണെങ്കിൽ പൂർണ്ണമായി പഠിപ്പിക്കണം. പലരും—സത്തുക്കളായ പലരും—തന്നെ യഥാർത്ഥസംഗതി അറിയുമ്പോൾ നീരസം പ്രദർശിപ്പിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥചരിത്രം എന്നതു ലോകത്തിലെ അനിഷ്ടസംഭവങ്ങളെ അറിഞ്ഞിട്ടും ചലിക്കാതെ നില്ക്കുന്നതാണ്. കുട്ടികൾക്കു ലോകത്തിലുള്ള ചീത്തത്വങ്ങളെപ്പററിയുള്ള അറിവ് അവരെ അതിലേക്കു സന്തോഷത്തോടെ ആകർഷിക്കുമെന്നു വിചാരിക്കാൻ ന്യായമില്ല. ചീത്തത്വത്തിനോടു ഒരു വെറുപ്പു കുട്ടികൾക്കു തോന്നിച്ചില്ലെങ്കിൽ കുട്ടി അതിനെ വെറുക്കയില്ല. ആ വെറുപ്പു തോന്നാൻ ചീത്തത്വത്തെ അറിയുകയും വേണം. എങ്കിലും ഈ അറിവ് എങ്ങിനെയാണു കുട്ടിക്കു കൊടുക്കേണ്ടതെന്ന് അത്ര എളുപ്പത്തിൽ തീരുമാനിക്കാൻ പാടില്ല. അധഃകൃതരൊന്നിച്ചു ദാരിദ്ര്യക്കുഴിയിൽ താമസിക്കുന്നവർ കള്ളുകുടി, തങ്ങളിൽതല്ല്, ഭാര്യയെ അടിക്കുക മുതലായവ വേഗം അറിയുന്നുണ്ട്. ഇതിനു പ്രതിവിധിയായ ശക്തികൾ അവരിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഇതുകൊണ്ടു അവർക്കു ഒരു ദോഷവും ഇല്ല. എങ്കിലും

കരുതലുള്ള ഒരു പിതാവും കുട്ടിയെ ഈവക ദോഷങ്ങൾ കളിയാടുന്ന രംഗത്തിലേക്കു വിടാറില്ല. ഇവ കാണുന്നതുകൊണ്ടുള്ള വലിയ ദോഷം ജീവിതം മുഴുവൻ വിവർണ്ണമായിത്തീരുമെന്നുള്ളതാണ്. നിസ്സഹായിയായ ഒരു കുട്ടിക്ക് ഈവക ക്രൂരത കാണുമ്പോൾ കുട്ടികളോടും ക്രൂരത കാണിക്കുക സാധ്യമാണെന്നു തോന്നാതെ തരമില്ല. ചെറുപ്പത്തിൽ വായിക്കുന്ന പുസ്തകത്തിലെ കഥകളും, പറഞ്ഞുകേൾക്കുന്ന ഭയങ്കരകഥകളും ആജീവനാന്തം ഒരാളെ ഭീരുവാക്കിത്തീർക്കുന്നുണ്ട്. ഭയങ്കരസംഭവങ്ങൾ അവയെ എതിർക്കാൻ ഒരു ധൈര്യം വരുന്നതിനുമുമ്പ് കുട്ടികളെ കാണിക്കാതിരിക്കയാണ് ഉത്തമം. നന്മവരുമെന്നുള്ള കരുതലോടുകൂടിയ ഒരു നിർഭയശീലം ഉണ്ടായതിനുശേഷമേ ക്രൂരത കുട്ടി കാണാവൂ. ഈ ശീലം വേഗം ഉണ്ടാവുംതാനും. ഇതുണ്ടാകുന്ന അവസരം കണ്ടറിയാൻ ബുദ്ധിയും നയവും വേണ്ടു. ഇതിന് ഒരു പ്രമാണം പറയാൻ തരമില്ല. എങ്കിലും ഏതാണ്ടൊരു പദ്ധതിയുണ്ടാക്കാം. ആദ്യമായി കെട്ടുകഥകൾ പഠിപ്പിക്കാം. അവ വെറും കെട്ടുകഥകളാണെന്നു കുട്ടി അറിയും. ഇതിൽ രസം തോന്നുന്നതു് ഒരുവക അപരിഷ്കൃതവാസന മൂലമാണ്. ക്രൂരതയെപ്പററി കുട്ടിയെ അറിയിക്കാൻ തുടങ്ങുമ്പോൾ അനുഭവിക്കുന്നവന്റെ വികാരമല്ലാതെ അനുഭവിപ്പിക്കുന്നവനെപ്പററി കുട്ടിയെ അറിയിക്കേണ്ടു. ഈ തരം സംഭവങ്ങൾ എടുത്തറിയിച്ചാൽ മതി. പുരാണകഥകളിലും കെട്ടുകഥകളിലും ഈവക ധാരാളമുണ്ടാകും.

ചരിത്രം യുദ്ധവിവരങ്ങളോടുകൂടി പഠിപ്പിക്കാം. പക്ഷേ, തോററ കക്ഷിയോട് അനുഭാവം തോന്നിക്കത്തക്കവണ്ണമേ പഠിപ്പിക്കാവൂ. യുദ്ധത്തിൽ ഏർപ്പെടുന്നവർ ഇരുകൂട്ടരും ഒരുതരം നിസ്സാരന്മാരാണെന്ന് ഒരു ബോധം കുട്ടിയിൽ ഉണ്ടാക്കാൻ നോക്കുക. ഒരു പക്ഷവും പിടിക്കാൻ കുട്ടിക്കു തോന്നിക്കരുതു്. കുട്ടികൾ തങ്ങളിൽ ഉള്ള മത്സരങ്ങളോടുപമിച്ചു പഠിപ്പിച്ചാൽ യുദ്ധങ്ങളുടെ ദോഷം അനുഭവിപ്പിക്കാതെ കഴിക്കാം.

വാസ്തവമായ ക്രൂരതയെ കുട്ടി അറിയുമ്പോൾ അതിനെപ്പററി വാദിച്ചു മനസ്സിലാക്കണം. ഇതു ചെയ്തവർ മഠയന്മാരാണെന്നും അറിവില്ലായ്മയാലാണു ചെയ്തതെന്നും അവരേക്കൊണ്ടു സമ്മതിപ്പിക്കാൻതക്കവണ്ണം പഠിപ്പിക്കണം. നാമായി അവരെ ഈവക ക്രൂരതകൾ അറിയിക്കേണ്ടു. അവർ തനിയേ കണ്ടുമുട്ടിയാൽ മേൽവിവരിച്ചപോലെ വാദിച്ച് അവരെ മനസ്സിലാക്കുകയും വേണം. ക്രമേണ ചുററുപാടും നടക്കുന്ന ക്രൂരതകളെ അവരെ അറിയിക്കണം. ഈവക ചെയ്യുന്നവരോടു കോപം തോന്നിക്കുന്നതോടുകൂടി അവരുടെ അറിവില്ലായ്മയാലാണ് അതു ചെയ്തതു് എന്നുവച്ച് ഒരു ദയനീയത അവരിൽ തോന്നിക്കണം.

വിശാലമായ അനുഭാവം ബുദ്ധിശക്തിയുണ്ടായതിനു ശേഷമേ സാധിക്കൂ. സംഭവങ്ങളെപ്പററി യഥാർത്ഥമായ ഒരറിവു സമ്പാദിക്കാറാകയാ

ണു വേണ്ടതു്. ചരിത്രം നടന്നതുപോലെ പറഞ്ഞാൽ മതി. അവയുടെ ഗുണപാഠം ചിന്തിക്കേണ്ട. സംഗതികൾതന്നെ കുട്ടികളിൽ അവയുടെ ഗുണപാഠം ജനിപ്പിക്കട്ടെ.

ലോകത്തിൽ എവിടെയെങ്കിലും സങ്കടമുണ്ടെന്നു കേട്ടാൽ, വ്യസനിക്കയും, അതനുഭവിക്കുന്നവരെ സഹായിക്കയും അതിനു ദ്രവ്യം ശേഖരിക്കാൻ വേണ്ട ത്യാഗം ക്രമത്തിൽ ഉണ്ടായിരിക്കയും വേണം. ഈ അനുഭാവം വികസിച്ചു പരമകാഷ്ഠയെ പ്രാപിച്ചവരാണു് മഹമ്മദ്, ക്രിസ്തു, ബുദ്ധൻ മുതലായ മതപ്രചാരകന്മാർ. "സർവ്വേ ജനാഃ സുഖിനോ ഭവന്തു" എന്നും ബുദ്ധൻ ഒരു കൈ കടത്തി സർവ്വജീവികളും സുഖിക്കട്ടെ എന്നും പഠിപ്പിച്ചു.

വിദ്യാഭ്യാസംകൊണ്ടു, കുട്ടികളുടെ ഹൃദയത്തിൽ ഭേദാദികളാൽ ബദ്ധമായ സ്നേഹത്തിനു മോചനം നൽകാനും, അനുഭാവത്തിനു വികാസം നൽകാനും സാദ്ധ്യമാണെന്നും, വിദ്യാഭ്യാസപ്രവർത്തകന്മാർ ഇതിനു ശ്രമിക്കണമെന്നും ഒരുവിധം തെളിയിച്ചു എന്നു വിചാരിക്കട്ടെ.

---

# അദ്ധ്യാപനപദ്ധതി

(എം. ജെ. അബ്രഹാം)

## കഥാകഥനംകൊണ്ടുള്ള പ്രയോജനങ്ങൾ

1. കുട്ടികളുടെ ജിജ്ഞാസക്കനുകൂലമായിരിക്കയും അതിനെ വളർത്തുകയും ചെയ്യുന്നു.
2. കുട്ടികളെ രസിപ്പിച്ചു ശ്രദ്ധാലുക്കളാക്കിത്തീർക്കുന്നു.
3. ഉപയോഗപ്രദമായ അറിവു വർദ്ധിക്കുന്നു.
4. അദ്ധ്യാപകനോടും വിദ്യാലയത്തോടും കുട്ടികൾക്കു് ഒരാകർഷണം ജനിക്കുന്നു.
5. സന്മാർഗ്ഗാദർശങ്ങൾ ഹൃദിസ്ഥമാകുന്നു.
6. ഹൃദയലാഘവം സിദ്ധിക്കുന്നു.
7. സൽസ്വഭാവസംവർദ്ധനവിനു സഹായമായിത്തീരുന്നു.
8. രചനാസാമർത്ഥ്യം വർദ്ധിക്കുന്നു. ഇവയത്രേ.

കുട്ടികൾക്കു പരിചയമുള്ള ജന്തുക്കൾ, വൃക്ഷങ്ങൾ, ചെടികൾ, സാധനങ്ങൾ, ഇവയെ സംബന്ധിച്ചുള്ള വിവരണങ്ങളും ചോദ്യങ്ങൾമൂലം ഓരോ വാക്യങ്ങളായി പറയിച്ചു മേൽ വിവരിച്ചപ്രകാരം തെററുതിരുത്തി ശുദ്ധീകരിപ്പിക്കുക. രചനാപാഠത്തിൽ ഭാഷാശുദ്ധിയാണു് ശ്രദ്ധേയമായിട്ടുള്ളതു്. സാധനപാഠത്തിലാകട്ടെ സാധനത്തിന്റെ ലക്ഷണങ്ങളാദിയായ വിവരണങ്ങൾ സംബന്ധിച്ചുള്ള ആശയങ്ങൾക്കാണു് പ്രാധാന്യം കല്പിക്കേണ്ടതു്. ഈ അന്തരം മാത്രമേ രചനാപാ[illegible]ാധനപാഠത്തിനും തമ്മിലുള്ളു.

രണ്ടാംക്ലാസ്സിലെ രചന മിക്കവാറും ഒന്നാംക്ലാസ്സിലേതുപോലെ നടത്തിയാൽ മതിയാകും. കഥാസംഗ്രഹം പറയുന്നതിനും കുട്ടികൾക്കു ശേഷിയുണ്ടാകണം. അദ്ധ്യാപകൻ കഥാകഥനത്തിൽ പ്രാവീണ്യം സമ്പാദിക്കുന്നതു് കുട്ടികളുടെ സാമർത്ഥ്യവർദ്ധനവിന് അത്യന്തം അനുകൂലമായിരിക്കും. അദ്ധ്യാപകൻ അല്പം മോശമായ രീതിയിൽ കഥ പറയുന്നു എങ്കിൽ കുട്ടികൾ അതിലും മോശമായ രീതിയിലേ പറയുകയുള്ളു. സന്ദർഭം മൂലം ശരിയായ അർത്ഥം ബോധിക്കാവുന്നവയുള്ള നവീനപദങ്ങളും പ്രയോഗിക്കാവുന്നതാണ്. ഭാഷാപാഠംമൂലം നവീനമായി പരിചയിക്കുന്ന പദങ്ങൾ ചേർത്തു വാചകം രചിപ്പിക്കണം. വാചകങ്ങൾ മിക്കവാറും പൂർണ്ണികകളായേ ഇരിക്കാവൂ. ആശയങ്ങൾ കുട്ടികളുടെ അന്തഃകരണവൃത്തിക്കു വിഷയമാകുന്നവയായിരിക്കണമെന്നുള്ള വസ്തുത വിസ്മരിച്ചുകൂടാ. ഒരു സംഗതിയെക്കുറിച്ചു പല വിവരങ്ങളുമടങ്ങിയ ഒരു ഖണ്ഡിക രചിക്കുന്നതിനു കുട്ടികൾക്കു പ്രാപ്തി ഉണ്ടാകണം. ഇതിലേക്കു് ഏതെങ്കിലും വസ്തുക്കളോ പടങ്ങളോ കാണിച്ചു നാനാമുഖങ്ങളായ ചോദ്യങ്ങൾമൂലം ഉത്തരം പറയിക്കുക. പറയുന്ന എല്ലാ ഉത്തരവും കൂട്ടിച്ചേർക്കുമ്പോൾ കാണിച്ച വസ്തുവിന്റെ ക്രമപ്പെടുത്തിയ വിവരണം ആയി വരത്തക്കവണ്ണം ചോദ്യങ്ങൾ സൂക്ഷ്മതയോടു ക്രമീകരിച്ചു തയാർ ചെയ്തിരിക്കണം. ഓരോ ചോദ്യത്തിന്റെയും ഉത്തരവും പലരെക്കൊണ്ടും പലവിധം പറയിച്ച് ഏററവും നന്നായിട്ടുള്ളതു് ബോർഡിൽ എഴുതുക. ഇങ്ങനെ ഉത്തരമെല്ലാമെഴുതിക്കഴിഞ്ഞു വായിച്ചുനോക്കുമ്പോൾ വാചകങ്ങൾക്കു പരസ്പരബന്ധം ഇല്ലാതിരുന്നേക്കാം. ഓരോ വാചകവും ഓരോ പ്രത്യേകചോദ്യത്തിന്റെ ഉത്തരമായിരിക്കയാലും രചയിതാക്കൾ ഓരോരുത്തരായിരിക്കയാലും ഇങ്ങനെ വരാവുന്നതാണ്. കാരണം വെളിവാക്കി കുട്ടികളുടെ സഹകരണത്തോടുകൂടി ആവശ്യമുള്ള ഭേദഗതികൾ ചെയ്തു ഖണ്ഡികയിലെ വാചകങ്ങൾക്കു യോജിപ്പു വരുത്തണം. അനന്തരം ഏതാനുംപേരെക്കൊണ്ടു വായിപ്പിക്കുക. ഒടുവിൽ പലരെക്കൊണ്ടും പറയിക്കുകയോ അഥവാ എല്ലാവരെക്കൊണ്ടും എഴുതിക്കുകയോ ചെയ്യേണ്ടതാണ്. ഈ രീതിയുടെ പ്രായോഗികമായ പന്ഥാവിന് ഒരു ദൃഷ്ടാന്തം താഴെ ചേർക്കുന്നു. തേങ്ങയെക്കുറിച്ചു് ഒരു ഖണ്ഡിക രചിക്കുന്നതിന് —

| ചോദ്യം | ഉത്തരം. | ബോർഡിൽ എഴുതേണ്ടതു്. |
|---|---|---|
| (തേങ്ങ കാണിച്ചു്) ഇതെന്താണ്? | അതു തേങ്ങയാണ്. | തേങ്ങ. |
| തേങ്ങയുടെ പുറമെയുള്ള ഭാഗത്തിന് എന്തു പ[illegible] | തേങ്ങയുടെ പുറമെയുള്ള ഭാഗത്തിനു തൊണ്ടു് എന്നു പറയുന്നു. | തേങ്ങയുടെ പുറമെയുള്ള ഭാഗത്തിനു തൊണ്ടു് എന്നു പറയുന്നു:— |

| | | |
|---|---|---|
| തൊണ്ടിന്റെ അധികഭാഗവും എന്താണ്? | തൊണ്ടിന്റെ അധികഭാഗവും ചകിരിയാണ്. | തൊണ്ടിന്റെ അധികഭാഗവും ചകിരിയാണ്. |
| ചകിരി എന്തിനുകൊള്ളാം? | ചകിരി കയറുണ്ടാക്കുന്നതിനുകൊള്ളാം. | ചകിരി കയറുണ്ടാക്കുന്നതിനു കൊള്ളാം. |
| തൊണ്ടിന്റെ അകത്ത് എന്തു കാണുന്നു? | തൊണ്ടിന്റെ അകത്തു ചിരട്ട കാണുന്നു. | തൊണ്ടിന്റെ അകത്തു ചിരട്ട കാണുന്നു. |
| ചിരട്ടകൊണ്ടുള്ള ഉപയോഗം പറയുക. | ചിരട്ട തീ കത്തിക്കുന്നതിനുപയോഗിക്കുന്നു. | അതു തീയ് കത്തിക്കുന്നതിനുപയോഗിക്കുന്നു. |
| ചിരട്ടക്കുള്ളിൽ എന്തുണ്ട്? | ചിരട്ടക്കുള്ളിൽ തേങ്ങാപ്പരിപ്പുണ്ട്. | ചിരട്ടക്കുള്ളിൽ തേങ്ങാപ്പരിപ്പുണ്ട്. |
| അതെന്തു നിറത്തിലുള്ളതാണ്? | അതു വെളുത്തതാണ്. | അതു വെളുത്തതാണ്. |
| തേങ്ങാപ്പരിപ്പുകൊണ്ടുള്ള ഉപയോഗങ്ങൾ പറയുക. | തേങ്ങാപ്പരിപ്പു കറികൾക്കുപയോഗിക്കുന്നു. പലഹാരങ്ങൾക്കുപയോഗിക്കാറുണ്ട്. | തേങ്ങാപ്പരിപ്പു കറികൾക്കും പലഹാരങ്ങൾക്കും ഉപയോഗിക്കാം. |
| പരിപ്പിനുള്ളിൽ എന്തുണ്ട്? | പരിപ്പിനുള്ളിൽ വെള്ളമുണ്ട്. | പരിപ്പിനുള്ളിൽ വെള്ളമുണ്ട്. |
| ഈ വെള്ളത്തിന്റെ സ്വാദ് എന്താണ്? | ഈ വെള്ളത്തിനു മധുരം ഉണ്ട്. | ഈ വെള്ളത്തിനു മധുരമുണ്ട്. |

ഇതേരീതിയിൽത്തന്നെ കഥയുടെ പ്രധാനഘട്ടങ്ങൾ കാണിക്കുന്ന ഏതാനും പടം ഉപയോഗിച്ചു സംഭാഷണദ്വാരാ കഥ രൂപീകരിച്ചു രചനാപാഠം നടത്താം. പല സംഗതികൾ അടക്കിക്കൊള്ളുന്ന അനേകം പടങ്ങൾ ഉപയോഗിച്ചു ഓരോന്നിലേയും സംഗതികൾ ചോദ്യംമൂലം പറയിച്ചു കഥ പൂർണ്ണമാക്കുക. പ്രകൃതിപാഠം, ചരിത്രം, ഭൂമിശാസ്ത്രം ഈ വിഷയങ്ങൾമാർഗ്ഗമായി ലഭിച്ച അറിവിനെ ആധാരമാക്കി ഇവിടെയും മേൽക്ലാസ്സുകളിലും രചന നടത്താം.

മൂന്നാംക്ലാസ്സിലാകട്ടെ രചനക്കുപയോഗിക്കുന്ന കഥകൾ കുറെക്കൂടി വിസ്തൃതവും കല്പനാശക്തിയെ പ്രകാശിപ്പിക്കുന്നതുമായിരിക്കണ[...]ഖാമൂലരചന മൂന്നാംക്ലാസ്സിൽ ആവശ്യമാണ്. പ്രകൃതിപാഠങ്ങൾ വ[...]യും മററും വിവരണരീതിക്കുതകുന്നതാണെന്നൊക്കെ അറിഞ്ഞിരിക്കണമെന്നുള്ള[...]ൽകഥയിൽ ആവശ്യംപോലെ അവിടവിടെ വിവരണങ്ങളുൾപ്പെടു[...]പ

രിശീലിപ്പിക്കണം. വർണ്ണനകളും കഥാസന്ദർഭമനുസരിച്ചു കുട്ടികളുടെ പ്രാപ്തിപോലെ പ്രയോഗിപ്പിക്കണം. ഇതു സാധിക്കുന്നതിനുള്ള ആയുധം അദ്ധ്യാപകന്റെ ചോദ്യങ്ങളാണെന്നുള്ള സംഗതി വിസ്മരിച്ചുകൂടാ. കുട്ടികൾക്കു സിദ്ധിച്ചിട്ടുള്ള അറിവിനെ വ്യക്തപ്പെടുത്തുകയും നവീനസംഗതികളെ മുന്നറിവിനോടു ഘടിപ്പിച്ചു വിവിധോപായങ്ങളാൽ ഓർമ്മയിൽ ദൃഢപ്പെടുത്തുകയും ഓർമ്മയിൽ ഉള്ളതിനെ അപഗ്രഥനം ചെയ്തു ആവശ്യമുള്ള ഭാഗങ്ങൾ തിരഞ്ഞെടുക്കുന്നതിനും അവയെ ഉൽഗ്രഥനരീത്യാ സന്ദർഭോചിതമായി ചേർക്കുന്നതിനും പരിശീലിപ്പിക്കയും ചെയ്യേണ്ടതാണ്. കെട്ടിടം, ഗ്രാമം, സവാരി, ഏതെങ്കിലും സംഭവം, ഇവയിൽ ഒന്നിനെ ആധാരമാക്കി ലഘുവിവരണം രൂപീകരിപ്പിക്കാം.

---

## സമുദാചാരവിചാരം

(എം. രാജരാജവർമ്മതമ്പുരാൻ എം., എ, ബി. എൽ)

II

സ്വയംപരിഷ്കൃതമാകുന്തോറും ജനങ്ങൾ തമ്മിലുള്ള ആചാരോപചാരങ്ങൾക്കു ലോപം വരുന്നുണ്ടെങ്കിലും, പരസ്പരഭാവന കുറെക്കൂടി സ്വാഭാവികമായിത്തീരുന്നുണ്ടെന്നു നിശ്ചയമാണ്. വെള്ളക്കാരുടെ ഇടയിലാണ് ഈ വ്യത്യാസം സ്പഷ്ടമായി വെളിപ്പെടുന്നതു്. നമ്മുടെ ഇടയിലും ഈയിടെ ആ മാതിരി ഭേദം കാണ്മാനുണ്ടു്. പണ്ടുള്ളവർ കാണിച്ചുവന്ന ഭവ്യഭാവനകൾ ലുപ്തപ്രായങ്ങളായിരിക്കുന്നു. കാരണവരുടെ മുമ്പിൽ പണ്ടു് അനന്തരവർ കൈകെട്ടി ഓച്ഛാനിച്ചു് ഒതുങ്ങി നില്ക്കയല്ലാതെ ചെയ്തുവന്നില്ല. ഇപ്പോഴോ? സമഭാവനയാണു നടപ്പു്. അച്ഛനമ്മമാരോടും ഗുരുക്കന്മാരോടും പ്രഭുക്കന്മാരോടും ഈ ഭാവനാഭേദം പ്രത്യക്ഷമാണ്. ദുരഭിമാനവും തോന്ന്യാസവും മൂലമാണു ഇങ്ങനെ ധിക്കാരം കാണിക്കുന്നതെന്നു വയസ്സന്മാർ ഇതിനെ തെററിദ്ധരിക്കാറുണ്ടു്. എന്നാൽ സത്യമങ്ങനെയല്ല. ഇപ്പോഴത്തെ ചെറുപ്പക്കാർക്കു സ്നേഹത്തിനൊ ബഹുമാനത്തിനൊ കുറവില്ല. പിന്നെ എന്താണു്? സ്വാതന്ത്ര്യവും സമത്വവും അവരിൽ ഉള്ളവായിട്ടാണ്. സമത്വഭാവന അവർക്കു സഹജമാണ്. കീഴിലുള്ളവർ അങ്ങനെ ഭാവിക്കുന്നതിൽ അവർക്കു അന്യഥാ ബോധമില്ല. പുറമെ കാണിക്കുന്ന ആചാരോപചാരങ്ങളിൽ ക്രമേണ ജനങ്ങൾക്കു അനാസ്ഥ ജനിക്കുന്നു. അപ്പോൾ മനുഷ്യർ തങ്ങളിലുള്ള പെരുമാററം സ്വാഭാ[...]ത്വത്തെ പ്രാപിക്കുന്നു. ഉപചാരങ്ങളിൽ നിഷ്ഠ കുറയുന്തോറും മനു[...]ടെ ഇടപാടുകൾക്കു് സാധാരണതയും ജീവനും കൂടി വരുന്നു. ത[...]മ്മിൽ സ്വാധീനബോധം ഏറുമ്പോൾ ഉത്സാഹവും, പരസ്പരസംഭ

ക്ഷത്തിൽ സന്തോഷവും വൎദ്ധിക്കുന്നു. പട്ടാളക്കവാത്തുപോലെ കൃത്രിമത്വം വരാതെയിരുന്നെങ്കിൽ മാത്രമല്ലാതെ പരസ്പരോപചാരങ്ങൾക്കു സ്വതന്ത്രത സിദ്ധിക്കയില്ല. അമ്മയ്ക്കും മക്കൾക്കും തമ്മിലുള്ള സ്വാധീനംപോലെ അപ്പനും മക്കൾക്കും തമ്മിലൊ കാരണവരും അനന്തരവരും തമ്മിലൊ വരാത്തതിന്റെ രഹസ്യം ഇതാണ്. ഇണക്കം സ്വാതന്ത്ര്യത്തിലാണു പ്രതിഷ്ഠിതമായിരിക്കുന്നതു്; ആചാരോപചാരനിഷ്ഠയിലല്ല.

പ്രവിഷ്ടത നിലനില്ക്കുന്ന സമുദായങ്ങളിൽ ഭേദഭാവനകളിൽ ബഹുനിൎബ്ബന്ധമാണ്. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിലുള്ള വ്യത്യാസം നോക്കുക. മുമ്പിൽ പരിചയമില്ലാത്ത രണ്ടു് ഇംഗ്ലീഷുകാർ തമ്മിൽ കണ്ടുമുട്ടിയാൽ അങ്ങോട്ടുമിങ്ങോട്ടും തുറിച്ചു നോക്കുകയല്ലാതെ മിണ്ടിപ്പോകയില്ല. മദ്ധ്യസ്ഥരാരെങ്കിലും തമ്മിൽ പരിചയപ്പെടുത്തിയെങ്കിൽ മാത്രമേ അവർ സംസാരിക്കയുള്ളൂ. വെള്ളക്കാരൻ നാട്ടുകാരെ കണ്ടാലത്തെക്കഥ എല്ലാവൎക്കും അറിയാവുന്നതാണല്ലോ. പരിചയപ്പെട്ടാൽ പോലും സംസാരിക്കുന്നതു ഘനക്കുറവാണെന്നു ഭാവിക്കുന്നവർ ചുരുക്കമല്ല. നേരേ മറിച്ചാണു ഫ്രഞ്ചുകാർ. മുമ്പിൽ കണ്ടിട്ടില്ലാത്തവരായാലും തങ്ങളിൽ തന്നെയൊ അന്യന്മാരായൊ സംസാരിക്കാൻ അവൎക്കു മടിയില്ല. വിശേഷാൽ ആരെയെങ്കിലും കണ്ടാൽ മൂകത്വം അവർ നടിക്കാറില്ല. ബ്രിട്ടീഷുകാർ തന്നെ അമേരിക്കയിൽ കുടികയറിക്കഴിഞ്ഞപ്പോൾ അവൎക്കു ഘനവടിവു കുറഞ്ഞുകാണുന്നുണ്ടു്. നമ്മുടെ ജനങ്ങൾ പുതുതായി ആരെയെങ്കിലും കണ്ടാൽ ആരാണ്, എവിടെ നിന്നാണ്, എന്താണ് എന്നും മററും കുശലം ചോദിക്കാത്തവർ ചുരുങ്ങും. അതു ചോദിക്കാതെ കണ്ടില്ലെന്നു ഭാവിച്ചുനടന്നാൽ വകതിരിവുകേടാണെന്നു പുച്ഛിക്കാറുണ്ടു്. ഇങ്ങനെ വ്യത്യാസം വരാനുള്ള കാരണം സമുദായസ്ഥിതിയുടെ ഭേദമാകുന്നു.

എല്ലാ സമുദായത്തിലും ജാതികൊണ്ടോ, ധനംകൊണ്ടോ, സ്ഥാനംകൊണ്ടോ ജനങ്ങൾ ഭിന്നസ്ഥിതിയിലുള്ളവരായിരിക്കാതെ വരികില്ല. ജാതികൊണ്ടു് അതായതു ഭിന്നവൎഗ്ഗകുലങ്ങളിൽ ജനിച്ചതുകൊണ്ടു് ഉച്ചനീചാവസ്ഥ കല്പിക്കുന്ന ദേശങ്ങളിൽ, അതാതു വൎഗ്ഗത്തിലുള്ളവൎക്കു സമുദായത്തിൽ സ്ഥാനം സ്ഥിരമാണ്. അതിനാൽ ഏവനും സ്വസ്ഥിതി ഇന്നതെന്നു തിട്ടമായിട്ടറിയാം. അതിൽനിന്നു പൊങ്ങാൻ തരമില്ല; കീഴോട്ടു പോകാൻ മടിയുമാണ്. ഈ അവസ്ഥയിൽ പരസ്പരസമ്മേളനത്തിനു അവസരം പക്ഷേ ചുരുങ്ങിയേക്കാമെങ്കിലും, തമ്മിൽ കണ്ടുമുട്ടിയാൽ പരസ്പരസംഭാഷണത്തിനു മടിയുണ്ടാവില്ല. എന്തെന്നാൽ, അപ്രകാരം ചെയ്തതുകൊണ്ടു് ഇരുകൂട്ടൎക്കും യാതൊരു അവസ്ഥക്കുറവും നേരിടാനില്ല. സ്ഥാനംകൊണ്ടു മാത്രം വലിപ്പം വന്നിട്ടുള്ളവൎക്കു് അങ്ങനെ അല്ല. ഉദ്യോഗംകൊണ്ടും അധികാരംകൊണ്ടും സ്വാമിയും എജമാനനുമായി പ്രാഭവം വന്നിരിക്കുന്നവൎക്കു്, ഇതരന്മാരുമായുള്ള പെരുമാററത്തിൽ ഗൌരവം

കൂടുതൽ കാണാം. കൃത്രിമമായ വലിപ്പമാണ് തങ്ങൾക്കുള്ളതെന്ന് അവർക്കു സർവ്വദാ ബോധമുള്ളതുകൊണ്ട് അതിനെ പരിപാലിക്കുന്നതിൽ അതിയായ ശ്രദ്ധയുണ്ട്. എളിയവന്മാരായുള്ള സമ്പർക്കം തങ്ങൾക്കുള്ള ഗൌരവത്തെ ഹനിക്കുമെന്നാണ് അവരുടെ ഭയം. അതുകൊണ്ടല്ലാതെ ഗർവ്വുകൊണ്ടല്ല അവർ മുഖം വീർപ്പിച്ചുകെട്ടുന്നത്. ജനനാൽപ്രഭുത്വമുള്ളവന് അതു കൈയ്യിൽനിന്നു തെററിപ്പോകുമെന്നു ഭയമില്ല. ഗൌരവാരോപണം നിമിത്തം വലിയവനായവന് എന്നും എവിടെയും ആ ശങ്ക തീരുകയുമില്ല.

ധനംകൊണ്ടു സാമുദായികസ്ഥിതിയിൽ ഉയർച്ച നേടിയവരുടെ അവസ്ഥയും ഏതാണ്ട് അപ്രകാരംതന്നെയാണ്. കോടീശ്വരന്മാരുടെ പ്രഭുത്വത്തിനും ജന്മനാ സിദ്ധിച്ചിട്ടുള്ള ആഢ്യത്വത്തിനും തമ്മിൽ അല്പമായ ഭേദം മാത്രമേയുള്ളു എന്നു ചിലപ്പോൾ തോന്നിയേക്കാം. എങ്കിലും ഇന്നു ഇരപ്പാളിയായുള്ളവൻ നാളെ കുബേരനായിത്തീരുന്നുണ്ടെന്ന് അനേകദൃഷ്ടാന്തങ്ങൾ കാണുന്നുണ്ട്. മുതലാളികളുടെ പക്കൽ ശേഖരിച്ചിരിക്കുന്ന ധനം ക്രമേണ തൊഴിലാളികളിൽ പകരുന്നുണ്ടെന്ന് ഇന്നത്തെ വ്യവസായചരിത്രം നമ്മെ പഠിപ്പിക്കുന്നു. ധനവാൻ എത്രതന്നെ സ്വത്തു സൂക്ഷിച്ചാലും, അതു അവിടെ നിലനില്ക്കയില്ല. മുതൽ കുറഞ്ഞുവരുന്നതു ആരും അറിയരുതെന്നു കരുതി പുറമെ കേമത്തം നടിച്ച് ആഡംബരങ്ങളെ കുറയ്ക്കുകയില്ല. അതിനതിനു മുതൽ കുറഞ്ഞുവരും. മോട്ടാറും, വിരുന്നുസല്ക്കാരവും, കിന്നരിത്തൊപ്പിയും പോയി ധനവാൻ കുത്തുപാളയെടുക്കുന്നു. പ്രയത്നം കൂടുന്തോറും ദരിദ്രൻ ധനവാന്റെ പദവിയിൽ ചാടിക്കയറും. ഇന്നലെ പെയ്ത മഴയ്ക്കു കുരുത്ത തകരപോലെ വലിപ്പം നേടിയ പിച്ചക്കാരനെ, പഴയ ഗൃഹസ്ഥന്മാർ അവഹേളിച്ചു ചവുട്ടി താഴ്ത്താൻ നോക്കാതെയിരിക്കയില്ല. മേലുള്ളവരെ മുടിക്കാനും കീഴുള്ളവരെ ചവുട്ടാനും ഒരെ കൂട്ടർ പുറപ്പെടും. ഈ സമരം ഇന്നു എല്ലാ നാടുകളിലും പരന്നിട്ടുണ്ട്. കക്ഷിവഴക്കും, തൊഴിലാളിവഴക്കും, ഉദ്യോഗവഴക്കുമെല്ലാം ഈ സമരത്തിന്റെ പല വേഷങ്ങളാണ്. ധനാഢ്യതകൊണ്ടു പ്രാമാണ്യത സിദ്ധിക്കുന്ന ഇക്കാലത്തു് കീഴ്ജാതികൾ മേൽജാതികളോടൊപ്പം ചമയുന്നതും, മേൽജാതിക്കാർ കീഴോട്ടിറങ്ങി അടിയാരായിത്തീരുന്നതും നമ്മുടെ കണ്ണിൽതന്നെ കാണുന്ന കാഴ്ചയാണ്. ഈ അവസ്ഥയിൽ—അഥവാ അവ്യവസ്ഥയിൽ— സമുദായം സ്ഥിതിചെയ്യുമ്പോഴാണ് ജനങ്ങൾ തമ്മിൽ വല്ലാത്ത ഗൌരവഭാവം ഉദിക്കുന്നതു്. അന്യോന്യം കണ്ടുമുട്ടുമ്പോൾ ഏതു നിലക്കാരാണെന്നു നിർണ്ണയം വരാത്തതുനിമിത്തം "മൌനമേവ വരം പുംസാം" എന്നുള്ള ആപ്തവാക്യത്തെ തമ്മിൽ അനുഷ്ഠിക്കുന്നു. ഇതാണ് ഇംഗ്ലീഷുകാരന്റെ ഗൌരവഭാവരഹസ്യം. സ്വഭാവേന മററുള്ളവരെപ്പോലെ വാചാലനല്ല ഇംഗ്ലീഷുകാരൻ. അതും ഒരു കാര

ണമാണ്. എങ്കിലും സ്ഥാനമാഹാത്മ്യത്തെ, അതായതു സ്വാഭിമാനത്തെ നിലനിറുത്തണമെന്നുള്ള ആശയമാണു കൂടുതൽ. പ്രഭവിഷ്ണുതയ്ക്ക് ഇംഗ്ലണ്ടിൽ ഇന്നും ഉടവു തട്ടീട്ടില്ല. അങ്ങനെയിരിക്കുന്നിടത്തോളം മററുള്ളവരെ ഒപ്പം ഭാവിക്കുക എന്നുള്ളതു വരാൻപ്രയാസവുമാണ്.

നേരേമറിച്ച്, സ്വയംഭരിഷ്ണുതയ്ക്കു വിളനിലങ്ങളായ ഫ്രാൻസിലും അമേരിക്കയിലും നോക്കുക. ആ ധ്വരമാർക്ക് ഇംഗ്ലീഷുകാരോടൊപ്പം ഗൌരവമില്ല. എല്ലാവരോടും അവർ ഇണങ്ങും; വർത്തമാനം പറയും; ദുരഭിമാനഭാവം കാണിക്കയില്ല. സമബുദ്ധി ഉദിക്കുമ്പോൾ സ്ഥാനചിന്ത അസ്തമിക്കും. മനുഷ്യർ എല്ലാവരും ഒരുപോലെയാണെന്നുള്ള വിചാരം സാധാരണമായിത്തീരും. അഹംഭാവവും ഡാംഭികത്വവും നിലയ്ക്കും. പാശ്ചാത്യരീതികളിലും ആചാരങ്ങളിലും ഭ്രമിച്ചുനടക്കുന്ന കൂട്ടർ ഈ സംഗതി പ്രത്യേകം ധരിച്ചിരിക്കേണ്ടതാണ്. അന്യരെ കണ്ടാൽ പുറംതിരിഞ്ഞു മിണ്ടാതെ മണ്ടുന്നതല്ല, കൂററുകാരല്ലെങ്കിലും കുശലം ചോദിക്കുന്നതാണു പൌരുഷോചിതമായ മര്യാദ. ഇംഗ്ലീഷുധ്വരയെയല്ല, അമേരിക്കരെയും ഫ്രാൻസുകാരെയുമാണ്, ഈ വിഷയത്തിൽ അനുകരിക്കേണ്ടത്.

അന്യരാജ്യത്തിൽവച്ച്, അപരിചിതന്മാരായ സ്വരാജ്യക്കാരെ കണ്ടുകൂടുമ്പോൾ, ഗൌരവഭാവം വെടിഞ്ഞു ചങ്ങാത്തം കൂടുന്നതു പലർക്കും അനുഭവസിദ്ധമാണല്ലോ. ഇതിനു കാരണമെന്താണ് എന്ന് ആലോചിച്ചുനോക്കുക. സ്വരാജ്യസ്നേഹത്തിൽനിന്നുദിച്ച സാഹോദര്യംകൊണ്ടല്ലേ? സ്വദേശത്തുവച്ചു കണ്ടുകൂടുമ്പോൾ പദവിയെയോർത്തു ഗൌരവഭാവം വരുന്നു. ഒരിക്കൽ ഒരു വെള്ളക്കാരനും നാട്ടുകാരനും ഒന്നിച്ചു തീവണ്ടിയിൽ ഒരു മുറിയിൽ സഞ്ചരിക്കയായിരുന്നു. ആ മുറിയിൽ വേറെ ആരുമുണ്ടായിരുന്നില്ല. ആദ്യം അല്പം ശങ്കിച്ചിരുന്നു എങ്കിലും അചിരേണ അവർ സ്വൈരമായി സല്ലപിക്കാൻ തുടങ്ങി. വെള്ളക്കാരൻ ഒരു വലിയ ഉദ്യോഗസ്ഥനായിരുന്നു. വണ്ടിയിലുള്ള ഉഷ്ണം നിമിത്തം അയാൾ മേലുടുപ്പ് അഴിച്ച് ഉള്ളുടുപ്പുമാത്രം ധരിച്ചുകൊണ്ടാണ് ഇരുന്നത്. നാട്ടുകാരനും ഉദ്യോഗസ്ഥനായിരുന്നു. തങ്ങളിലുള്ള സംഭാഷണത്തിനിടയിൽ നാട്ടുകാരൻ വെള്ളക്കാരന്റെ അധികാരസീമയിൽ ഉൾപ്പെട്ട ഒരു സ്ഥലത്തെ ഉദ്യോഗസ്ഥനാണെന്നറിഞ്ഞപ്പോൾ വെള്ളക്കാരന്റെ ഭാവമൊന്നു മാറി. വേഷപ്പകർച്ചയും അതിനോടുകൂടി കഴിഞ്ഞു. മേൽകോട്ടും മററുമിട്ടു കണിശമായി ഗൌരവഭാവത്തിൽ ഇരിപ്പായി. പിന്നീടുണ്ടായ സംഭാഷണം അല്പവും, ഉള്ളതു വളരെ വമ്പോടുകൂടിയതുമായിരുന്നു. അടുത്ത സ്റ്റേഷനിൽവച്ചുതന്നെ ധ്വര മറെറാരു മുറിയിലേക്ക് ഇരിപ്പിടം മാററുകയും ചെയ്തു. ഇക്കഥ ഒരു സ്നേഹിതൻ പറഞ്ഞ അനുഭവമാണ്. സാഹോദര്യം പദവിയെ വെടിഞ്ഞു മനുഷ്യത്വത്തിൽ സംക്രമിക്കുമ്പോൾ പ്രത്യക്ഷീഭവിക്കുന്ന പ്രദർശനമാകുന്ന സാർവ്വജനീനമായ സൌജന്യം എന്നല്ലേ മേൽപറ

ത്തെ സംഭവത്തിൽനിന്നു നാം മനസ്സിലാക്കേണ്ടതു്? സൌജന്യത്തിന്റെ വ്യാപ്തി വർദ്ധിക്കുന്തോറും പ്രഭവിഷ്ണുതയെവിട്ടു സമുദായം സ്വയംഭരിഷ്ണുതയെ പ്രാപിച്ചതായി ഗണിക്കാവുന്നതാണ്.

സ്വസമുദായക്കാരോടും സ്വരാജ്യക്കാരോടും കാണിക്കുന്ന ദാക്ഷിണ്യം അന്യസമുദായക്കാരോടും അന്യരാജ്യക്കാരോടും ഉണ്ടാകാൻതക്ക സമബുദ്ധി സ്വയംഭരിഷ്ണുതയുള്ള പേരുകേട്ട കൂട്ടക്കാർക്കും ചിലപ്പോൾ കാണുന്നില്ല. സ്വന്തത്തിലുള്ളവർ തമ്മിലുള്ള സ്വാതന്ത്ര്യം മററുള്ളവർക്ക് അവർ അനുവദിക്കുന്നില്ല. മററുള്ളവർ സ്വാധീനം കരുതി എന്തെങ്കിലും അറിവില്ലാതെതന്നെ ചെയ്തുപോയാൽ ശുണ്ഠിയും പിണക്കവും സിദ്ധം. അപ്പോൾ അല്പരസം മൂക്കിന്റെ അററത്താണ്. സമത്വബോധത്തിൽ കിടന്നുവളൎന്ന അമേരിക്കർ, മറുനാട്ടിൽ ചെല്ലുമ്പോൾ സ്വരാജ്യത്തിലുള്ള സാധാരണത്വം വിട്ടു ഗൌരവം നടിക്കുന്നു. അവരോടു ഭൃത്യക്കു് അല്പമെങ്കിലും കുറവു കാണിച്ചുപോയെങ്കിൽ കഥ കഴിഞ്ഞു. മനുഷ്യർക്കു് ഇത്ര ഭേദം വരാനെന്തെന്നു് ആലോചിച്ചാൽ മറെറാന്നുമല്ലെന്നു കാണാം; അവനവന്റെ എന്നുള്ള വിചാരമുള്ളതിനോടു് ഇണക്കവും സ്വാതന്ത്ര്യവും ഒന്നു വേറെതന്നെയാണ്. അങ്ങനെ സ്വന്തമായുള്ളവർ ഒന്നും ഭാവിച്ചില്ലെങ്കിലും ദുരർത്ഥത്തിന് അവകാശമില്ല. അവർ ചെയ്യുന്നതെല്ലാം ശരിയും ഇഷ്ടവുമായി തോന്നുന്നതു മനുഷ്യർക്കു സ്വഭാവസിദ്ധമാണ്. അന്യഥായുള്ളവർ ചെയ്യുന്നതിൽ ദുരർത്ഥം കണ്ടുപിടിക്കുന്നതു് അക്കൂട്ടർക്കു സഹജമാണ്. കുററമാണെന്നോ മിസ്സ് മേയോവിന്നു് ഇൻഡ്യാക്കാരുടെ ആചാരങ്ങളിലും നടവടിക്രമങ്ങളിലും പുച്ഛം തോന്നിയതു്. തൻകുട്ടി പൊൻകുട്ടിയെന്നു തോന്നുന്നതു പ്രകൃതിസിദ്ധമാണ്. വിശേഷിച്ചും അന്യനാട്ടിൽ ചെല്ലുമ്പോൾ, അവിടത്തെ മട്ടും മാതിരിയും പരിചയപ്പെടുന്നതുവരെ നമുക്കു തന്നെ സംശയംതീർന്നു പ്രവർത്തിക്കാൻ സാധിക്കയില്ല. അപ്പോൾ സ്വാഭിമാനസംരക്ഷണത്തിനു ഗൌരവം നടിക്കയാണു് ഉത്തമമാർഗ്ഗം. അഥവാ തണ്ടനെന്നു തോന്നിച്ചാലും, അഭിമാനത്തെ വിററുതിന്നാതെ കഴിച്ചുകൂട്ടണമെന്നാവും നമ്മുടെ വിചാരം.

ഇനിയൊരു സൂക്ഷ്മാക്രടി പറയാം. മനുഷ്യർക്കെല്ലാം അകവും പുറവുമുണ്ടു്. പുറമേ കാണുന്നതല്ല ഉള്ളിലുള്ള സത്യം. വെളിയിൽ കേമത്തം ഭാവിക്കുന്നവൻ ഉള്ളിൽ ബഹുസാധാരണനായും, വളരെ എളിമ കാട്ടുന്നവൻ ഉള്ളിൽ വലിയ തണ്ടനായും വരുന്നുണ്ടു്. സാമാന്യേന പറയുന്നതായാൽ, വമ്പൊന്നുമില്ലെന്നു പുറമേ കാണിക്കുന്നവൻ ഊററപ്പറുങ്ങിണിയും, ഉപചാരം ഭാവിക്കുന്നവൻ മഹാശഠനുമാണെന്നു് ഊഹിക്കുന്നതിൽ തെററു് അധികം വരാറില്ല. ഇപ്രകാരമുള്ള ഇരുതലമൂരിത്തം സമുദാചാരങ്ങളെ നിരർത്ഥകങ്ങളാക്കുന്നുണ്ടു്. പാശ്ചാത്യാചാരങ്ങളിൽ പലതും അങ്ങനെ ബാഹ്യമായ ഭാവനമാത്രമായിരിക്കുന്നു. 'നിങ്ങളുടെ എ

ററവും വിനീതദാസൻ' 'മാപ്പു ചോദിച്ചുകൊള്ളുന്നു' 'നന്ദിപറയുന്നു' എന്നും മററും സംഭാഷണങ്ങളിലും എഴുത്തുകുത്തുകളിലും ധാരാളം ഉപയോഗിച്ചുകാണുന്നതു കേവലം നിരൎത്ഥകങ്ങളായി സത്യത്തിൽ വന്നുപോകാറുണ്ടു്.

നല്ലവാക്കും നല്ലവചനവും ഏതവസരത്തിലും കുലീനതയെ കാണിക്കുന്നവതന്നെ. എന്നാൽ ഉള്ളിലൊട്ടുമില്ലാതെ കുലീനത പുറമേ നടിക്കുന്നതു രസാഭാസമായി വരാനാണെളുപ്പം. അവനവൻെറ സ്ഥാനത്തിനും സ്ഥിതിക്കും കവിഞ്ഞും കുറഞ്ഞും നടിക്കുന്നതു് അയുക്തമാണു്. സ്വതസ്സിദ്ധമായ വലിപ്പമുള്ളവൻ തീരെ താണനിലയിൽ പ്രവൎത്തിക്കുന്നതു്, കീഴിലുള്ളവൻ പല്ലക്കിൽ കയറുന്നതിനു തുല്യം ആക്ഷേപകരമാണു്. വലിയവൻ പലപ്പോഴും അന്തസ്സുവിട്ടു നടന്നേക്കാം. എളിയവനൊരിക്കലും അഭിമാനത്തിനു് ഒരു മാററുകുറ്റിയല്ലാതെ കുറഞ്ഞു കാണിച്ചുപോകയില്ല. തരം കിട്ടിയാൽ സൂചി കടത്താവുന്നിടത്തു് അവൻ തൂമ്പാ കടത്തും. അതുകൊണ്ടു പ്രഭവിഷ്ണുതയുള്ള നാട്ടുകളിലേക്കാൾ സ്വയംഭരിഷ്ണുതയുള്ള ദേശങ്ങളിലെ ജനങ്ങൾക്കു് അന്യനാട്ടുകാരുമായുള്ള സഹവാസത്തിൽ ആദ്യം ദുരഭിമാനവും പൊണ്ണക്കാൎയ്യവും കൂടികണ്ടേക്കാം. പിന്നെ ക്രമേണ നാടറിയുന്തോറും സാധാരണത കൂടിവരികയും ചെയ്യും.

---

# പുസ്തകാഭിപ്രായം.

---

### "ഗിരിപ്രഭാഷണം" (പദ്യം.)

ഗ്രന്ഥകൎത്താ, കെ. ടി. ലോനപ്പൻ തോട്ടിൽ, ഹൈസ്കൂൾ, ഞാറയ്ക്കൽ.

വില നാലണ

സാക്ഷാൽ യേശുക്രിസ്തുവിൻെറ പൎവ്വതപ്രസംഗത്തെ അധികരിച്ചു രചിക്കപ്പെട്ട പ്രസ്തുത കവിത, "Sermon on the mount" എന്ന ക്രിസ്തീയസുവിശേഷഭാഗത്തിൻെറ ഗാഥാരീതിയിലുള്ള പരാവൎത്തനമാകുന്നു. മൂലകൃതിയിലെ ആശയത്തെ സാമാന്യം ലളിതഭാഷയിലാണു പരിഭാഷപ്പെടുത്തിയിട്ടുള്ളതു്. അന്യഭാഷകളിൽനിന്നു വിവൎത്തനം ചെയ്യുന്ന കൃതികളിൽ സാമാന്യമായി കാണുന്ന ദോഷം ക്ലിഷ്ടതയാണു്. മിസ്റ്റർ ലോനപ്പൻെറ ഗിരിപ്രഭാഷണത്തിനു് ആ ദോഷമധികമില്ല. അക്ലിഷ്ടമായ രചനാരീതികൊണ്ടും, ക്രിസ്തുമതോപദേശങ്ങളെ പുരസ്കരിച്ചുള്ള സാഹിത്യഗ്രന്ഥങ്ങളുടെ കുറവിനെ പരിഹരിക്കുന്നതിനു പൎയ്യാപ്തമാകുമെന്നുള്ളതുകൊണ്ടും നമ്മുടെ ഭാഷയിൽ അവതരിച്ചിട്ടുള്ള ഈ ചെറുകവിത അഭിനന്ദനാൎഹമാണു്. "കള്ളസത്യം" "സന്നിധെയ മാത്രമേ." മുതലായ പ്രയോഗങ്ങൾ കൈരളിയുടെ അവസ്ഥക്കു് അഭംഗിയാകുന്നെന്നും, "ഞാനറിയാട്ടു.

ന്നതോന്നീടുക" ഇത്യാദി ഉത്തമപുരുഷസർവനാമം ചേൎത്തുള്ള ക്രിസ്തുവിൻെറ ആജ്ഞകൾക്കു ഗൌരവം ചോരുന്നു, "ന്യായാധിപൻ തൻെറ ഹൎമ്മ്യത്തിൽമിന്നുന്ന ശ്രീയേറും സൌവൎണ്ണരൂപത്തിലും." എന്നിത്യാദി പ്രയോഗങ്ങളിൽ ആശയത്തെക്കുറിച്ചു വിപരീതപ്രതീതിയുണ്ടാവാനിടയുണ്ടെന്നും ഉള്ള വസ്തുത പറയാതിരിപ്പാൻ നിവൃത്തികാണുന്നില്ല. യുവകവിയായ മിസ്റ്റർ ലോനപ്പൻ തൻെറ അനന്തരകവിതാപരിശ്രമങ്ങളിൽ ഈ മാതിരി അരോചകങ്ങൾക്കു ഇടംകൊടുക്കാതെ ശ്രദ്ധിക്കുമെന്നു വിശ്വസിക്കയും അദ്ദേഹത്തിൻെറ സാഹിത്യപരിശ്രമത്തിൽ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കയും ചെയ്തുകൊള്ളുന്നു.

"സാരോപദേശം" (പാട്ട്)

കവി: തച്ചപ്പിള്ളി ഗോവിന്ദമേനോൻ ചൊവ്വര

കമലാലയ അച്ചുക്കൂടം, ഒററപ്പാലം. വില 6-പൈ.

ഗാഥ, വഞ്ചിപ്പാട്ട്, പാന, കുറത്തിപ്പാട്ടു തുടങ്ങിയ ഏഴുതരം രീതിയിലുള്ള ചെറുപാട്ടുകളാണിതിൽ അടങ്ങിയിരിക്കുന്നതു്. ജാതിമതഭേദമെന്യേ എവരും ആദരിക്കേണ്ട സന്മാർഗ്ഗതത്വങ്ങളാണിതിലെ പ്രതിപാദ്യവിഷയം. ഈശ്വരഭക്തി, മാതൃഭക്തി, ഐകമത്യം, ഗുരുഭക്തി മുതലായ ഗുണങ്ങൾ ബാല്യത്തിലെ ഉളവാക്കി പോഷിപ്പിക്കുകയാണിതിൻെറ ഉദ്ദേശ്യം. പാട്ടുകൾ രചിച്ചിരിക്കുന്നതു് എല്ലാ മതക്കാൎക്കും രസിക്കത്തക്ക രീതിയിലാണ്. അതിനാൽ പ്രസ്തുത പാട്ട് പാഠശാലകളിൽ സന്മാർഗ്ഗപാഠാഭ്യസനത്തിനു പററിയതാണെന്നു പറയാം.

## കുറിപ്പുകൾ

### മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്കൂടുതൽ

വളരെക്കാലത്തെ ശ്രമത്തിൻേറയും പ്രരോദനത്തിൻേറയും ഫലമായി മൂന്നു കൊല്ലം മുൻപ് ഗവർമ്മെണ്ടിൽനിന്നും ഒരദ്ധ്യാപകശമ്പളക്കമ്മററിയെ നിയമിക്കയുണ്ടായി. ആ കമ്മററി ഏതാണ്ട് ഒരു കൊല്ലത്തിനുശേഷം ഗവർമ്മെണ്ടിലേക്കു ചില നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ടും സമൎപ്പിച്ചു. ഈ റിപ്പോർട്ടു ഗവർമ്മെണ്ടിൻെറ മുമ്പിൽ ഒരു കൊല്ലത്തിലധികം ഇരുന്നു. കഴിഞ്ഞകൊല്ലത്തെ ആയവ്യയപട്ടികയിൽ ഇതിലേക്കു വേണ്ടുന്ന സംഖ്യ ഉൾപ്പെടുത്തുമെന്നു കേട്ടിരുന്നതിനാൽ അദ്ധ്യാപകന്മാർ സാമാന്യത്തിലധികം സമുൽസുകന്മാരായിരുന്നു. എന്നാൽ ആ കൊല്ലത്തെ പട്ടിക വെളിപ്പെട്ടപ്പോൾ അദ്ധ്യാപകന്മാൎക്കൊന്നുമില്ല എന്നു മനസ്സിലായി. പിന്നേയും നിരാശപ്പെട്ടു എങ്കിലും അടുത്തകൊല്ലം (അതായതു് 104-ൽ) ഇതിലേക്കു വേണ്ടിവരുന്ന ധനം പട്ടികയിൽ ചേൎക്കുന്നതാണെന്നു് അധികൃതസ്ഥാനത്തുനിന്നു അറിഞ്ഞതിനാൽ അദ്ധ്യാപകന്മാർ നിരാശയിലേക്കു് തിരിച്ച തരണിയെ ആശയി

ലേക്കുതന്നെ വീണ്ടും തിരിച്ചു. ഏകദേശം സമീപത്തായപ്പോൾ ഇതാ ഇത്തവണത്തെ പട്ടികയിലും അതിനുവേണ്ട തുക ചേർത്തിട്ടില്ലെന്നും അനുകമ്പ കുറവില്ലെന്നും ധനകാര്യദർശിയുടെ പ്രസംഗത്തിൽനിന്നും മനസ്സിലായി. ഇതാ അദ്ധ്യാപകന്മാർ ഇനി തോണിയെ എങ്ങോട്ടാണ് നയിക്കേണ്ടതെന്നു സംശയിച്ച് അരിത്രവും താഴത്തുവച്ചു വിവർണ്ണവദനന്മാരും വിഷണ്ണന്മാരുമായി നില്ക്കുന്നു. എന്നാൽ ധനകാര്യദർശിയുടെ പ്രസംഗത്തിൽ ഈയാണ്ടിൽത്തന്നെ ഒരു ഉപപട്ടിക തയാറാക്കി അതിൽ ഇതുകൂടി കൊള്ളിക്കുമെന്ന് ഒരു അവ്യക്തമായ വാഗ്ദാനംപോലെ ഏതാണ്ടുണ്ടെന്നു കണ്ടിട്ട് ആശയിലേക്കുതന്നെ ഗമിക്കയല്ലയോ വേണ്ടു എന്നു സംശയവും ചിലർക്കുണ്ട്. ഇതേവരേയും ആശയ്ക്കു് ഒരു കൊല്ലത്തെ അവധിയാണു നല്കിവന്നതു്. എന്നാൽ ഇപ്പോൾ ഏതാണ്ട് ആറുമാസത്തെ അവധിയേ ഉള്ളു എന്നു കാണുന്നതു് അല്പം ആശ്വാസജനകംതന്നെയായേക്കാം. ഈ താമസത്തിനു പറയുന്ന കാരണം ഗവർമ്മെണ്ടിന് കമ്മററിയുടെ റിപ്പോർട്ടിനെപ്പററി ആലോചിപ്പാൻ സൌകര്യമുണ്ടായില്ലെന്നാണ്. അധികൃതന്മാരുടെ സൌകര്യത്തെ കാക്കേണ്ടതു് അദ്ധ്യാപകന്മാരുടെ ചുമതലയാണ്. എന്നാൽ പട്ടിണികിടക്കുന്നവരെ രക്ഷിക്കേണ്ടതു് അവരുടേയും ചുമതലയാണല്ലോ. മലയാളംസ്കൂൾ അദ്ധ്യാപകന്മാർ ഇംഗ്ലീഷുസ്കൂൾ അദ്ധ്യാപകന്മാരെപ്പോലെ പുഷ്പാസ്തരണവും മററും ചോദിക്കുന്നില്ല. അവർക്കു വിശപ്പു ശമിപ്പിക്കാനുള്ള വഴിയെങ്കിലും നൽകണമെന്നു മാത്രമേ പ്രാർത്ഥിക്കുന്നുള്ളു. കമ്മിററിക്കാരുടെ നിർദ്ദേശങ്ങൾതന്നെ ലുബ്ധന്മാരുടെ ദാനംപോലെയാണ്. അതിനും കാലം നീട്ടിനീട്ടിക്കൊണ്ടു പോകുന്നതു വളരെ കഷ്ടമാണ്. "ആശാപൂർത്തിയുടെ വിളംബനം ഹൃദയത്തെ വേദനപ്പെടുത്തുന്നു" എന്നു പറഞ്ഞിട്ടുള്ളതു് ഇന്ന് അദ്ധ്യാപകന്മാർക്കു് അനുഭവസിദ്ധമായിട്ടുണ്ട്. മലയാളം സ്കൂളിലാണ് രാജ്യത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും പഠിക്കുന്നതു്. അവർക്കുവേണ്ടി വ്യയം ചെയ്യുന്ന ധനമാണു യഥാർത്ഥത്തിൽ പൌരന്മാരെ സൃഷ്ടിക്കുന്നതിൽ പ്രയോജനപ്പെടുന്നതു്. അതുകൊണ്ട് ഈ വിഷയത്തിലുള്ള ലുബ്ധ് ദോഷഹേതുകമായിട്ടു വരാനേ തരമുള്ളു. അതിനാൽ ഗവർമ്മെണ്ട് ഇനിയെങ്കിലും അവധി നീട്ടിനീട്ടി അദ്ധ്യാപകന്മാരെ നിരാശപ്പെടുത്താതെ ഉള്ളതെങ്കിലും നേരത്തെ നൽകുന്നതിനു ദയവുണ്ടാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഗവർമ്മെണ്ടിലേക്ക് അല്പം ധനവ്യയം ഉണ്ടാകുമെന്നുള്ളതു ശരിയാണ്. എന്നാൽ ഇംഗ്ലണ്ടിലെ വിദ്യാഭ്യാസമന്ത്രിയായിരുന്ന 'ഫിഷർപ്രഭു' പറഞ്ഞിട്ടുള്ളതുപോലെ ഈ വ്യയം ഒരിക്കലും വ്യർത്ഥമാണെന്നു വിചാരിച്ചുകൂടാ. ഇതു പ്രതിഫലപ്രദമായ ധനവിനിയോഗംതന്നെയാണ്. അദ്ധ്യാപകന്മാരോടു ഞങ്ങൾക്കു പറയേണ്ടിവന്നിട്ടുള്ളതു നിങ്ങളുടെ ക്ഷമയെ അല്പംകൂടി വർദ്ധിപ്പിക്കണമെന്നാണ്. "ക്ഷമാബലമശക്താനാം" എന്നുണ്ടല്ലോ. അതു നിങ്ങളെ ഒന്നുകൂടി സുശിക്ഷിതരാക്കിത്തീർക്കുന്നതാണ്. എത്ര ദീർഘമായ ഒരു രാത്രിക്കും ഒരവസാനം ഉണ്ടാകാതിരിപ്പാൻ തരമില്ലല്ലോ.

## വിജ്ഞാപനം

'ഗുരുനാഥൻ' ഇപ്പോൾ എട്ടാമത്തെ വയസ്സിലേക്കു പ്രവേശിക്കാൻ തുടങ്ങുകയാണ്. അതിന്റെ നടത്തിപ്പിൽ ഇതിനിടയ്ക്കു വല്ല ന്യൂനതയും സമയഭേദവും മററും സംഭവിച്ചിട്ടുണ്ടെങ്കിൽ അതു് അതിനു ഒരു സ്വന്തമായ മുദ്രണയന്ത്രം ഇല്ലാതിരുന്നതിനാലാണെന്നു സലജ്ജം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ 'എമ്പ്രാന്റെ

വിളക്കുള്ള വാര്യന്റെ അത്താഴം' എന്ന മട്ടിലാണ് നടക്കുന്നത്. എന്നാൽ ഇതേവരെ ഒരു മുദ്രണയന്ത്രം സമ്പാദിക്കാതിരുന്നതു ഗുരുനാഥന്റെ ശോച്യമായ ധനസ്ഥിതികൊണ്ടാണെന്നും താല്പര്യക്കുറവുകൊണ്ടല്ലെന്നും അറിയുമ്പോൾ സ്നേഹിതന്മാർ ഞങ്ങളെ കുറ്റപ്പെടുത്തുകയില്ലെന്ന് വിശ്വസിക്കുന്നു. ഇനി ഏതായാലും ഈ ന്യൂനതയെ പരിഹരിക്കുന്നതിനു താമസിക്കുന്നതു യുക്തമല്ലെന്നു വിചാരിച്ചു ഇതിലേക്കായി ചില ശ്രമങ്ങളൊക്കെയും ചെയ്യണമെന്നുദ്ദേശിക്കുന്നു. ഇതിലേക്ക ഒരു ധനശേഖരം ചെയ്യണമെന്നാണു ഞങ്ങളുടെ ഗുണകാംക്ഷികളായ പല മാന്യന്മാരുടേയും അഭിപ്രായം. ഇതു ഇക്കാലത്ത് എത്രമാത്രം സാധിക്കുമെന്നു വലിയ സംശയവും ഇല്ലാതില്ല. എന്നാൽ "സംശയാത്മാവിനശ്യതി" എന്ന മഹദ്വാക്യത്തെ ആദരിച്ച് ഇനി പ്രയത്നം ചെയ്യണമെന്നാണു തീരുമാനിച്ചിട്ടുള്ളത്. "ജലബിന്ദുനിപാതേന ക്രമശഃ പൂര്യതേ ഘടഃ" എന്ന ആപ്തവാക്യം അനുസരിച്ച് അദ്ധ്യാപകലോകവും അവരിൽ അനുകമ്പയുള്ള പൌരലോകവും ഈ വിഷയത്തിൽ ശ്രദ്ധാശക്തി സഹായിക്കുന്നതായാൽ ഞങ്ങളുടെ ഈ ഉദ്യമം സഫലമായി ഭവിക്കുമെന്നാണ് ഞങ്ങളുടെ പൂർണ്ണവിശ്വാസം. അദ്ധ്യാപകലോകത്തിനു ഒരു മാസികയും ത്രൈമാസികയ്ക്കു് ഒരു മുദ്രാലയവും ഉണ്ടായിരിക്കുന്നതുതന്നെ അവൎക്ക് "ഒരു ശക്തിയാണല്ലോ. സ്ഥാപനങ്ങൾ മൂലമാണ് ഇന്നു വ്യക്തികളും സമുദായങ്ങളും ലോകത്തിൽ ശക്തി വഹിക്കുന്നത്. അദ്ധ്യാപകന്മാരുടെ ധനസ്ഥിതി ഞങ്ങൾക്കു നല്ലപോലെ അറിയാം. കൂടുതൽ ശമ്പളം ലഭിക്കുമെന്ന് അവരിൽ ജനിച്ചിരുന്ന ആശയുടെ പൂർത്തിയും അധികൃതന്മാരുടെ അനുകമ്പക്കുറവുനിമിത്തം "കക്കടസ്തനോത്ഭവം" പോലെ നീണ്ടുനീണ്ടാണു പോകുന്നത്. എന്നിരുന്നാലും അല്പം സ്വച്ഛാവഞ്ചനം ചെയ്തിട്ടെങ്കിലും ത്യാഗശീലന്മാരായ ഗുരുനാഥന്മാർ ഞങ്ങളെ സഹായിക്കുമെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടിയാണു ഞങ്ങൾ ഈ ഉദ്യമം ആരംഭിക്കുന്നത്. എന്നാൽ ഇവരേക്കാൾ അധികം ഉദാരശീലന്മാരും അദ്ധ്യാപകന്മാരുടെ ഗുണകാംക്ഷികളുമായ പൌരലോകത്തെയാണു ഞങ്ങൾ ഞങ്ങളുടെ ഈ ശ്രമത്തിന്റെ പൂർണ്ണസാഫല്യത്തിന് ആശ്രയിക്കുന്നത്. അതുകൊണ്ട് അദ്ധ്യാപകന്മാരും പൌരലോകവും ധനാഢ്യന്മാരും ഞങ്ങളെ അവരുടെ ധനസഹായസഹകരണങ്ങൾകൊണ്ടു സിദ്ധാർത്ഥന്മാരാക്കിത്തീർക്കണമെന്നു സർവ്വാത്മനാ പ്രാർത്ഥിക്കുന്നു. ആണ്ടുപുറന്നാളുടനെ ഇതിലേക്കു വേണ്ട പ്രാരംഭനടപടികൾ ആരംഭിക്കുന്നതാണ്. അവിഘ്നമസ്തു.

(ശ്രീമാൻ, പി. ആർ. നീലകണ്ഠൻനായർ അവർകൾ ഇതിനുവേണ്ടി ഉദ്യമിക്കുന്നതാണ്. ഗു. പ)

## കേരളസാഹിത്യപരിഷത്ത്

കേരളസാഹിത്യപരിഷത്തിലെ നിർവ്വാഹകസംഘത്തിൽനിന്നും പ്രസിദ്ധപ്പെടുത്തിയ ഒന്നാംലഘുപത്രിക മിഥുനംലക്കം ഗുരുനാഥനിൽ ഞങ്ങൾ ചേർത്തിരുന്നുവല്ലോ. ആ ലഘുലേഖനത്തിൽ കൊള്ളിച്ചിട്ടുള്ള നിയമാവലി, എത്രയും യുക്തിയുക്തവും കാര്യക്ഷമവും ആയിരിക്കുന്നുഎന്ന് സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളുന്നു. ഈ നിയമാവലി ഇത്രയും ഭംഗിയായും പ്രയോഗികരീതിയിലും നിർമ്മിച്ചതിന് ഞങ്ങൾ നിർവ്വാഹകസംഘക്കാരെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ചെയ്യുന്നു. എ

ന്നാൽ കഴിഞ്ഞലക്കങ്ങളിൽ ഏതദ്വിഷയസംബന്ധമായി ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകൾ സുവിസ്തരമായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു കൂടുതലായി അധികം ഒന്നും ഇവിടെ പ്രതിപാദിക്കേണമെന്നു വിചാരിക്കുന്നില്ല. ഇനി ഈ നിയമാവലിയെ പ്രയോഗത്തിൽ വരുത്തുകയാണ് കേരളീയസാഹിത്യത്തെ സ്നേഹിക്കുന്ന ഏവരുടേയും കടമ.

നിർവ്വാഹകസംഘക്കാർ ആരംഭത്തിൽ അംഗങ്ങളെ ചേർക്കുന്നതിലും മററും ജനങ്ങളുടെ ഇടയിൽ കുറേക്കൂടി പ്രേരകശക്തി നൾകേണ്ടതാണ്. ഇതരകരണബദ്ധന്മാരും, ഉദ്ധരണവ്യഗ്രന്മാരും ആയവരെ സാഹിത്യപോഷണത്തിന് അല്പമൊന്ന് ഉത്തേജിപ്പിച്ചേ കഴിയൂ എന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ സാധാരണ സദസ്യരുടെ വരിപ്പണം അല്പവുംകൂടി കുറയ്ക്കാമായിരുന്നു എന്ന് ഈ ഘട്ടത്തിൽ തോന്നിയേക്കാം. പരിഷത്തുവകയായുള്ള പ്രസിദ്ധീകരണങ്ങളിൽ ചിലതു വില കൂടാതേയും, ചിലതു വില കുറച്ചും ലഭിക്കും എന്നൊരു സമാധാനവും അതിനു പറയാനുണ്ട്. അതുപോലെതന്നെ, വിശിഷ്ടസദസ്യരുടെ എണ്ണത്തെക്കുറിച്ചും അഭിപ്രായവ്യത്യാസത്തിനു വകയുണ്ട്. അങ്ങിനെയൊരു പ്രത്യേകത വേണമൊ എന്നാണ് ഞങ്ങൾക്കു സംശയം.

ഇനി ഉടനെതന്നെ, സാഹിത്യകാരന്മാരും, സാഹിത്യരസികന്മാരും, കേരളത്തിലെ പ്രഭുക്കന്മാരും രാജാക്കന്മാരും മററും ഇതിലെ സാമാജികന്മാരായിതീർന്ന് "വ്യാളഗളസ്ഥമായ ഭേകത്തിനെപ്പോലെ" ശോകത്തിലാണ്ടിരിക്കുന്ന കേരളീയസാഹിത്യത്തെ യഥാശക്തിപോഷിപ്പിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പരിഷത്തിന്റെ പ്രവൎത്തനങ്ങളെക്കുറിച്ചു ഞങ്ങൾ അപ്പഴപ്പോൾ ഗുരുനാഥനിൽ പ്രതിപാദിക്കുന്നതുമാണ്.

ഈയിടെയായി പല പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിവരുന്ന 2-ാം ലഘുപത്രികയും ഞങ്ങൾ വായിക്കുകയുണ്ടായി. നിർവ്വാഹകസംഘാദ്ധ്യക്ഷൻ, മഹാമഹിമശ്രീ രാമവൎമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ആ ലഘുപത്രികയിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു:—

“ഇന്നേവരെ (1103 കൎക്കിടകം 31-ാംനു) ക്രമപ്രകാരമുള്ള അവകാശം അടച്ചു സാധാരണ സദസ്യരായി ചേൎന്നിട്ടുള്ളവരുടെ എണ്ണം മൂന്ന്; അവരിൽനിന്നു അവകാശം വക പിരിവ് 1ക 8ണയും, വരിപ്പണം വക 11കയുംകൂടി വക രണ്ടിൽ 12ക 8ണ വരവുണ്ട്. ഇതിൽ ലഘുപത്രിക അച്ചടിക്കൂലി 2ക 2ണ 3പൈയും, സാദിൽവാരം തപാൽക്കൂലി ഉൾപ്പെടെ 1ക 7ണ 8പൈയും കൂടി 3ക 9ണ 11പൈ ചിലവുള്ളതു് നീക്കി ബാക്കി 8ക 14ണ 1പൈ കൈയിരിപ്പുണ്ട്.

“ഈ സംഖ്യകൊണ്ടു പരിഷത്തിന്റെ ഉദ്ദേശങ്ങളിൽ ഒന്നുംതന്നെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ സാധിക്കുന്നതായി തോന്നിയില്ല. അതുകൊണ്ട് പരിഷത്തിന്റെ ഉദ്ദേശസാദ്ധ്യത്തിന്നായി യാതൊരു നടപടികളും നടത്തിത്തുടങ്ങിയിട്ടുംഇല്ല.

“സാഹിത്യലോകത്തിന്റെ മനസ്സോടുകൂടിയുള്ള ആനുകൂല്യം രേഖാമൂലമോ മറെറാ അറിഞ്ഞതിന്റെ ശേഷമാവാം അപേക്ഷാപത്രങ്ങൾ അച്ചടിപ്പിക്കുന്ന കൂലി

കൂടി ചിലവഴിക്കുവാൻ എന്ന് ഉദ്ദേശിച്ചിരിക്കയാണ്. സദസ്യസ്ഥാനത്തിനു അപൂർവ്വമായി ഉണ്ടാകാവുന്ന അപേക്ഷക്കാരുടെ എഴുത്തുകളെ അടിസ്ഥാനപ്പെടുത്തി അവരെ സദസ്യരായി സ്വീകരിച്ചു തൽക്കാലം വേണ്ടുന്ന നടപടികൾ നടത്തുന്നതാണ്.

"മുൻ ലഘുപത്രികയിൽ "പരിപിരിഞ്ഞു ജീവനും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്'' എന്നു പറഞ്ഞിരുന്നുവല്ലോ. ജീവനുണ്ടായതായി അനുഭവപ്പെടത്തക്ക 'ലക്ഷണ'ളൊന്നും കണ്ടുതുടങ്ങിയിട്ടില്ല. പരിഷത്തിന്റെ ആത്മാവു പ്രവൃത്തിയാണെന്നു് അറിയുന്നവർക്കു ജീവാപായമില്ലാതെ ആത്മാവിനു വ്യക്തിയുണ്ടാകുവാൻ തരമില്ലെന്നും അറിയാമല്ലോ.''

"പരിഷത്തിലെ അംഗമായി ചേരുവാൻ വിചാരിക്കുന്നവർ താഴെ ചേർത്തിരിക്കുന്ന സ്വരൂപത്തിൽ, കാര്യദർശി, സാഹിത്യപരിഷത് കാര്യാലയം, തൃശ്ശിവപേരൂർ, എന്ന മേൽവിലാസത്തിലെഴുതി അയക്കേണ്ടതാകുന്നു.

"പരിഷത്തിലെ നിയമങ്ങൾക്കനുസരിച്ചു് ഞാൻ ഒരു സദസ്യനായിരിക്കുവാൻ ആഗ്രഹിക്കുന്നതുകൊണ്ടു് എന്നെ അതിൽ ഒരു............ സദസ്യനായി ചേർക്കുവാനപേക്ഷ.''

"സാധാരണസദസ്യൻ അപേക്ഷയോടുകൂടി അടക്കേണ്ടുന്ന അവകാശം 8-ണ ഇതൊന്നിച്ചു അടച്ചിരിക്കുന്നു.''

മുഴുവൻപേര്

തൊഴിൽ

മേൽവിലാസം

തിയ്യതി

അപേക്ഷകന്റെ ഒപ്പു്

---

## യുവജനങ്ങൾക്ക് ഒരു സന്ദേശം

"എപ്പോഴും കല്പനാശക്തിയുള്ളവരായിരിക്കുക. അനുകരണശീലന്മാരായി മാത്രമിരുന്നുകൂടാ.

വിജയമാർഗ്ഗങ്ങൾ എളുപ്പങ്ങളായുള്ള അനുകരണപന്ഥാവുകളല്ല.

ഭാരതത്തെ നവീനമാക്കുന്നതിനുള്ള ആവശ്യങ്ങൾക്കായി റഷ്യയേയൊ ഇറ്റലിയേയൊ ഇംഗ്ലണ്ടിനേയൊ അല്ല നോക്കേണ്ടതു്.

എല്ലാ ദേശങ്ങളുടേയും അനുഭവങ്ങളേയും പഠിക്കുക; ഒന്നിനേയും പിൻതുടരരുതു്.

പകർപ്പുകളായിരിക്കരുതു്; നിങ്ങളായിരിക്കുക.

ഓരോ ദേശവും അതിന്റെ അതീതബുദ്ധിയിലും ആദർശങ്ങളിലുമുള്ള പരിവർത്തനനിയമത്തെ അനുസരിക്കുക.

അനുകരണം സ്വയം മട്ടിക്കുകയാണ്, സ്വാതന്ത്ര്യം സ്വാത്മപരിജ്ഞാനമാണ്.

SEP 19 MADRAS

ഭാരതം അവൾതന്നെയായിരിക്കണം അവളുടെ സ്വന്തം ആത്മാവായിരിക്കണം.

റഷ്യൻസമുദായസമത്വവാദമൊ, ബ്രിട്ടീഷ് വ്യവസായവാദമൊ, പാശ്ചാത്യ ആക്രമണങ്ങളൊ കൊള്ളയൊ അഗാധമായ ഇളക്കത്തിൽകൂടി അവൾ അനുഭവിക്കുന്നതിനെ നശിപ്പിക്കയില്ല.

അവൾക്കു ഒരു ലോകൈകധർമ്മമുണ്ട്.

അതുകൊണ്ടു നിങ്ങളുടെ പ്രവാചകന്മാരുടേയും ഋഷിമാരുടേയും പ്രോക്തങ്ങളെ ശ്രദ്ധിക്കുവാൻ ഞാൻ നിങ്ങളോടു പറയുന്നു.

പുരാതനപ്രജ്ഞയുടേയും ആധുനികശാസ്ത്രത്തിന്റേയും ശക്തിയിൽ ഉടനെ ഇൻഡ്യയെ ഒരു ശക്തിയുള്ള ദേശമായി—സ്വതന്ത്രദേശമായി—തീർക്കുക!"

ടി. എൽ. വാസ്വാനി.

"ദി. സ്റ്റാർ"

---

## സൌഖ്യത്തിലേക്കുള്ള ആറു ഗോപുരങ്ങൾ.

അവയിൽ ആദ്യത്തേതു് ആരോഗ്യമാകുന്നു.

ആദ്യത്തെ ഗോപുരം കടന്നതിന്റെ ശേഷം നാം രണ്ടാമത്തെ ഗോപുരത്തിൽ എത്തുന്നു. അതു് മര്യാദരൂപത്തിൽ കാണപ്പെടുന്നു. സമുദായത്തിൽ ഒരുവൻ മര്യാദയായി പെരുമാറാൻ അറിയുന്നതു് വാസ്തവത്തിൽ ജീവിതത്തിലെ ഒരു ഗുണമാണ്.

നമുക്കു തരണം ചെയ്യുവാനുള്ള മൂന്നാമത്തെ ഗോപുരം നല്ല ഗുണദോഷത്തെ (ഉപദേശത്തെ) കേൾക്കുവാനുള്ള ശീലമാണ്.

പഠനമാണ് വിജയപ്രാപ്തിക്കുള്ള നാലാമത്തെ ഗോപുരം.

വിജയത്തിലേക്കു നയിക്കുന്ന അഞ്ചാമത്തെ ഗോപുരം ന്യായജീവിതമാണ്.

അവിശ്രാന്തപരിശ്രമമാണ് വിജയത്തിലേക്കുള്ള ആറാമത്തെ ഗോപുരം.

"ബ്രിട്ടീഷു ബുദ്ധിസ്റ്റ്."

---

## ബറോഡയിലെ വിദ്യാഭ്യാസാഭിവൃദ്ധി

രാജ്യത്തിലെ നഗരങ്ങളുടേയും ഗ്രാമങ്ങളുടേയും സംഖ്യ കണക്കാക്ക
കിൽ ഓരോ നഗരത്തിനും ഗ്രാമത്തിനും ശരാശരി ഓരോ വിദ്യാലയം
ന്നു് പറയാവുന്നതാണ്. വിദ്യാലയത്തിൽ പോകുന്നതിനു പ്രായമായ
സംഖ്യ ആകെയുള്ള പുരുഷന്മാരുടെ 15 ശതമാനത്തോളമുണ്ട്. അവരി
തമാനം പള്ളിക്കൂടത്തിൽ പോകുന്നുണ്ടു്. കഴിഞ്ഞകൊല്ലം 88.5
രുന്നു. വിദ്യാലയത്തിൽ പോകുവാൻ പ്രായമായ പെൺകുട്ടികളുടെ
യുള്ള സ്ത്രീകളുടെ 12 ശതമാനമാണ്. അവരിൽ 56.6 ശതമാനം
പോകുന്നുണ്ടു്. കഴിഞ്ഞകൊല്ലം അവരുടെ സംഖ്യ 55.1 ശതമാനമ

അയിത്തജാതിക്കാർക്കായി 229 വിദ്യാലയങ്ങളുണ്ടു്. അവയി
പെൺപാഠശാലകളാണ്. ഈ വിദ്യാലയങ്ങളിൽ ആകെ 9520
ണ്ടു് കൂടാതെ അയിത്തജാതിയിൽപെട്ട 4763 കുട്ടികൾ ഉ
യങ്ങളിൽ പഠിക്കുന്നുണ്ടു്. അയിത്തത്തിന്റെ ബലം കുറഞ്ഞുകുറഞ്ഞു
കൃഷ്ണജാതിയിൽപെട്ട ഹിന്ദുക്കൾ അയിത്തജാതിക്കാരുടെ

ധ്യാപകന്മാരായും ഇൻസ്പെക്ടർമാരായും ജോലി ചെയ്യുന്നുണ്ട്. അയിത്തജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക താമസസൌകര്യത്തിനായി നാലു വിദ്യാർത്ഥിമന്ദിരങ്ങൾ പണിയിച്ചിരിക്കുന്നു. അവിടെ 137 കുട്ടികൾ താമസിച്ചു പഠിക്കുന്നുണ്ട്.

നഗരഗ്രന്ഥശാലകളായും പ്രാദേശികഗ്രന്ഥശാലകളായും 45 എണ്ണവും, ഗ്രാമഗ്രന്ഥശാലകളായി 655 എണ്ണവും, വായനശാലകളായി 144 എണ്ണവും ഉണ്ട്. ഗ്രന്ഥശാലാവകുപ്പിൽ പല വിഭാഗങ്ങളുമുണ്ട്. സഞ്ചാരഗ്രന്ഥശാലകൾ, ബാലഗ്രന്ഥശാലകൾ, മഹിളാഗ്രന്ഥശാലകൾ മുതലായവയാണ് അവ. അവിടത്തെ ജോലികളെല്ലാം തൃപ്തികരമാംവണ്ണം നിർവ്വഹിച്ചിട്ടുണ്ട്.

---

## തേയിലയുടെ ഗുണങ്ങൾ

ചൈനയിൽ പൌരാണികകാലംമുതൽക്കുതന്നെ തേയില കുടിച്ചുവരുന്നു. ചൈനക്കാർ തേയില കുടിച്ചിരുന്നതു് അവരുടെ ജലം ചീത്തയായിരുന്നതുകൊണ്ടും ആരോഗ്യം ഹാനികരമായിരുന്നതുകൊണ്ടുമാണ്. ജപ്പാൻകാർ തേയില ഉപയോഗിക്കുവാൻ, വേറെ രണ്ടു കാരണങ്ങൾ ഉണ്ടു്. ഒന്നാമത്തേതു് ഔഷധമായുള്ള ഉപയോഗവും രണ്ടാമത്തേതു് തേയിലയുടെ സ്വാദുമാണ്. കൂടാതെ ജപ്പാനിൽ ബുദ്ധമതസന്യാസികൾ ചില പ്രത്യേക ബുദ്ധമതസിദ്ധാന്തങ്ങൾ പഠിച്ചിരുന്നപ്പോഴും തേയില ഉപയോഗിച്ചിരുന്നു. ഉറങ്ങാതിരിക്കുവാനാണ് അവർ അന്നും അതുപയോഗിച്ചിരുന്നതു്. തേയിലയുടെ ഔഷധഗുണത്തെപ്പററി 'കിച്ചയോദജാ[illegible]' (ആരോഗ്യസംരക്ഷണത്തിനായി തേയില കുടിക്കണമെന്നുള്ള ഒരു പുസ്തകം) എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടു്. ജപ്പാനിലെ തേയിലയെപ്പററി കാലിഫോർണിയയിലെ ഒരു പ്രൊഫസർ പറയുന്നതു് അതിൽ 'വയിററാമിൻസി'നു പുറമെ 'വിയോസ്' എന്ന ഒരു ഗുരുപദാർത്ഥമുണ്ടെന്നാണ്. അതു് 'വയിററാമിൻസി'യേക്കാൾ മുന്നൂറിരട്ടി ഗുരുതരമായിട്ടുള്ളതാണ്. അതു് ശക്തിയേയും ദീർഘായുസ്സിനേയും നല്കുന്നു. ജപ്പാൻകാർ ദിവസേന തേയില ഉപയോഗിക്കുന്നതുകൊണ്ടായിരിക്കാം അവരുടെ ഇടയിൽ ജനനസംഖ്യ കൂടുതലായിക്കാണുന്നതും വാർദ്ധക്യകാലത്തിൽ അവർ ശക്തിയുള്ളവരായിക്കാണുന്നതും. തേയിലക്കു രക്തദൂഷ്യരോഗത്തെ മാററുവാനുള്ള ശ[illegible]യുമുണ്ട്. പാലിനേക്കാൾ ഗുണപ്രദമാണുപോൽ.

"ദി ജപ്പാൻ മാഗസീൻ."

---

## [illegible]യിൽ താമസിക്കുന്ന യൂറോപ്യന്മാരുടെ മാനസികജീവിതം

[illegible]ലയിൽ താമസിക്കുന്ന യൂറോപ്യന്മാർക്കു് മാനസികമായ ചില ന്യൂന[illegible]ക്കുന്നു. അവയിൽ പ്രധാനമായവ നിസ്സാരകാര്യങ്ങളിൽപോലുമു[illegible]യന്ത്രിതമായ കോപം, സാന്മാർഗ്ഗികാധഃപതനം, [illegible] മതവിശ്വാ[illegible] പ്രസക്തി, മുതലായവയാണ്. ഇൻഡ്യയിൽ താമസിക്കുന്ന യൂ[illegible] ഇവ കണ്ടുപിടിക്കുവാൻ ആർക്കും പ്രയാസമില്ല.

"ദി ഓറിയന്റൽ വാച്ച് മാൻ"

[illegible] ഗ്രന്ഥകർത്താവിന്റെ ആളുകെയുള്ള വിഷയവിവരം അടുത്തലക്ക[illegible]യ ക്കുന്നതാണ്.

മാനേജർ.

---